# സീറോമലബാർ വിഷൻ

സീറോമലബാർ മേജർ ആർക്കിഎപ്പിസ്കോപ്പൽ കൂരിയ പ്രസിദ്ധീകരണം

AUGUST 2024 | Vol - 4 • Issue - 8 • 16 Page Tabloid | www.syromalabarvision.com






**ആത്മീയസ്വാതന്ത്ര്യത്തിലേക്ക് നയിച്ച ഒരമ്മ, പരിശുദ്ധ കന്യകാമറിയം.**

**ഭൗതികസ്വാതന്ത്ര്യം ലഭിച്ച അമ്മ, ഭാരതം.**

**പരിശുദ്ധ അമ്മയുടെ സ്വർഗ്ഗാരോപണത്തിന്റെയും ഭാരതത്തിന്റെ സ്വാതന്ത്ര്യദിനത്തിന്റെയും മംഗളങ്ങൾ**

# സീറോമലബാർസഭയും മേജർആർക്കിഎപ്പിസ്ക്കോപ്പൽ അസംബ്ലിയും

**റവ. ഡോ. ജോജി കല്ലിങ്ങൽ**

മാർതോമാശ്ലീഹാ സ്ഥാപിച്ച സീറോമലബാർസഭ ആത്മീയവും ഭൗതികവുമായ വളർച്ചകൊണ്ട് ആഗോളകത്തോലിക്കാ സഭയിൽ തനതായ ഒരു വ്യക്തിത്വം അടയാളപ്പെടുത്തിയിട്ടുണ്ട്. തോമാശ്ലീഹായുടെ രക്തസാക്ഷിത്വത്തിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ട സഭാമക്കൾ ധീരപോരാളികളെപോലെ വിശ്വാസജീവിതത്തിനുവേണ്ടി സഹനങ്ങൾ ഏറ്റെടുത്തതിന്റെ ഫലമായാണ് ഇതുസാധ്യമായത്. ഏ.ഡി 52 മുതൽ ആരംഭിക്കുന്ന സീറോമലബാർസഭയുടെ ചരിത്രം ഇത് സാക്ഷ്യപ്പെടുത്തുന്നുണ്ട്.

സഭയുടെ ഭരണസംവിധാനങ്ങളിലും ഭൗതികവളർച്ചയിലും വിശ്വാസികളുടെ കൂട്ടായ്മ വഹിച്ച പങ്ക് അവർണനീയമാണ് എന്നത് ഈ സഭയുടെ ചരിത്രം നമ്മെ ഓർമപ്പെടുത്തുന്ന വസ്തുതയാണ്. ഈ നാടിന്റെ സംസ്കാരത്തോടുചേർന്നുള്ള ഒരു ഭരണസംവിധാനമാണ് ആദികാലം മുതൽ ഈ സഭയിൽ നിലനിന്നിരുന്നത്. ദേശത്ത് പട്ടക്കാരായ വൈദികരുടെ നേതൃത്വത്തിൽ എല്ലാ കുടുംബങ്ങളെയും കൂട്ടിച്ചേർത്ത് രൂപീകരിക്കുന്ന പള്ളിയോഗങ്ങളാണ് ഓരോ ഇടവകയുടെയും ഭൗതികമായ ഭരണസംവിധാനങ്ങൾ ക്രമീകരിച്ചിരുന്നത്. ഇടവകജനങ്ങളുടെ കൂടിയാലോചനകൾക്കും അഭിപ്രായപ്രകടനങ്ങൾക്കും പള്ളിയോഗങ്ങൾ സഹായകരമായിട്ടുണ്ട്.

1923 ൽ സീറോമലബാർസഭ ഹയരാർക്കിക്കൽ ഘടനയുള്ള ഒരു സഭയായും 1992 ൽ മേജർആർക്കിഎപ്പിസ്ക്കോപ്പൽ സഭയായും ഉയർത്തപ്പെട്ടു. സ്വയം ഭരണാവകാശമുള്ള ഒരു വ്യക്തിഗതസഭ എന്നനിലയിൽ അതിന്റെ ഭരണസംവിധാനങ്ങളിൽ " പള്ളിയോഗ " ങ്ങൾക്കുള്ള സ്ഥാനം നിലനിർത്തിപ്പോരുന്നത് സഭയുടെ പാരമ്പര്യത്തോടുള്ള വിശ്വസ്തതയാണ്.

രണ്ടാം വത്തിക്കാൻ കൗൺസിൽ ' സഭ ദൈവജനമാകുന്നു' എന്ന ആശയത്തിനു ഊന്നൽനല്കി പഠിപ്പിച്ചു. ഇതിനർഥം മാമോദീസ സ്വീകരിച്ച എല്ലാവരും ക്രിസ്തുവിന്റെ പൊതുപൗരോഹിത്യത്തിൽ തുല്യപങ്കാളികളാണെന്നും സഭയുടെ ദൗത്യത്തിലും വളർച്ചയിലും കൂട്ടുത്തരവാദിത്വമുണ്ടെന്നുമാണ്. സഭയെന്നാൽ ഹയരാർക്കി മാത്രമാണെന്ന തെറ്റായ കാഴ്ചപ്പാടുകളെ തിരുത്താൻ ഇതിലൂടെ രണ്ടാം വത്തിക്കാൻ കൗൺസിലിന് സാധിച്ചു. സഭ ദൈവജനമാകുന്നു എന്ന് പഠിപ്പിച്ചപ്പോൾ സഭാമക്കൾ എല്ലാവരും ( മെത്രാന്മാർ, വൈദികർ, സന്യസ്തർ, അല്മായർ) സഭയുടെ ദൗത്യത്തിൽ തുല്യപങ്കാളികളാണ്. വിവിധങ്ങളായ സഭാശുശ്രൂഷകളിലൂടെ ഇവർ സഭയെ കെട്ടിപ്പടുക്കുന്ന സഭാശുശ്രൂഷകരാണ്. വി. പൗലോസ് ശ്ലീഹായുടെ പ്രബോധനം ഇവിടെ സ്മരണീയമാണ്. (1 കൊറി 12:12-31) ഒരു ശരീരത്തിലെ വിവിധ അവയവങ്ങൾക്ക് വ്യത്യസ്തദൗത്യങ്ങൾ ഉള്ളതുപോലെ സഭാഗാത്രത്തിലെ വിവിധ അവയവങ്ങളായ നമുക്ക് വ്യത്യസ്തങ്ങളായ ഉത്തരവാദിത്വങ്ങൾ ഉണ്ട്. ശുശ്രൂഷകളിൽ വൈവിധ്യമുണ്ടെങ്കിലും എല്ലാ ശുശ്രൂഷകളും തുല്യമായി വിലമതിക്കപ്പെടുന്നവയാണ്.




**● സിനഡാലിറ്റിയെക്കുറിച്ചുള്ള മെത്രാന്മാരുടെ ആഗോളസിനഡിന്റെ അവസാനഘട്ടവും സീറോമലബാർസഭയുടെ അഞ്ചാമത്തെ മേജർആർക്കിഎപ്പിസ്ക്കോപ്പൽ അസംബ്ലിയും 2024ൽ നടത്തുന്നത് ഒരു ദൈവികനിയോഗമായി കാണാവുന്നതാണ്. ഈ പശ്ചാത്തലത്തിലാണ് മേജർആർക്കിഎപ്പിസ്ക്കോപ്പൽ അസംബ്ലിയുടെ പ്രാധാന്യം മനസിലാക്കേണ്ടത്.**

സഭ ദൈവജനമാകുന്നു എന്ന രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രബോധനവും 'സഭ ഒരു കൂട്ടായ്മയാകുന്നു' എന്ന കൗൺസിലാനന്തര പഠനവും സമഞ്ജസമായി സമ്മേളിക്കുന്ന മനോഹരമായവേദിയാണ് സീറോമലബാർ മേജർആർക്കിഎപ്പിസ്ക്കോപ്പൽ അസംബ്ലി. ഫ്രാൻസിസ് മാർപാപ്പ സാർവതിക്രസഭയെ സിനഡാലിറ്റിയുടെ അരൂപിയിൽനയിക്കാൻ പരിശ്രമിക്കുന്നത് ഈ അവസരത്തിൽ സ്മരണീയമാണ്.

സിനഡാലിറ്റിയെക്കുറിച്ചുള്ള മെത്രാന്മാരുടെ ആഗോളസിനഡിന്റെ അവസാനഘട്ടവും സീറോമലബാർസഭയുടെ അഞ്ചാമത്തെ മേജർ ആർക്കിഎപ്പിസ്ക്കോപ്പൽ അസംബ്ലിയും 2024 ൽ നടത്തുന്നത് ഒരു ദൈവികനിയോഗമായി കാണാവുന്നതാണ്.

ഈ പശ്ചാത്തലത്തിലാണ് മേജർആർക്കി എപ്പിസ്ക്കോപ്പൽ അസംബ്ലിയുടെ പ്രാധാന്യം മനസിലാക്കേണ്ടത്. പൗരസ്ത്യസഭകൾക്കായുള്ള കാനൻ നിയമത്തിൽ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു.

'മേജർആർച്ചുബിഷപ്പിന്റെ അധ്യക്ഷതയിലുള്ള സഭയുടെ സമഗ്രമായ കൂടിയാലോചനസംവിധാനമാണ് മേജർആർക്കി എപ്പിസ്ക്കോപ്പൽ അസംബ്ലി. പ്രേഷിതപ്രവർത്തനങ്ങളുടെയും സഭാപരമായ അച്ചടക്കത്തിന്റെയും രൂപങ്ങളും രീതികളും സമന്വയിപ്പിക്കുന്നതിനും അവയെ കാലാനുസൃതസാഹചര്യങ്ങളുമായും സഭയുടെ പൊതുനന്മയ്ക്കായും അനുയോജ്യമാക്കുന്നതിനും ഇതു മേജർആർച്ചുബിഷപ്പിനെയും ബിഷപ്സിനഡിനെയും സഹായിക്കുന്നു (CCEO: C.140). ഇതു മാർതോമാ ക്രിസ്ത്യാനികളുടെ അതുല്യമായ സഭൈപെതൃകത്തെ ഊട്ടിഉറപ്പിക്കുന്ന ഘടകമായി നിലകൊള്ളുന്നു. കൂടാതെ സീറോമലബാർസഭയുടെ Sensus Fidelium (sense of the faith of the faithful) പ്രകടമാക്കുന്ന അസുലഭസന്ദർഭമായി മാറുകയും ചെയ്യുന്നു.

മേജർആർക്കി എപ്പിസ്ക്കോപ്പൽ അസംബ്ലി അഞ്ചുവർഷത്തിലൊരിക്കലാണ് സമ്മേളിക്കുന്നത്. പ്രാർഥനയുടെയും വിചിന്തനത്തിന്റെയും ആത്മാവിൽ ഐക്യപ്പെട്ടുകൊണ്ട് ദൈവം സഭയ്ക്കും സഭയിലൂടെയും ചെയ്യുന്ന മഹത്തായ കാര്യങ്ങൾ പ്രഘോഷിക്കുകയും ആഘോഷിക്കുകയും ചെയ്തുകൊണ്ടും സ്വന്തം അപ്പസ്തോലിക ഉത്ഭവത്തോടുള്ള വിശ്വസ്തതയിൽ ഒരു ഹൃദയവും ഒരു ആത്മാവും എന്ന അപ്പസ്തോലികസഭയുടെ ഉത്തമാദർശം സാക്ഷാത്ക്കരിക്കാൻ അസംബ്ലി പരിശ്രമിക്കുന്നു. 'സഭ ഏകശരീരമാകുന്നു' എന്ന വി. പൗലോസ്ശ്ലീഹായുടെ പ്രബോധനങ്ങളോട് ചേർന്നുനില്ക്കാൻ തക്കവിധം സഭയുടെവിവിധ ഘടകങ്ങളെ ഒന്നിപ്പിക്കാൻ ഈ അസംബ്ലി പരിശ്രമിക്കുന്നു.

മെത്രാൻ സിനഡിനോടു ചേർന്ന് ഓരോ രൂപതയിലെയും സന്യാസസമൂഹങ്ങളിലെയും വിവിധഭക്തസംഘടനകളിലെയും പ്രസ്ഥാനങ്ങളിലെയും പ്രതിനിധികളാണ് അസംബ്ലിയിൽ പങ്കെടുക്കുന്നത്. ഒരോ അസംബ്ലിയിലും പഠനവിധേയമാകുന്ന വിഷയങ്ങൾ മെത്രാന്മാരുടെ സിനഡാണ് തീരുമാനിക്കുന്നത്. ഈ വിഷയങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് പുറത്തിറങ്ങുന്ന 'Lineamena' (പഠനരേഖ) എല്ലാ രൂപതകളിലും സന്യാസസമൂഹങ്ങളിലും വിവിധതലങ്ങളിൽ പഠനം നടത്തുകയും അതിന്റെ ഫലമായി രൂപംകൊള്ളുന്ന ആശയങ്ങളും അഭിപ്രായങ്ങളും ക്രോഡീകരിച്ചു 'Instrumentrum Laboris' (പ്രവർത്തനരേഖ) രൂപീകരിക്കുന്നു. ഇതിന്റെ അടിസ്ഥാനത്തിലാണ് അസംബ്ലിയിൽ പഠനങ്ങളും ചർച്ചകളും നടക്കുന്നത്. അസംബ്ലിയിൽ നടത്തുന്ന ചർച്ചകളുടെ അടിസ്ഥാനത്തിൽ രൂപംകൊള്ളുന്ന ആശയങ്ങൾ സീറോമലബാർ സഭയുടെ പഠനത്തിനും പ്രായോഗികതയ്ക്കും ഉതകുംവിധം ഒരു പ്രബോധനരേഖയായി മേജർആർച്ചുബിഷപ് പുറത്തിറക്കുന്നു.

സീറോമലബാർസഭ 1992 ൽ മേജർആർക്കി എപ്പിസ്ക്കോപ്പൽ സഭയായി ഉയർത്തപ്പെട്ടതു മുതൽ നാളിതുവരെ നാല് മേജർആർക്കിഎപ്പിസ്ക്കോപ്പൽ അസംബ്ലികളാണ് നടന്നിട്ടുള്ളത്. 1998 ൽ 'സീറോമലബാർസഭ മൂന്നാം സഹസ്രാബ്ദത്തിലേക്ക്; ദൗത്യവും സാക്ഷ്യവും 'എന്ന വിഷയമാണ് പഠനവിധേയമാക്കിയത്.

2004 ൽ കൂടിയ അസംബ്ലി 'നിങ്ങൾ എന്റെ സാക്ഷികളായിരിക്കും' എന്ന ശീർഷകത്തോടെ സീറോമലബാർസഭയിൽ കുടുംബങ്ങൾ

**ശേഷം പേജ് 14ൽ**

## എഡിറ്റോറിയൽ

# സഭയുടെ സ്വരമാകുന്ന മേജർആർക്കിഎപ്പിസ്ക്കോപ്പൽ അസംബ്ലി

സീറോമലബാർസഭയുടെ അഞ്ചാമതു മേജർ ആർക്കിഎപ്പിസ്ക്കോപ്പൽ അസംബ്ലി അഥവാ സഭായോഗം പാലാ രൂപതയിലെ അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ 2024 ആഗസ്റ്റ് 22 മുതൽ 25 വരെ നടക്കുന്നു. പൗരസ്ത്യ സഭാനിയമപ്രകാരം മേജർആർച്ചുബിഷപ്പിനെയും സിനഡിനെയും സുപ്രധാന വിഷയങ്ങൾ കാലോചിതമായി തീരുമാനമെടുക്കാൻ സഹായിക്കുന്ന സഭാതലത്തിലുള്ള ഉപദേശകസമിതിയാണ് മേജർ ആർക്കിഎപ്പിസ്ക്കോപ്പൽ അസംബ്ലി. 1998, 2004, 2010, 2016 എന്നീ വർഷങ്ങളിലാണ് ഇത്തരം സഭായോഗങ്ങൾ സീറോമലബാർസഭയിൽ നടന്നത്. അഞ്ചുവർഷത്തിലൊരിക്കൽ അസംബ്ലി വിളിച്ചുചേർക്കണമെന്നാണ് സഭാനിയമം അനുശാസിക്കുന്നത്. മെത്രാന്മാരുടെയും വൈദികരുടെയും സമർപ്പിതരുടെയും അല്മായരുടെയും പ്രതിനിധികളാണ് അസംബ്ലിയിൽ പങ്കെടുക്കുന്നത്.

'കാലാനുസൃതമായ സഭാജീവിതവും ദൗത്യവും സീറോമലബാർ സഭയിൽ' എന്ന പ്രമേയമാണ് സഭയുടെ അഞ്ചാമത്തെ അസംബ്ലി ചർച്ചചെയ്യുന്നത്. കാലഘട്ടത്തിന്റെ ആവശ്യങ്ങളെ അഭിസംബോധന ചെയ്യാൻ പരിശ്രമിക്കുന്ന സീറോമലബാർസഭ, പരിശുദ്ധാത്മാവിനെ ശ്രവിക്കേണ്ടതുണ്ട്. ആത്മാവിന്റെ പ്രചോദനങ്ങൾക്കു ചെവികൊടുക്കുമ്പോൾ മാത്രമേ കാലത്തിന്റെ അടയാളങ്ങൾ ശരിയായി വായിച്ചു ആവശ്യമായ കർമപദ്ധതികൾ രൂപപ്പെടുത്താൻ കഴിയുകയുള്ളൂ. അതിനുള്ള പരിശ്രമമാണ് അസംബ്ലിയിൽ നടക്കുന്നത്.

വിശ്വാസപരിശീലനത്തിന്റെ നവീകരണം, സുവിശേഷപ്രഘോഷണത്തിലുള്ള അല്മായപങ്കാളിത്തം, സീറോമലബാർ സമുദായശക്തീകരണം എന്നീ വിഷയങ്ങളെ അധികരിച്ചാണ് അസംബ്ലിയിൽ പ്രബന്ധങ്ങൾ അവതരിപ്പിക്കുന്നതും ചർച്ചകൾ നടത്തുന്നതും. ഈ മൂന്നു വിഷയങ്ങളും ഒന്ന് ഒന്നിനോടു അടുത്തുനില്ക്കുന്നവയും ബന്ധപ്പെട്ടിരിക്കുന്നവയുമാണ്. ഏറ്റവും അടിസ്ഥാനമായ കാര്യമാണ് വിശ്വാസപരിശീലനം. കാലോചിതമായി പരിഷ്ക്കരിക്കുമ്പോൾ മാറ്റമില്ലാതെ നില്ക്കുന്ന വിശ്വാസസത്യങ്ങൾ വിസ്മരിക്കപ്പെടരുത്. കൃത്യമായ വിശ്വാസപരിശീലന പദ്ധതിയിലൂടെ മാത്രമേ നല്ല പ്രഘോഷകർ രൂപപ്പെടുകയുള്ളൂ. അല്മായരുടെ സുവിശേഷപ്രഘോഷണം വിശ്വാസപരിശീലനവുമായി ബന്ധപ്പെട്ടിരിക്കുന്നത് ഇവിടെയാണ്. പരിശീലിക്കുന്നതും ജീവിക്കുന്നതുമായ വിശ്വാസമാണ് പ്രഘോഷിക്കേണ്ടത്. ഈ പ്രഘോഷണത്തിലൂടെ സഭയോടൊപ്പം സമുദായവും ശക്തിപ്പെടും. കാരണം യഥാർഥ സുവിശേഷപ്രഘോഷണം എല്ലാവരെയും ഉൾക്കൊള്ളുന്നതും എല്ലാവരെയും ചേർത്തുപിടിക്കുന്നതുമാണ്. പ്രാവിന്റെ നിഷ്ക്കളങ്കതയോടൊപ്പം സർപ്പത്തിന്റെ വിവേകവും ആവശ്യമാണ് എന്നുമാത്രം.

അസംബ്ലി ഒരുമിച്ചുനടക്കലാണ്. ഒരുമിച്ചുനടക്കുന്നത് ഫലപ്രദമാകണമെങ്കിൽ നടക്കുന്ന എല്ലാവരും എളിമയോടെ പരസ്പരം ശ്രവിക്കാനും മനസിലാക്കാനും പൊതുനന്മ തിരിച്ചറിയാനും അതിനനുസൃതം സ്വന്തം നിലപാടുകളിൽ മാറ്റംവരുത്താനും സന്നദ്ധതയുള്ളവരാകണം. പരിശുദ്ധാത്മാവിന്റെ സഹായത്തോടെ അസംബ്ലിയിൽ നടക്കേണ്ടത് ഈ പ്രക്രിയയാണ്. ഒരുമിച്ചുള്ള പ്രാർഥനാനിമിഷങ്ങളിലൂടെ, തുറന്ന ചർച്ചകളിലൂടെ, ആശയസംവേദനങ്ങളിലൂടെ സഭയിലെ പിതാക്കന്മാരുടെയും വൈദികരുടെയും സമർപ്പിതരുടെയും അല്മായരുടെയും മൂന്നു ദിവസത്തെ സമ്മേളനത്തിൽ ഉരുത്തിരിയുന്ന നിഗമനങ്ങൾ സീറോമലബാർസഭയുടെ ഭാവിയിലേക്കുള്ള പ്രയാണത്തിൽ പ്രചോദനവും പ്രതീക്ഷയും പിൻബലവും നല്കുന്ന നിലപാടുകളായി മാറട്ടെ.

**രക്ഷാധികാരി**
മാർ റാഫേൽ തട്ടിൽ, മേജർ ആർച്ചുബിഷപ്പ്
**സഹ രക്ഷാധികാരി**
മാർ സെബാസ്റ്റ്യൻ വാണിയപുരയ്ക്കൽ, കൂരിയ ബിഷപ്പ്
**ചീഫ് എഡിറ്റർ**
ഫാ. എബ്രഹാം കാവിൽപുരയിടത്തിൽ
**മാനേജിങ് എഡിറ്റർ**
ഫാ. സെബി കൊളങ്ങര
**അസോസിയേറ്റ് എഡിറ്റേഴ്സ്**
ഫാ. ജോസഫ് തോലാനിക്കൽ, ഫാ.ജോസഫ് മറ്റത്തിൽ
**കൺസൾട്ടന്റ് എഡിറ്റർ**
വിനായക് നിർമ്മൽ

**എഡിറ്റോറിയൽ ബോർഡ്**
ഫാ. ജോജി കല്ലിങ്ങൽ
ഫാ. ആന്റണി വടക്കേകര VC
ഫാ. ഫ്രാൻസിസ് എലുവത്തിങ്കൽ
ഡോ. ചാക്കോ കാളംപറമ്പിൽ
ഡോ. കൊച്ചുറാണി ജോസഫ്
അഡ്വ. അജി ജോസഫ്
സി. ലിൻഡ മൈക്കിൾ MSMI
സി. സെലിൻ ജോർജ് MSMI
സി. ജിഷ ജോബ് MSMI

**ഡിസൈൻ:** എബ്രഹാം തോമസ് | **ഐ.ടി. സപ്പോർട്ട്:** ജോബ് ജോസഫ്

For Editorial queries: Email: syromalabarvision@gmail. com
മാനേജിങ് എഡിറ്റർ : 9447269363, Website: www.syromalabarvision.com

## ഓർമിക്കാനൊരു ദിനം

- **ആഗസ്റ്റ് 1:** പതിനഞ്ചുനോമ്പാരംഭം
- വി.അൽഫോൻസ് ലിഗോരി
- **ആഗസ്റ്റ് 4 :** വി. ജോൺ മരിയ വിയാനി
- മുക്കുഴി മാർ ലോറൻസ് മെത്രാന്റെ അഭിഷേകം (1999)
- **ആഗസ്റ്റ് 6:** ജീരകത്തിൽ മാർ പൗളിനോസ് മെത്രാന്റെ ചരമം (1990)
- കർത്താവിന്റെ രൂപാന്തരീകരണത്തിരുനാൾ
- **ആഗസ്റ്റ് 8:** വി.ഡൊമിനിക്
- **ആഗസ്റ്റ് 10:** വി.ക്ലാര
- **ആഗസ്റ്റ് 14:** വി. മാക്സിമില്യൻ കോൾബേ
- **ആഗസ്റ്റ് 15:** പള്ളിക്കാപ്പറമ്പിൽ മാർ ജോസഫ് മെത്രാന്റെ അഭിഷേകം (1973)
- പരി. കന്യകാ മറിയത്തിന്റെ സ്വർഗ്ഗാരോപണം
- ഇന്ത്യൻ സ്വാതന്ത്ര്യദിനം
- **ആഗസ്റ്റ്16:** വി. ശിമയോൻ ബർസാബയും സഹരക്തസാക്ഷികളും
- **ആഗസ്റ്റ് 21:** വി. പത്താം പീയൂസ്
- **ആഗസ്റ്റ് 23:** ഇരിമ്പൻ മാർ ജോസഫ് മെത്രാന്റെ ചരമം ( 1997)
- **ആഗസ്റ്റ് 24:** വി.ബർത്തലോമിയോ ശ്ലീഹാ
- **ആഗസ്റ്റ 28:** വി. അഗസ്റ്റ്യൻ
- **ആഗസ്റ്റ് 29:** വി. എവുപ്രാസ്യ

## നാമഹേതുകദിന മംഗളങ്ങൾ

ആഗസ്റ്റ് 8



കോക്കാട്ട് മാർ ഡൊമിനിക്

ആഗസ്റ്റ് 10



മുക്കുഴി മാർ ലോറൻസ്

# വി.അഗസ്തീനോസ് (430)

വഴികാട്ടികൾ

റവ.ഡോ.തോമസ് കുഴുപ്പിൽ



പാശ്ചാത്യസഭാ പാരമ്പര്യത്തിലെ ഏറ്റവും പ്രമുഖസഭാപിതാവാണ് വി. അഗസ്തീനോസ്. അദ്ദേഹത്തിന്റെ ദർശനങ്ങളാണ് പാശ്ചാത്യദൈവശാസ്ത്രത്തിന്റെ അടിത്തറയായി നിലകൊള്ളുന്നത്. മനുഷ്യജീവിതവുമായി ബന്ധപ്പെട്ട ധാരാളം വിഷയങ്ങൾ അഗസ്തീനോസ് കൈകാര്യം ചെയ്തിട്ടുണ്ട്. നിയോ പ്ലേറ്റോണിക് തത്വചിന്തയെ അടിസ്ഥാനമാക്കിയാണ് അദ്ദേഹം തന്റെ ദൈവശാസ്ത്രം രൂപപ്പെടുത്തിയത്. അദ്ദേഹത്തിന്റെ ആത്മകഥയും 'ദൈവനഗരവും' പാശ്ചാത്യ ആധ്യാത്മികതയെ പരിപോഷിപ്പിച്ച രണ്ടു പ്രധാന കൃതികളാണ്. വി.പൗലോസിനു ശേഷം ക്രിസ്തുദർശനം ഏറ്റവും മനോഹരമായി ആവിഷ്ക്കരിച്ച ചിന്തകനാണ് വി. അഗസ്തീനോസ്.

നിയോ- പ്ലേറ്റോണിക് ചിന്തയിൽ അധിഷ്ഠിതമായ ദൈവശാസ്ത്രം, തന്റെ ഗുരുവായ മിലാനിലെ അംബ്രോസിൽ നിന്നുമാണ് അദ്ദേഹം സ്വായത്തമാക്കിയത്. അംബ്രോസിലൂടെ കപ്പദോചിയൻ പിതാക്കന്മാരുടെ ദൈവശാസ്ത്രവുമായി അദ്ദേഹം ബന്ധപ്പെട്ടിരിക്കുന്നു. വടക്കെ ആഫ്രിക്കയിൽ തനിക്കുമുമ്പു ജീവിച്ചിരുന്ന തെർത്തുല്യൻ, കാർത്തേജിലെ സിപ്രിയാൻ, ടിക്കോണിയൂസ്, മിലേവിയിലെ ഒപ്താത്തൂസ് എന്നിവരുടെ ചിന്തകളും അഗസ്തീനോസിനെ സ്വാധീനിച്ചിട്ടുണ്ട്. വിജാതീയരുടെ വിശ്വാസാചാരങ്ങൾ, മാനിക്കേയിസം, ഡോണറ്റിസം, പെലാജിയനിസം എന്നീ അബദ്ധ പ്രബോധനങ്ങൾക്കെതിരായിട്ടാണ് അദ്ദേഹം പോരാടിയത്. ഈ പശ്ചാത്തലത്തിൽ നിന്നുകൊണ്ടാണ് അദ്ദേഹം തന്റെ ദൈവശാസ്ത്രം വികസിപ്പിച്ചെടുത്തത്. വിശ്വാസവും യുക്തിയും തമ്മിലുള്ള പൊരുത്തം തന്റെ കൃതികളിലുടനീളം അദ്ദേഹം എടുത്തുകാട്ടി.

അഗസ്തിനോസിന്റെ ദൈവശാസ്ത്രത്തിന്റെയും ആത്മീയദർശനങ്ങളുടെയും അടിസ്ഥാനമായി നിലകൊള്ളുന്നത് 'ദൈവസ്നേഹം' എന്ന പുണ്യമാണ്. മറ്റെല്ലാ പുണ്യങ്ങളും ഇതിൽനിന്നുമാണ് നിർഗളിക്കുന്നത്. മനുഷ്യജീവിതത്തിൽ ദൈവസ്നേഹം പ്രതിഫലിക്കുന്നത് എളിമ എന്ന പുണ്യത്തിലൂടെയാണ്. ദൈവസ്നേഹത്തെ അടിസ്ഥാനമാക്കിയാണ് ത്രീത്വരഹസ്യം അദ്ദേഹം വിശദീകരിക്കുന്നത്. പരിശുദ്ധാരൂപി സ്നേഹം തന്നെയാണ്. ദൈവനഗരത്തിന്റെ അടിസ്ഥാനവും വി.ഗ്രന്ഥത്തിന്റെയും വി. കുർബാനയുടെയും സാരാംശവും സ്നേഹം തന്നെയാണ്. പരിശുദ്ധാരൂപിയിലുള്ള ജീവിതം, ദൈവസ്നേഹം, ദൈവകൃപ എന്നീ ചിന്തകളെ പരസ്പരബന്ധിതമായിട്ടാണ് അദ്ദേഹം അവതരിപ്പിക്കുന്നത്. അജപാലനപ്രവർത്തനങ്ങളെയും പ്രാർഥനാജീവിതത്തെയും സമന്വയിപ്പിച്ചുകൊണ്ടുള്ള ഒരു സന്യാസനിയമവും അഗസ്തീനോസ് തയ്യാറാക്കി. വിശ്വാസവും സ്നേഹവും തമ്മിലുള്ള ബന്ധവും അദ്ദേഹം എപ്പോഴും ഉയർത്തിക്കാട്ടി.

430 ൽ തന്റെ 76 ാമത്തെ വയസിൽ അഗസ്തീനോസ് അന്തരിച്ചു. ജീവിതകാലം മുഴുവൻ അനുതാപ സങ്കീർത്തനങ്ങൾ അദ്ദേഹം ഉരുവിട്ടുകൊണ്ടിരുന്നു. അദ്ദേഹത്തിന്റെ മൃതശരീരം അദ്ദേഹം മെത്രാനായിരുന്ന വടക്കേ ആഫ്രിക്കയിലെ ഹിപ്പോയിലെ ബസിലിക്കയിലാണ് സംസ്കരിച്ചത്. ഏ.ഡി 725 ൽ അത് ഇറ്റലിയിലെ പവിയ എന്ന നഗരത്തിലെ ബസിലിക്കയിൽ കൊണ്ടുവന്നു സ്ഥാപിച്ചു. ബനഡിക്ട് പതിനാറാമൻ പാപ്പ അഗസ്തീനോസിനെക്കുറിച്ചു ഇപ്രകാരം പറയുന്നു: ''അഗസ്തീനോസിന്റെ കൃതികൾ വായിക്കുമ്പോൾ 1600 ൽ പരം വർഷങ്ങൾക്കു മുമ്പു ജീവിച്ച ഒരാളായിട്ടല്ല എനിക്കു തോന്നുന്നത്. ഇന്നു ജീവിച്ചിരിക്കുന്ന ഒരാളായി എനിക്കു തോന്നുന്നു. ഇന്നത്തെകാലത്തെ ഒരു സുഹൃത്ത് കാലത്തിനനുസൃതമായി വിശ്വാസം പങ്കുവയ്ക്കുന്നതായി എനിക്ക് അനുഭവപ്പെടുന്നു.''

# ഒന്നിച്ചിരിക്കാം... കൂട്ടായി പ്രവർത്തിക്കാം

## 2024 ആഗസ്റ്റ് 23 മുതൽ 25 വരെ പാലാ അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ നടക്കുന്ന അഞ്ചാമത് സീറോമലബാർസഭ മേജർആർക്കി എപ്പിസ്ക്കോപ്പൽ അസംബ്ലിയുടെ പശ്ചാത്തലത്തിലുള്ള സന്ദേശം

**മേജർ ആർച്ചുബിഷപ്പ് മാർ റാഫേൽ തട്ടിൽ**





സീറോമലബാർ സഭയുടേത് പങ്കാളിത്തസ്വഭാവമുള്ള ഒരു പ്രവർത്തനശൈലിയാണ്. പള്ളികളിലെയും രൂപതകളിലെയും ഭരണക്രമ ങ്ങളും മേജർആർച്ച് എപ്പാർക്കിയൽ ചർച്ച് എന്ന നിലയ്ക്കുള്ള ഭരണക്രമവും എല്ലാം ഈ പങ്കാളിത്തത്തിന്റെ പൊതുസ്വഭാവം പ്രകടമാക്കുന്നവയാണ്. അഞ്ചാമത് സീറോമലബാർസഭ മേജർആർക്കി

വലിയ ഇടയന്റെ ഹൃദയത്തിൽനിന്ന്

എപ്പിസ്ക്കോപ്പൽ അസംബ്ലി 2024 ഓഗസ്റ്റ് 23 മുതൽ 25 വരെ പാലാ അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ നടക്കുമ്പോൾ ചർച്ചയ്ക്ക് തിരഞ്ഞെടുത്തിരിക്കുന്ന പ്രമേയം അതീവപ്രാധാന്യം അർഹിക്കുന്നവയാണ്. കാലാനുസൃതമായ സഭാജീവിതവും ദൗത്യവും സീറോമലബാർസഭയിൽ.

സീറോമലബാർസഭയുടെ പ്രവർത്തനശൈലിയനുസരിച്ചു കേൾക്കാൻ കാതുതുറക്കുന്ന ഒരുസഭ, അത് പ്രായോഗികമാക്കുന്ന ഒരു ഇടമായി മാറുന്നതാണ് മേജർആർക്കിഎപ്പിസ്ക്കോപ്പൽ അസംബ്ലി. പരിശുദ്ധാത്മാവിനെ കേൾക്കാൻ പരിശുദ്ധ അമ്മ കാതുകൊടുത്തതു പോലെയാണ് സഭയുടെ ദൗത്യം നിർണ്ണയിക്കാൻ ഇക്കാലഘട്ടത്തിന്റെ വെല്ലുവിളികൾക്കനുസൃതമായി അവയെ വ്യാഖ്യാനിക്കാനും മേജർആർക്കിഎപ്പിസ്ക്കോപ്പൽ അസംബ്ലി കാതുകൊടുക്കുന്നത്. കേൾക്കുന്ന സഭ, കേൾക്കുന്നതുവഴി സഭയിലെ കാലഘട്ടത്തിലെ ദൗത്യവും സാക്ഷ്യവും കൂടുതൽ സഭയോചിതവും ഇക്കാലഘട്ടത്തിലെ സംസ്കാരങ്ങളോടും ആവശ്യങ്ങളോടുമൊക്കെ അനുയോജ്യമാക്കാനുമുള്ള ഒരു ശ്രമത്തിന്റെ ഭാഗമാണ് ഇത്.

സീറോമലബാർസഭ ഇത്തവണ മേജർആർക്കിഎപ്പിസ്ക്കോപ്പൽ അസംബ്ലിക്ക് തിരഞ്ഞെടുത്തിരിക്കുന്ന വിഷയങ്ങളിൽ പ്രധാനം വിശ്വാസപരിശീലനത്തിന്റെ നവീകരണമാണ്. സഭയുടെ ഏറ്റവും കാതലായ ദൗത്യം വിശ്വാസകൈമാറ്റമാണ്. വിശ്വാസപരിശീലനത്തിന്റെ ഉള്ളടക്കവും അതിനെ സഭ പ്രായോഗികമാക്കുന്ന പ്രവർത്തനശൈലിയും പഠനവിധേയമാക്കേണ്ടതുണ്ട്. സീറോമലബാർസഭയിലെ വിശ്വാസപരിശീലനം ആത്യന്തികമായി നമ്മുടെ കുടുംബങ്ങളിലെ വിശ്വാസജീവിതത്തിന്റെ സാക്ഷ്യത്തിലൂടെയാണ് നിർവഹിക്കുന്നത്.

അതുകൊണ്ടുതന്നെ നമ്മുടെ കുടുംബങ്ങളിലെ വിശ്വാസസാക്ഷ്യത്തിന്റേതായ പ്രായോഗികമാനങ്ങളും ഇക്കാലഘട്ടത്തിലെ വെല്ലുവിളികൾക്ക് നടുവിൽ വ്യാഖ്യാനിക്കേണ്ടതുണ്ട്. നമ്മുടെ കുടുംബപ്രാർത്ഥനകൾ, ജീവിതശൈലിയുടെപ്രത്യേകതകൾ ഇതൊക്കെ എത്രയോ പ്രധാനപ്പെട്ട കാര്യങ്ങളാണ്. വിശ്വാസം കൈമാറ്റം ചെയ്യുന്നത് കുടുംബത്തിലാണെന്നത് ഈ കാലഘട്ടം നേരിടുന്ന വെല്ലുവിളികൾക്ക് നടുവിൽ വ്യാഖ്യാനിക്കാൻ നമുക്ക് കഴിയണം.

മാധ്യമങ്ങളുടെ അതിപ്രസരം അതിശക്തമായ കാലഘട്ടം കൂടിയാണ് ഇത്. പണ്ടു നമ്മൾ പഠിപ്പിച്ചപാഠങ്ങളെയും കൈമാറ്റം ചെയ്ത ശൈലികളെയുമെല്ലാം മാധ്യമങ്ങൾ ഇന്ന് വെല്ലുവിളിക്കുന്നുണ്ട്. നവമാധ്യമങ്ങളിലൂടെ വളരെ നിഷേധാത്മകമായിട്ടുള്ള ഒരുപാട് അറിവുകളും തെറ്റായ വ്യാഖ്യാനങ്ങളും കടന്നുവരുന്നുണ്ട്. പണ്ട് പള്ളികളിൽ വൈദികർ നടത്തിയിരുന്ന വചനവ്യാഖ്യാനങ്ങളും പ്രസംഗങ്ങളും കുടുംബക്കൂട്ടായ്മകളിൽ നടത്തിയിരുന്ന പരസ്പര പങ്കുവയ്ക്കലുകളുമൊക്കെയായിരുന്നു ഏറ്റവും പ്രധാനപ്പെട്ട കൈമാറ്റശൈലിയായി കരുതിപ്പോന്നിരുന്നത്.

ഇന്ന് പള്ളിയിൽ എന്തുപറഞ്ഞാലും അതിനെ വെല്ലുവിളിക്കുന്നതരത്തിൽ നൂതനസാങ്കേതികശൈലിയിലൂടെ വിശ്വാസത്തെ അപകടപ്പെടുത്തുന്ന സാധ്യതകളും സാഹചര്യങ്ങളും ധാരാളമാണ്. അതുകൊണ്ട് വിശ്വാസപരിശീലനത്തിന്റെ നവീകരണം കുടുംബങ്ങളിൽ നിന്ന്, കൂട്ടായ്മകളിൽ നിന്ന്, ഇടവകകളിൽ നിന്ന്, രൂപതകളിൽ നിന്ന് കുറെക്കൂടി ശക്തിപ്പെടുത്താൻ എങ്ങനെ കഴിയും എന്ന് നമുക്ക് ചിന്തിക്കേണ്ടതുണ്ട്. വിദ്യാർഥികളും ചെറുപ്പക്കാരും നവമാധ്യമങ്ങൾ സ്വാതന്ത്ര്യത്തോടെ കൈകാര്യം ചെയ്യുന്ന കാലഘട്ടമാണിത്. നമ്മൾ പറയുന്നതിന് അതീതമായി നവമാധ്യമങ്ങളിലൂടെ കൈമാറപ്പെടുന്ന അറിവുകളും വാർത്തകളും കുട്ടികൾക്ക് വിരുദ്ധമായ പലധാരണകളും തെറ്റിദ്ധാരണകളും നല്കുന്നുണ്ട്. ഇവിടെയൊക്കെ വിശ്വാസപരിശീലനത്തെക്കുറിച്ചുള്ള കൂട്ടായപങ്കാളിത്തെക്കുറിച്ചുള്ള വിലയിരുത്തലുകളും പഠനങ്ങളും ചർച്ചകളും ആവശ്യമാണ്. നമ്മുടെ ഇടവകകകളിലെയും കുടുംബങ്ങളിലെയുമൊക്കെ വിശ്വാസപരിശീലനത്തിന് ഊന്നൽകൊടുക്കേണ്ട ഒരുപാടുമേഖലകളിൽ ഇതും ചർച്ചാവിഷയമാകേണ്ടതുണ്ട്. വിശ്വാസപരിശീലനത്തിൽ നാം നേരിടുന്ന വെല്ലുവിളികൾ പാഠപുസ്തകങ്ങളെ സംബന്ധിച്ചുമുണ്ട്. നമ്മുടെ പാഠപുസ്തകങ്ങളുടെ ഉള്ളടക്കം കാലികമായിരിക്കണം. കാലഘട്ടത്തിന് അനുയോജ്യമായിരിക്കണം. വിശ്വാസപരിശീലനത്തിൽ കുടുംബങ്ങളുടെ ദൗത്യംപോലെതന്നെ പ്രധാനപ്പെട്ടതാണ് മതാധ്യാപകരുടെ ദൗത്യം. മതാധ്യാപകരുടെ ദൗത്യം ഇക്കാലഘട്ടത്തിലെ വെല്ലുവിളികൾക്ക് അനുയോജ്യമായി പുനർനിർണയിക്കേണ്ടതുണ്ട്.

മിഷൻ പ്രവർത്തനങ്ങൾ സഭയുടെ മറ്റൊരുപ്രധാനപ്പെട്ട ചക്രവാളമാണ്. സീറോമലബാർസഭ ഇന്ത്യയ്ക്കു വെളിയിലും ഇന്ത്യയ്ക്കുള്ളിലും വ്യാപിച്ചുകിടക്കുന്നുണ്ട്. ഇവിടെയൊക്കെ അല്മായരുടെ സജീവപങ്കാളിത്തം വളരെ ആവശ്യമാണ്. വൈദിക സന്യസ്ത ദൈവവിളികൾ കുറഞ്ഞുവരുമ്പോഴും സഭ തുടങ്ങിവച്ച മിഷനറിപ്രവർത്തനങ്ങൾ പാതിവഴിയിൽ അവസാനിപ്പിച്ചിട്ടുപോകാൻ ബുദ്ധിമുട്ടുണ്ട്. ഇത്തരമൊരു സാഹചര്യത്തിൽ അല്മായർ അതിന് പകരക്കാരായി മുന്നോട്ടു വരണം. ധാരാളം മുന്നേറ്റങ്ങൾ അല്മായരുടെ ഭാഗത്തുനിന്നു നടത്തുന്നുണ്ട് എന്ന കാര്യം സന്തോഷകരമാണ്. അവർക്ക് കുറെക്കൂടി ആവശ്യമായിട്ടുള്ള ശക്തിപകരണം. അല്മായരുടെ നേതൃത്വത്തിൽ കാര്യക്ഷമതയോടെ പ്രവർത്തിക്കുന്ന ധാരാളം സന്നദ്ധസംഘടനകൾ നിലവിലുണ്ട്. ഇനിയും കൂടുതലായി അത്തരം അല്മായ മുന്നേറ്റങ്ങൾ മുന്നോട്ടു വരേണ്ടതുമുണ്ട്.

അതുപോലെ തന്നെ വിശ്വാസംപഠിപ്പിക്കുന്നത് പാഠപുസ്തകങ്ങളിലൂടെ എന്നതുപോലെ പ്രവൃത്തികളിലൂടെയുമായിരിക്കണം. പണ്ടുകാലങ്ങളിൽ ഒന്നോ രണ്ടോ ഭക്തസംഘടനകൾ മാത്രമാണ് ഇതേ ലക്ഷ്യത്തോടെ പ്രവർത്തിച്ചിരുന്നതെങ്കിൽ ഇന്ന് പലപേരുകളിൽ പല സംഘടനകളും അല്മായരുടെ നേതൃത്വത്തിൽ ഉപവിപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നുവെന്നതും സന്തോഷകരമായ കാര്യമാണ്. മാധ്യമരംഗത്തേക്കും അല്മായർ ധാരാളമായി മുന്നോട്ടുവരുന്നുണ്ട്. ഇതിനെയൊക്കെ കുറെക്കൂടി കാലാനുസൃതമായി ക്രമപ്പെടുത്താൻ, ശക്തിപ്പെടുത്താൻ നമുക്ക് കഴിയേണ്ടതുണ്ട്.

അല്മായരുടെ നേതൃത്വത്തിൽ നടക്കുന്ന സുവിശേഷപ്രവർത്തനങ്ങൾ കുറെക്കൂടി സംഘാതാത്മകമായും ശക്തമായും ചെയ്യാൻ നമുക്ക് എന്തൊക്കെ ചെയ്യാൻ സാധിക്കും എന്നത് ഈ അസംബ്ലിയിൽ വളരെ ശക്തമായി ചർച്ച ചെയ്യുന്നുണ്ട്. അല്മായരെ മാറ്റിനിർത്തുകയല്ല ചേർത്തുപിടിക്കുകയാണ് ചെയ്യുന്നത്. അല്മായരുടെ സഹകരണം കൊണ്ട് നമുക്ക് കുറെക്കൂടി സുവിശേഷവൽക്കരണം ആകർഷകമാക്കാനും ശക്തമാക്കാനും കഴിയണം.

സീറോ മലബാർസഭയുടെ വലിയൊരു പ്രതിസന്ധിയെന്നു പറയുന്നത് സമുദായബോധത്തിന്റെ അഭാവമാണ്. അമ്പത്‌ലക്ഷത്തോളം അംഗങ്ങളുള്ള സഭയാണ് നമ്മുടേതെന്ന് പറയുമ്പോഴും സമുദായമെന്ന നിലയ്ക്ക് ഒറ്റക്കെട്ടായി നില്ക്കാൻ നമുക്ക് പലപ്പോഴും കഴിയുന്നില്ല. അതുകൊണ്ടുതന്നെ സാമുദായികമായിട്ടുള്ള അവബോധവും പരസ്പരകൂട്ടായ്മയും കൂട്ടുത്തരവാദിത്വവും നമ്മുടെയിടയിൽ ഉണ്ടാകുന്നില്ല. പണ്ടുണ്ടായിരുന്നത് കുറെക്കൂടി ദുർബലമാകുകയും ചെയ്യുന്നുണ്ട്. നമ്മുടെ സമുദായം നേരിടുന്ന പല പ്രതിസന്ധികളുമുണ്ട്. സാമ്പത്തിക പിന്നോക്കാവസ്ഥ, ജനസംഖ്യയിലുള്ള കുറവ്. തൊഴിൽരഹിതരായ അഭ്യസ്തവിദ്യരുടെ എണ്ണത്തിലുള്ള വർധനവ്, പ്രായം വർദ്ധിച്ചിട്ടും സ്വന്തം ജീവിതാവസ്ഥ തിരഞ്ഞെടുക്കാൻ കഴിയാതെ വിഷമിക്കുന്ന യുവതീയുവാക്കൾ. രാഷ്ട്രീയമണ്ഡലങ്ങളിൽ നേരിടുന്ന അവഗണനകൾ.

ഇവിടെയൊക്കെ കൂട്ടുത്തരവാദിത്വത്തോടെ നമുക്കുപ്രവർത്തിക്കേണ്ടതുണ്ട്. സഭൈക്യപ്രസ്ഥാനത്തിലും നമ്മുടെ ദൗത്യം പുനർവ്യാഖ്യാനിക്കേണ്ടതുണ്ട്. രൂപതകളിലെ വിവിധപ്രസ്ഥാനങ്ങളും സന്യാസസമൂഹങ്ങളുംസ്ഥാപനങ്ങളുമൊക്കെ കുറെക്കൂടി കാലഘട്ടത്തിന്റെ വെല്ലുവിളികളെ നേരിടാൻ തക്കവിധത്തിൽ ശുശ്രൂഷകൾ നിർവഹിക്കാൻ വേണ്ടിയുള്ള ആലോചനകളും കർമ്മപദ്ധതികളുമൊക്കെ ഉണ്ടാകേണ്ടതുണ്ട്. അതുകൊണ്ട് സാമൂദായികമായി, സഭാത്മകമായി സഭ നേരിടുന്ന സകല വെല്ലുവിളികളെയും പുതുതായി വ്യാഖ്യാനിക്കാനും നേരിടാനും അഞ്ചാമത് മേജർആർക്കിഎപ്പിസ്ക്കോപ്പൽ അസംബ്ലിക്ക് കാരണമാകുമെന്ന് എനിക്കുറപ്പുണ്ട്. എല്ലാവരെയും ദൈവം അനുഗ്രഹിക്കട്ടെ.

---

കൂരിയ ബിഷപ്പിന്റെ സന്ദേശം

# സീറോമലബാർസഭയുടെ അഞ്ചാമത് മേജർആർക്കിഎപ്പിസ്കോപ്പൽ അസംബ്ലി: അരൂപിയുടെ നിറവിലുള്ള ആലോചനായോഗം

**ബിഷപ്പ് സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ**



''ഉപദേശം കേൾക്കുകയും പ്രബോധനം അംഗീകരിക്കുകയും ചെയ്യുക. നീ ജ്ഞാനി ആകും. മനുഷ്യൻ പലതും ആലോചിച്ചു വയ്ക്കുന്നു, നടപ്പിൽ വരുന്നത് കർത്താവിന്റെ തീരുമാനമാണ്'' (സുഭാ 19:2021). ദൈവം മനുഷ്യനോട് ആലോചനതേടുന്നതും ദൈവത്തോട് ആലോചന നടത്തിവേണം തീരുമാനങ്ങളിലെത്തേണ്ടത് എന്നും ദൈവം മനുഷ്യനെ ഉപദേശിക്കുന്നതു മായ നിരവധി സാഹചര്യങ്ങൾ വിശുദ്ധ ഗ്രന്ഥത്തിലുടനീളം കാണപ്പെടുന്നുണ്ട്. പക്വമായ തീരുമാനങ്ങൾ എടുക്കാനും ശരിയായ ആത്മീയജീവിതം നയിക്കാനും കൂടിയാലോചനകൾ ഏറെ സഹായകമാണ്.

ശരിയായ ഉപദേശകർ പരിശുദ്ധാത്മാവു നിറഞ്ഞവരും ജ്ഞാനികളുമായിരിക്കണം. ഡീക്കന്മാരുടെ തിരഞ്ഞെടുപ്പ് വിവരണം നല്കപ്പെട്ടിരിക്കുന്ന അപ്പസ്തോലപ്രവർത്തനങ്ങളിൽ ഇപ്രകാരം വായിക്കുന്നു: ''അതിനാൽ സഹോദരരേ, സുസമ്മതരും ആത്മാവും ജ്ഞാനവും കൊണ്ടു നിറഞ്ഞവരുമായ ഏഴുപേരെ നിങ്ങളിൽനിന്നു കണ്ടുപിടിക്കുവിൻ. ഞങ്ങൾ അവരെ ഈ ചുമതല ഏല്പ്പിക്കാം"'' (അപ്പ 6:5).

സീറോമലബാർസഭയുടെ അഞ്ചാമതു മേജർ ആർക്കിഎപ്പിസ്കോപ്പൽ അസംബ്ലി പാലാ രൂപതയിലെ അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിലാണ് 2024 ഓഗസ്റ്റ് 23 മുതൽ 25 വരെ തീയതികളിൽ നടത്തപ്പെടുന്നത്.

മേജർ ആർക്കിഎപ്പിസ്കോപ്പൽ സഭ ഒരു വലിയ കൂട്ടായ്മയാണ് എന്നുള്ള യാഥാർഥ്യം അംഗീകരിച്ചുകൊണ്ടു സഭയിലെ എല്ലാ മെത്രാൻമാരുടെയും പുരോഹിത സമർപ്പിത അല്മായ പ്രതിനിധികളുടെയും സംയുക്തയോഗമാണ് മേജർ ആർക്കിഎപ്പിസ്കോപ്പൽ അസംബ്ലി. സഭയിൽ പ്രധാനപ്പെട്ട കാര്യങ്ങൾ തീരുമാനിക്കേണ്ടിവരുമ്പോൾ മേജർആർച്ചുബിഷപ്പിനെയും മെത്രാൻസിനഡിനെയും സഹായിക്കാൻ വേണ്ടിയുള്ള ഒരു ആലോചനായോഗമാണിത്.

ഈ യോഗത്തിൽ സംബന്ധിക്കുന്നവരെല്ലാം പൊതുസമൂഹത്തിൽ സുസമ്മതരും ആത്മാവും ജ്ഞാനവുംകൊണ്ടു നിറഞ്ഞവരും ആകുമ്പോൾ അരൂപിയുടെ വലിയ നിറവ് ഈ അസംബ്ലിയിൽ കാണപ്പെടും എന്ന് ഉറപ്പാണ്.

സഭയിലെ 35 രൂപതകളിൽനിന്നും യൂറോപ്പിലെ അപ്പസ്തോലിക് വിസിറ്റേഷനിൽ നിന്നും ഔദ്യോഗിക അജപാലന ശുശ്രൂഷാ സംവിധാനങ്ങൾ ഇല്ലാത്ത മറ്റു ഭൂഖണ്ഡങ്ങളിൽ നിന്നുമുള്ള പ്രതിനിധികൾ അടക്കം 360 ഓളം പേർ സംബന്ധിക്കുന്ന ഈ മഹാസമ്മേളനം ഫലപ്രദമായിത്തീരാൻവേണ്ടി നമുക്കു പ്രാർഥിക്കാം.

# DECREE OF PROMULGATION

## Particular Law on the Participants of the Syro-Malabar Major Archiepiscopal Assembly

**The proposals were discussed in the subsequent Sessions of the Synod and finally Session III of the XXXI Synod held from 21 to 26 August 2023 discussed the fine-tuned text of the amendments and approved them reducing the number of participants of the Major Archiepiscopal Assembly for an effective and fruitful conducting of the Assembly while ensuring the proportionate representation of all sections of the faithful in it.**

Ever since the number of eparchies in India and abroad, as well as the institutes of consecrated life increased considerably, the number of delegates to be invited to the Major Archiepiscopal Assembly also increased accordingly. The Synod on various occasions deliberated extensively on the necessity of reducing the number of participants so that the Assembly can be more effective and can achieve its established objectives. The Session II of the XXX Synod held from 16 to 25 August 2022, after extensive deliberations, decided to reduce the number of delegates in a proportionate manner and entrusted the Synodal Committee for Canonical Questions to propose the amendments to be made in the Particular Law of the Syro-Malabar Church.

The proposals were discussed in the subsequent Sessions of the Synod and finally Session III of the XXXI Synod held from 21 to 26 August 2023 discussed the fine-tuned text of the amendments and approved them reducing the number of participants of the Major Archiepiscopal Assembly for an effective and fruitful conducting of the Assembly while ensuring the proportionate representation of all sections of the faithful in it.

Since certain proposals for the amendments necessitated changes from the specifications given in canon 143 of the Code of Canons of the Eastern Churches, approval of the Apostolic See was sought by the Major Archbishop. The Dicastery for the Eastern Churches, through its letter (Prot. N. 8/2014, dated 6 February 2024) communicated that the Holy Father Pope Francis granted the required approval to the changes proposed, indicating certain points for the perfection of the text of the law and directing to consult the Permanent Synod in finalizing the text. The Permanent Synod convened on 11 March 2024 approved the final text of the law to be promulgated.

Therefore, having fulfilled all the requirements envisaged by the law, the undersigned Major Archbishop of the Syro-Malabar Church, in conformity with canon 112 §1 of CCEO, promulgate the following Particular Law of the Syro-Malabar Church, replacing Article 6 §§1-2 of the Statutes of the Major Archiepiscopal Assembly:

Article 6 Participants

§1. The following persons are the ex officio members of the Major Archiepiscopal Assembly:

1° eparchial bishops, titular bishops, including coadjutor bishops, auxiliary bishops and bishops emeriti except those above the age of 80, who do not have deliberative vote as per the motu proprio Iam Pridem dated April 16, 2023, as well as exarchs, apostolic administrators and apostolic visitators, if any (CCEO c. 984 §2), from both within and outside the territorium proprium of the Syro-Malabar Malabar Church;

2° protosyncellus from each eparchy and one syncellus from those eparchies where an auxiliary bishop is protosyncellus;

3° superiors general of the institutes of consecrated life and societies of apostolic life of pontifical and major archiepiscopal right;

4° two superiors of monasteries sui iuris (one male and one female) who will be selected in the order of precedence of the year of establishment of the monastery;

5° superior general, one male and one female each, of the institutes of conse-crated life and societies of apostolic life of eparchial right from the eparchy of their origin, who will be selected by their eparchial bishop in the order of precedence of the year of establishment of the institute;

6° president of the Syro-Malabar Religious Conference (SMRC);

7° rectors of the synodal major seminaries;

8° two representatives of the rectors of all the other major seminaries belonging to eparchies or the institutes of consecrated life and societies of apostolic life in the Syro-Malabar Church, in the order of precedence of the year of establishment of the seminary;

9° rectors of Syro-Malabar ecclesiastical universities/presidents of pontifical institutes; and,

10° president/vice president of inter-ritual pontifical institute, who is a Syro-Malabarian.

§2. The following persons are to be convened to the Major Archiepiscopal Assembly as delegates sent by each of the eparchies whether inside or outside the territorium proprium of the Syro-Malabar Church:

1° one presbyter delegate from each eparchy having up to 300 presbyters; if there are more than 300 presbyters ascribed to an eparchy, that eparchy can send one more presbyter delegate;

2° two lay delegates, (one male and one female) from each eparchy having a population up to 100,000. If there are more than 100,000 faithful in an eparchy, that eparchy can send one more delegate each for every additional 100,000 faithful. The maximum number of lay delegates from an eparchy shall be ten and at least one third of them shall be women. Adequate representation shall be given to the youth and dalit Christians;

3° lay secretaries of eparchial pastoral councils; and one lay member of the pastoral council, selected by the eparchial bishop, from those eparchies where the secretary of the pastoral council is a priest;

4° three representatives of the catechists from all the mission eparchies proposed collectively by the bishops of the eparchies concerned and nominated by the Major Archbishop;

5° one lay representative of each of the Syro-Malabar pious associations and community associations to be chosen by the executive body of the said associations at the major archiepiscopal level and nominated by the Major Archbishop;

6° one representative of the retreat centres in the Syro-Malabar Church nomi- nated by the Major Archbishop;

7° one deacon each from the synodal major seminaries, chosen by the deacons themselves, endorsed by their respective rectors and nominated by the Major Archbishop;

8° one representative each from the Syro-Malabar migrant communities where there is no Syro-Malabar jurisdiction, presented by the chairman of the Commission for Evangelization and Pastoral Care of Migrants and nominated by the Major Archbishop;

9° resident officials/secretaries of major archiepiscopal Commissions/Commi-ttees at the major archiepiscopal curia and two non-resident secretaries nominated by the Major Archbishop; and,

10° members nominated freely by the Major Archbishop (not more than twenty) from among the priests, consecrated men and women, dalits, women, youth and experts in various disciplines.

All contrary dispositions notwithstanding.

Given this from the Major Archiepiscopal Curia at Mount St. Thomas, Kakkanad on 25 March, 2024, the Feast of the Annunciation.

**Mar Raphael Thattil**
Major Archbishop of the
Syro-Malabar Church

**Fr. Abraham Kavilpurayidathil**
Major Archiepiscopal
Chancellor

# വിശ്വാസപരിശീലനത്തിൽ ഉണ്ടാകേണ്ട മാറ്റങ്ങൾ

**മാതാപിതാക്കളെ സഹായിക്കുവാൻ സീറോമലബാർസഭ രൂപപ്പെടുത്തിയിട്ടുള്ള വിശ്വാസപരിശീലന സംവിധാനങ്ങൾ ഇന്ന് ഏറെ വിമർശനങ്ങൾ നേരിടുകയാണ്. ഇത്തരം പശ്ചാത്തലത്തിൽ നിലവിലുള്ള വിശ്വാസപരിശീലന സംവിധാനത്തെ; അതിന്റെ ഉള്ളടക്കത്തിലും കൈമാറ്റ രീതിയിലും മാറ്റം വരുത്തേണ്ടത് അനിവാര്യമാണ്.**

പ്രൊഫ. കെ. എം. ഫ്രാൻസിസ്, തൃശൂർ



വിശ്വാസ പരിശീലനത്തിൽ വരുത്തേണ്ട മാറ്റങ്ങളുടെ ദിശ എന്തായിരിക്കണം എന്ന് കത്തോലിക്കാസഭ തന്നെ വ്യക്തമാക്കിയിട്ടുണ്ട്. ദൈവിക രഹസ്യങ്ങൾ മനുഷ്യബുദ്ധിയുടെ സ്വഭാവികനിഗമനങ്ങൾക്കപ്പുറത്ത് നിലനിൽക്കുന്നവയാണ്. അവ പഞ്ചേന്ദ്രിയങ്ങളിലൂടെ ലഭിക്കുന്ന അനുഭവാധിഷ്ഠിത അറിവുകളല്ല, പ്രത്യുത ദൈവം സ്വയം വെളിപ്പെടുത്തുന്നവയെ മനുഷ്യൻ കണ്ടുമുട്ടുന്നതാണ്. എന്നാൽ മനുഷ്യവ്യക്തിയുടെ അറിവിന്റെ സ്രോതസ്സ് പഞ്ചേന്ദ്രിയങ്ങളാണ്. അതിനാൽ ഇന്ദ്രീയാതീതമായ വെളിപാടുകളെ ഇന്ദ്രിയാനുഭവങ്ങളാക്കി മാറ്റിക്കൊണ്ടാണ് വിശ്വാസപരിശീലനം സാധ്യമാക്കുന്നത്. സാങ്കേതികമായി ഈ പ്രക്രിയയെ സഭ മിസ്റ്റഗോഗി (ങ്യമേഴീഴൗല) എന്ന് വിളിക്കുന്നു. കാണപ്പെടുന്നവയിൽ നിന്ന് കാണപ്പെടാത്തവയിലേക്ക് എന്നാണ് ഈ പദത്തിന്റെ പ്രായോഗിക അർത്ഥം. കാണപ്പെടാത്ത ദൈവസ്വഭാവങ്ങളെ കാണപ്പെടുന്നവയാക്കി മാറ്റുന്ന ബോധനരീതിയാണ് ഈശോയും സുവിശേഷകന്മാരും സ്വീകരിച്ചത്. കാണപ്പെടാത്ത ദൈവത്തെ ഈശോയിലൂടെ കാണുകയും അനുഭവിക്കുകയും ചെയ്യുന്നു. കാണപ്പെടാത്ത ഈശോയെ സഭയുടെ കൂദാശകളിലൂടെ കണ്ടുമുട്ടുന്നു (ഫ്രാൻസിസ് മാർപാപ്പ, ഞാൻ അതിയായി ആശിച്ചു). ദൈവത്തെ ഈശോയിലൂടെ കാണുകയും കേൾക്കുകയും അനുഭവിക്കുകയും ചെയ്തുവെന്നതാണ് വി. യോഹന്നാന്റെ സാക്ഷ്യം (1 യോഹന്നാൻ 1:15) അനുഭവാധിഷ്ഠിതമായി അറിവ് പകരുന്ന സമ്പ്രദായത്തെ ഗ്രീക്കു ഭാഷയിൽ അവതരിപ്പിക്കുന്ന ഒറ്റവാക്കാണ് മലവൈേലശേരെ മറ്റുവാക്കുകളിൽ വിശ്വാസ പരിശീലനം മലവൈേലശേരെ വിഷയമാണ്.

പൊതുവിദ്യാഭ്യാസ മേഖലയിലെ പരിശീലന പദ്ധതി യഥാർഥത്തിൽ കാണപ്പെടുന്നവയിൽ നിന്ന് കാണപ്പെടാത്തവയിലേക്കുള്ള ബുദ്ധിയുടെ യാത്രയാണ്. നഴ്സറി വിദ്യാഭ്യാസകാലം മുതൽ നാലാം ക്ലാസുവരെയുള്ള പൊതുവിദ്യാഭ്യാസ മേഖലയിലെ പാഠങ്ങളിൽ കഥകൾ, കവിതകൾ, ചരിത്രസംഭവങ്ങൾ, നാടകങ്ങൾ എന്നിവയിലൂടെയാണ് സാമൂഹിക സന്ദേശങ്ങൾ കൈമാറ്റം ചെയ്യുന്നത്. ഈ പ്രക്രിയ ബാച്ചിലർ ബിരുദം നേടുന്നതുവരെ തുടരുന്നു.

കഥകളും കവിതകളും ചരിത്രസംഭവങ്ങളും നോവലുകളും നാടകങ്ങളും ഇന്ദ്രിയാനുഭൂതിപരമാണ് (ലിെീൗ). അവ ഇന്ദ്രിയങ്ങളിലൂടെ ബുദ്ധിയെ (ശിലേഹഹലരേ) രൂപാന്തരപ്പെടുത്തുന്നു. വിശുദ്ധ ഗ്രന്ഥം മുഴുവനും പിൻതുടരുന്നത് ഇന്ദ്രിയാനുഭൂതിപരമായ വിശ്വാസകൈമാറ്റമാണ്. എന്നാൽ നമ്മുടെ വിശ്വാസ പരിശീലന പാഠപുസ്തകങ്ങളുടെ ഘടനതന്നെ ഇന്ദ്രിയാനുഭവം കൂടാതെ ബുദ്ധിയെ സ്വാധീനിക്കാനുള്ള ശ്രമങ്ങളാണ്. പ്രസ്തുത പാഠങ്ങൾ മാതാപിതാക്കൾക്കോ വിശ്വാസപരിശീലന അധ്യാപകർക്കോ എന്തിനേറെ പറയുന്നു സെമിനാരി പരിശീലനം സിദ്ധിച്ച വൈദികർക്കുപോലും കൃത്യമായി വിശദീകരിക്കാൻ കഴിയാത്തവയാണ്.

വിശുദ്ധ ഗ്രന്ഥത്തിൽ ഉപയോഗിക്കുന്ന സംഭവങ്ങളും ഉപമകളും ചെറുപ്രായത്തിൽ പഠിക്കുന്നവരെ പ്രസ്തുത കഥകൾ മരണം വരെ രൂപാന്തരപ്പെടുത്തും. ഉദാഹരണമായി മുടിയനായ പുത്രന്റെ ഉപമ വായിക്കുകയും അനുഭവിക്കുകയും ചെയ്യുന്ന ഒന്നുമുതൽ നാലാം ക്ലാസുവരെയുള്ള പഠിതാവിലുണ്ടാക്കുന്ന മാറ്റം സൃഷ്ടിക്കാൻ ആയിരം തത്വശാസ്ത്രദൈവശാസ്ത്ര ഗ്രന്ഥങ്ങൾക്ക് സാധിക്കുകയില്ല. ഈശോ ഇത്തരം സംഭവങ്ങൾ പറഞ്ഞത് പ്രായമായവരോടാണ്. ചെറിയ പ്രായത്തിൽ തത്വശാസ്ത്ര ദൈവശാസ്ത്ര സിദ്ധാന്തങ്ങൾ കൈമാറാൻ ശ്രമിച്ചാൽ കുട്ടികളുടെ മാനസികവും ബൗദ്ധികവും ആത്മീയവുമായ വളർച്ച മുരടിക്കുന്നു.

ഈ മുരടിച്ചയാണ് വിശ്വാസപരിശീലന രംഗം നേരിടുന്ന പ്രതിസന്ധി. വിശ്വാസപരിശീലന ക്ലാസുകളിൽ കൂടുതൽ മാർക്കു വാങ്ങുന്ന കുട്ടികൾക്ക് കൂടുതൽ വിശ്വാസം ഉണ്ടെന്ന് അവകാശപ്പെടാൻ കഴിയുമോ? പരീക്ഷകൾ വേണ്ടാ എന്നല്ല, പക്ഷേ പരീക്ഷകൾ നടത്തുകയും ഒരു വിദ്യാർഥിയെ തോല്പിക്കുകയും ചെയ്താൽ ചെറിയ പ്രായത്തിലുള്ള കുട്ടികൾ വിശ്വാസപരിശീലന പ്രക്രിയയെ തന്നെ വെറുക്കുന്നവരായി മാറുന്നു. ഇതാദ്യം തിരിച്ചറിഞ്ഞുകൊണ്ടാണ് പൊതുവിദ്യാഭ്യാസ മേഖലകളിൽ ചെറുപ്രായത്തിലുള്ള ക്ലാസുകളിൽ പഠിതാക്കളെ പരീക്ഷയിൽ തോല്പിക്കുന്ന സമ്പ്രദായം ലോകത്തിലുള്ള മുഴുവൻ രാജ്യങ്ങളും ഉപേക്ഷിച്ചത്.

ഹിന്ദുമതത്തിന്റെ ബോധനപ്രക്രിയ പരിശോധിച്ചാൽ കഥ, കവിത, നാടകങ്ങൾ, നൃത്തം, സംഗീതം എന്നിവയുടെ പ്രാധാന്യം മനസ്സിലാക്കും. ഇക്കാര്യം മനസ്സിലാക്കിക്കൊണ്ട് 1988ൽ നടന്ന ഏഷ്യൻ ബിഷപ്പുമാരുമൊത്തുള്ള സിനഡിന്റെ അനന്തരഫലമായി പ്രസിദ്ധീകരിച്ച ഏഷ്യയിലെ സഭ (ഋരരഹലശെമ ശി അശെമ) എന്ന അപ്പസ്തോലികാഹ്വാനത്തിൽ ഇന്ത്യക്കാരെപ്പോലെ കഥകൾ വിശ്വാസകൈമാറ്റത്തിന്റെ ഉപകരണമാക്കാൻ ജോൺപോൾ രണ്ടാമൻ പാപ്പ ആഹ്വാനം ചെയ്യുന്നു.

കഥകളുടെയും ചരിത്രസംഭവങ്ങളുടെയും കവിതകളുടെയും അക്ഷയഖനിയാണ് വി. ഗ്രന്ഥവും ഇന്ത്യൻ സാംസ്കാരിക പരിസരവും. പ്രസ്തുത ഉറവിടങ്ങളിൽനിന്ന് വിശ്വാസ ജീവിതത്തെ ക്രമേണ വളർത്താനുതകുന്ന രീതിയിൽ കലാസൃഷ്ടികളെ തിരഞ്ഞെടുത്ത് ക്രമീകരിച്ച് വിശ്വാസപരിശീലന പാഠങ്ങൾ തയ്യാറാക്കാൻ നമ്മുടെ സഭയ്ക്ക് കഴിയട്ടെ. പൂർവ്വയൗസേപ്പിന്റെ ജീവിതം, സൂസന്നയുടെ ധൈര്യം, വിജാതീയ സ്ത്രീയെ വിവാഹം കഴിച്ച് ജീവിതം തകർത്ത സാംസൺ, വിശ്വാസം വിലയേറിയതെന്ന് പ്രഖ്യാപിച്ച് മരണം കൈവരിച്ച വി. സെബാസ്റ്റ്യൻ, വിശുദ്ധ ഗീവർഗീസ്, ചാരിത്ര്യം കാത്തു സൂക്ഷിക്കാൻ ജീവിതം ത്യജിച്ച മരിയ ഗൊരേത്തി, നല്ല അയൽക്കാരൻ, വിശ്വാസത്തിനുവേണ്ടി ജീവൻ വെടിയാൻ മക്കളെ പ്രചോദിപ്പിക്കുന്ന മക്കബായരുടെ അമ്മ, സഹനത്തിലൂടെ വിശുദ്ധി പ്രാപിച്ച വി. അൽഫോൻസ മുതലായ അനുഭവങ്ങളാണ് മനുഷ്യരെ രൂപാന്തരപ്പെടുത്തുക എന്ന അറിവ് വിശ്വാസ പരിശീലന പാഠപുസ്തക നിർമ്മിതിയുടെ സമിതികൾ മനസ്സിലാക്കിയാൽ നന്നായിരുന്നു. മാത്രമല്ല അർണ്ണോസ് പാതിരി, ചാവറയച്ചൻ മുതലായ കേരള നവോത്ഥാന നായകരുടെ ചരിത്രം കുട്ടികൾക്ക് കൈമാറുന്നതിലൂടെ ക്രിസ്ത്യാനിയെന്ന നിലയിൽ ആത്മാഭിമാനമുള്ളവരായി മാറാൻ ഓരോ വിശ്വാസിക്കും കഴിയും. ഇന്ത്യാരാജ്യത്തിന്റെ നിർമ്മിതിയിൽ ഞങ്ങളുടെ പിതാമഹന്മാർ പങ്കാളിയായിരുന്നുവെന്ന ചരിത്ര നിർമ്മിതികൾ വിശ്വാസപരിശീലന പാഠങ്ങളുടെ ഭാഗമാകട്ടെ.

# ദിവ്യകാരുണ്യ മിഷനറിസഭ

**ദിവ്യകാരുണ്യചൈതന്യം ജീവിതപാതയിൽ സ്വീകരിച്ചുകൊണ്ട് കഴിഞ്ഞ ഒമ്പതു പതിറ്റാണ്ടുകളായി സമൂഹത്തിലും സഭയിലും പ്രകാശം പരത്തിനില്ക്കുകയാണ് ദിവ്യകാരുണ്യമിഷനറിസഭ അഥവാ എംസിബിഎസ്.**



'ദിവ്യകാരുണ്യം ജീവിക്കുക, പ്രഘോഷിക്കുക' എന്ന ആപ്തവാക്യവുമായി കേരളമണ്ണിൽ മുളച്ച്, ഭാരതത്തിലും ഇതര ഭൂഖണ്ഡങ്ങളിലും പടർന്നു പന്തലിച്ചു നിൽക്കുന്ന സന്യാസസമൂഹമാണ് ദിവ്യകാരുണ്യ മിഷനറിസഭ (ങഇ ആട).

ബഹു. ആലക്കളം മത്തായിയച്ചനും ബഹു. പറേടം യൗസേപ്പച്ചനുമാണ് ദിവ്യകാരുണ്യ മിഷനറി സഭയുടെ സ്ഥാപകർ. 1933 മേയ് ഏഴിന് യൗസേപ്പിതാവിന്റെ പ്രത്യേക മധ്യസ്ഥതയിൽ ചങ്ങനാശേരി രൂപതയിലെ മല്ലപ്പള്ളിയിലാണ് എം.സി.ബി.എ സ്. സഭ പിറവിയെടുത്തത്.

സമൂഹത്തിലെ മുഖ്യധാരയിൽ നിന്ന് തഴയപ്പെട്ടവരും അരികുവല്ക്കരിക്കപ്പെട്ടവരും അന്തിയുറങ്ങാൻ ഇടമില്ലാത്തവരും അശരണരും ആശ്രയഹീനരും എം. സി.ബി.എസിന്റെ പ്രേഷിതത്വത്തിൽ മുഖ്യഗണനാർഹരാണ്. വൈവിധ്യമാർന്ന ശുശ്രൂഷാമേഖലകളാണ് ഈ ലക്ഷ്യപ്രാപ്തിക്കുവേണ്ടി സഭ തിരഞ്ഞെടുത്തിരിക്കുന്നത്.

ആരാധനക്രമാധിഷ്ഠിതമായ ജീവിതവും പരിശീലനവും, അജപാലനം, ദിവ്യകാരുണ്യ പഠനകേന്ദ്രങ്ങൾ, ധ്യാനങ്ങൾ, ദിവ്യകാരുണ്യ ഗീതങ്ങൾ, കലാരൂപങ്ങൾ, മാതൃസഭയ്ക്കു വേണ്ടിയുള്ള സംഭാവനകൾ, ബൈബിൾ വിജ്ഞാനമേഖല, ദൈവശാസ് തത്വശാസ്ത്ര പഠനപരിശീലനങ്ങൾ, കുടുംബപ്രേഷിതത്വം, കുട്ടികൾക്കും യുവജനങ്ങൾക്കും വേണ്ടിയുള്ള ആത്മീയ സംഘടനകൾ, രാജ്യപുരോഗതിയിലുള്ള സജീവ ഭാഗഭാഗിത്വം, തടവറ പ്രേഷിതത്വം (ജീസസ് ഫ്രട്ടേണിറ്റി), ആതുരശുശ്രൂഷ, മാനസികശാരീരിക സുസ്ഥിതിക്കുള്ള പ്രവർത്തനങ്ങൾ, ആകാശപറവകളുടെ സംരക്ഷണം, ഭിന്നശേഷിക്കാർക്കു വേണ്ടിയുള്ള കരുതൽ, ബധിരർക്കും മൂകർക്കുമായുള്ള കാരുണ്യനിലയങ്ങൾ, ഭിക്ഷാടകർക്കുള്ള അൻപ് ഇല്ലങ്ങൾ, കാലോചിത സുവിശേഷപ്രഘോഷണങ്ങൾ, മതാന്തര സംവാദങ്ങൾ, കലാ കായികമേഖലകൾ, പ്രകൃതിസൗഹൃദ സംരംഭങ്ങൾ, കൃഷി, സംഗീതം, വിദ്യാഭ്യാസം, സാഹിത്യം, അച്ചടി, സാങ്കേതിക പരിശീലന മേഖലകൾ, നവമാധ്യമ പ്രേഷിതത്വം എന്നീ രംഗങ്ങളിൽ തനതുമുദ്ര പതിപ്പിക്കാൻ എം.സി. ബി.എസ്. സഭയ്ക്കു കഴിഞ്ഞിട്ടുണ്ട്.

അജഗണത്തിന്റെ അപ്പമായി മാറിയ വലിയ ഇടയന്റെ ചൈതന്യമുൾക്കൊണ്ട്, ഒരിടയനും ഒരു തൊഴുത്തും എന്ന അഭിലാഷപൂർത്തിയുടെ ഭാഗമായി കേരളസഭയിലും ആഗോളസഭയിലും എം.സി.ബി.എസ്. സഭാംഗങ്ങൾ ദിവ്യകാരുണ്യത്തിന്റെ സാക്ഷികളായി അവരുടെ അജപാലനദൗത്യം നിർവഹിക്കുന്നു.

ദിവ്യകാരുണ്യ മിഷനറി സന്യാസസമൂഹത്തിൽ ഇപ്പോൾ രണ്ട് മെത്രാൻമാരും 502 വൈദികരും 250ലേറെ വൈദികാർത്ഥികളുമുണ്ട്. ആലുവാ ചുണങ്ങുംവേലിയിലാണ് ജനറലേറ്റ്. ഫാ. അഗസ്റ്റിൻ പായിക്കാട്ടാണ് സുപ്പീരിയർ ജനറൽ. എമ്മാവൂസ് ( കോട്ടയം), സീയോൺ,( കോഴിക്കോട് ) പരംപ്രസാദ് ( എറണാകുളം) എന്നീ മൂന്ന് പ്രൊവിൻസുകളാണ് ഇപ്പോഴുള്ളത്. ഫാ. ജോസഫ് ചൊവ്വേലിക്കുടിയിൽ എമ്മാവൂസിന്റെയും, ഫാ. മാത്യു ഓലിക്കൽ സീയോണിന്റെയും, ഫാ. ജോസഫ് കൈപ്പയിൽ പരംപ്രസാദിന്റെയും പ്രൊവിൻഷ്യൾ സുപ്പീരിയർമാരായി ശുശ്രൂഷ ചെയ്യുന്നു.

രണ്ട് മൈനർ സെമിനാരികളും രണ്ട് നവസന്യാസഭവനങ്ങളും സഭക്കുണ്ട്. സ്വന്തമായ തത്വശാസ്ത്ര പഠനകേന്ദ്രം 1996ൽ 'ജീവാലയ' എന്ന പേരിൽ ബാംഗ്ലൂരിലും സ്വന്തമായ ദൈവശാസ്ത്ര പഠനകേന്ദ്രം 2004ൽ 'സനാതന ദിവ്യകാരുണ്യ വിദ്യാപീഠം' എന്ന പേരിൽ താമരശ്ശേരിയിലും ആരംഭിച്ചു. രണ്ട് പഠനകേന്ദ്രങ്ങളും റോമിലെ ഉർബാനിയൻ യൂണിവേഴ്സിറ്റിയുടെ കീഴിലാണ്' പ്രവർത്തിക്കുന്നത്.


പരിശുദ്ധ കുർബാനയുടെ പാദക്ഷാളനത്തിന്റെയും പങ്കുവയ്ക്കലിന്റെയും അർപ്പിച്ച് അനശ്വരമാക്കലിന്റെയും ചൈതന്യവാഹികളായി ഒരു നവലോകനിർമിതിയാണ് എം.സി. ബി.എസിന്റെ. ലക്ഷ്യം.

# മാർതോമാശ്ലീഹ ഇന്ത്യയിലെത്താൻ ഉപയോഗിച്ച പാതകൾ

ലിറ്റർജിക്കൽ റിസർച്ച് സെന്റർ പഠനപരമ്പര

റവ. ഡോ. ജയിംസ് പുലിയുറുമ്പിൽ

മെഡിറ്ററേനിയൻ പ്രദേശത്തെ ഇന്ത്യയുമായി ബന്ധിപ്പിച്ചിരുന്ന കരമാർഗം (land route) പൊതുവേ അറിയപ്പെട്ടിരുന്നത് സിൽക്ക് പാത (silk route) കുരുമുളകു പാത (pepper route) എന്നീ പേരുകളിൽ ആയിരുന്നു. യൂറോപ്യൻ ചൈനീസ് വ്യാപാരത്തിനു പ്രാധാന്യം കൊടുത്തുകൊണ്ട് 'സിൽക്ക് പാത' എന്നും യൂറോപ്പ്യൻ രാജ്യങ്ങൾക്ക് ഇന്ത്യയുമായും പ്രത്യേകിച്ച് കേരളവും ആയുള്ള വാണിജ്യ ബന്ധത്തിന് പ്രാധാന്യം കൊടുത്തുകൊണ്ട് 'കുരുമുളകു പാത' അഥവാ 'സുഗന്ധവ്യഞ്ജനപാത' (spice route) എന്നുമാണ് ഈ വഴി അറിയപ്പെട്ടിരുന്നത്. റോമാ സാമ്രാജ്യത്തിന്റെ തലസ്ഥാനവും ഭലോകത്തിന്റെ തന്നെ തലസ്ഥാനവും' മെഡിറ്ററേനിയൻ പ്രദേശത്തിന്റെ കേന്ദ്രവുമായ റോമിൽ നിന്ന് ആരംഭിക്കുന്ന ഈ പാത കിഴക്കേ റോമാ സാമ്രാജ്യത്തിന്റെ തലസ്ഥാനമായ അന്ത്യോഖ്യ, റോമ പേർഷ്യ അതിർത്തിയിലുള്ള എദേസ, പേർഷ്യൻ രാജ്യത്തിന്റെ തലസ്ഥാനമായ സെല്യൂഷ ക്റ്റസിഫോൺ, സാഗ്രോസ് പർവതം, മേദിയായിലെ എക്ബട്ടണ എന്നിവ കടന്ന് മെർവ് എന്ന പട്ടണത്തിലെത്തുന്നു. അവിടെ നിന്ന് ഒരു വഴി ചൈനയിലേക്കും മറ്റൊരു വഴി ഇന്ത്യയിലേക്കും പോയിരുന്നു. ഇവയിൽ ചൈനയിലേക്ക് പോയിരുന്ന വഴിയെ സിൽക്ക്പാത എന്നും ഇന്ത്യയിലേക്ക് പോയിരുന്ന വഴിയെ കുരുമുളക്പാത എന്നും




വിദേശികൾ വിളിച്ചിരുന്നു. ഇന്ത്യയിലേക്കുള്ള വഴി വടക്കേഇന്ത്യയിലെ പ്രധാന പട്ടണമായ ഗുജറാത്തിലെ ബറൂച്ചിലേക്കും (Bharuch) അവിടെനിന്ന് തുടർന്നുപോന്ന് മലബാർ തീരത്തെ മുസീറിസിലും (Muziris) എത്തിയിരുന്നു.

മെഡിറ്ററേനിയൻ പ്രദേശത്തുനിന്ന് ഇന്ത്യയിൽ എത്താനുള്ള മറ്റൊരു മാർഗമാണ് സമുദ്രത്തിലൂടെയുള്ള യാത്ര. ക്രിസ്തുവർഷം ആദ്യ നൂറ്റാണ്ടിൽ പടിഞ്ഞാറൻ ലോകം കിഴക്കിനോട് കൂടുതൽ അടുത്തു എന്നു പറയാം. അതിനു പ്രധാന കാരണമായിതീർന്നത് റോമാക്കാരുടെ ഈജിപ്തിലേക്കുള്ള പ്രവേശനമായിരുന്നു. ഈജിപ്തിലെ ഏറ്റവും പ്രധാന പട്ടണമായ അലക്സാണ്ടറിയ റോമാസാമ്രാജ്യത്തിലെ ഏറ്റവും പ്രധാന വാണിജ്യ തുറമുഖപട്ടണം ആയി ഉയർന്നു. ഗ്രീക്ക് സംസ്കാരം പ്രചരിപ്പിക്കാൻ ആണ് അലക്സാണ്ടർ ചക്രവർത്തി ഈജിപ്തിലെ അലക്സാണ്ടറിയ പട്ടണം കൊണ്ട് ഉദ്ദേശിച്ചത്. റോമാക്കാർ ഈ പട്ടണത്തെ അവരുടെ കച്ചവടത്തിന് നന്നായി ഉപയോഗിച്ചു. കിഴക്കു ദേശത്തേക്കുള്ള അവരുടെ കപ്പലുകൾ പുറപ്പെട്ടിരുന്നത് അന്ന് റോമാക്കാർക്ക് കീഴിലായിരുന്ന ഈജിപ്തിലെ അലക്സാണ്ടറിയ എന്ന ഗ്രീക്കു പട്ടണത്തിൽ നിന്നായിരുന്നു. അവിടെ നിന്നുള്ള ഗ്രീക്ക്, റോമൻ, ഈജിപ്ഷ്യൻ കച്ചവടക്കാർ മലബാർ തീരത്തും ചോളമണ്ഡലം തീരത്തും പല വാണിജ്യ കോളനികൾ സ്ഥാപിച്ചിരുന്നു. മുസിരിസ്, ബറൂച്, കാവേരിപട്ടണം എന്നിവയായിരുന്നു അവയിൽ പ്രധാനപ്പെട്ടവ. ഈ പടിഞ്ഞാറ്കിഴക്കൻ ബന്ധം അഥവാ അലക്സാണ്ടറിയ മുസീറിസ് ബന്ധം കൂടുതൽ ശക്തിപ്പെടുത്തിയത് ക്രിസ്തുവർഷം 47ലെ മൺസൂൺ കാറ്റുകളുടെ കണ്ടുപിടിത്തമാണ്. ഹിപാലസ് എന്ന ഗ്രീക്ക് നാവികനാണ് മൺസൂൺ കാറ്റുകളുടെ ഗതി ആദ്യമായി കൃത്യമായി മനസ്സിലാക്കുന്നത്.

അലക്സാണ്ടറിനു ശേഷം ഫിനീഷ്യൻ പട്ടണങ്ങളും ചെങ്കടലിലൂടെ ഉള്ള വാണിജ്യവും എല്ലാം ഈജിപ്റ്റുകാരുടെ കൈകളിൽ ആയി. അങ്ങനെ ഈജിപ്ത് പഠനത്തിന്റെയും വാണിജ്യത്തിന്റെയും കേന്ദ്രമായി തീർന്നു. ഫിനിഷിയൻ (phoenician) പട്ടണമായ ടയറിൽ നിന്ന് കേന്ദ്രസ്ഥാനം ഈജിപ്ഷ്യൻ പട്ടണമായ അലക്സാണ്ടറിയിലേക്ക് മാറി. ക്രിസ്തുവിനു മുൻപ് 120 വരെ ഈജിപ്റ്റിൽ നിന്ന് നേരെ ഇന്ത്യയിലേക്കു പോകാനുള്ള ശ്രമങ്ങൾ നടന്നില്ല. ഈജിപ്റ്റുകാർക്ക് ഇന്ത്യയെകുറിച്ചുള്ള അറിവും തുച്ഛം ആയിരുന്നു. മെഗസ്തനസ്, എരതോസ്തനസ് എന്നിവരിൽ നിന്നാണ് ഇന്ത്യയെക്കുറിച്ച് കുറച്ചെങ്കിലും അറിവ് അവർക്ക് ലഭിച്ചത്. ഇന്ത്യ ഒരു വലിയ രാജ്യമോ പ്രദേശമോ ആയി മാത്രമേ ഈജിപ്റ്റുകൾ പരിഗണിച്ചുള്ളൂ. എന്നാൽ റോമാക്കാർ ഈജിപ്ത് കീഴടക്കിയതോടെ സ്ഥിതിഗതികൾ മാറി. റോമാക്കാർക്ക് അവരുടെ കച്ചവടത്തിനായി ഇന്ത്യയിലെക്കുള്ള എളുപ്പമാർഗം കണ്ടുപിടിക്കാൻ താല്പര്യമായിരുന്നു. ഈ സമയത്താണ് ഗ്രീക്ക് നാവികനായ ഹിപാലസ് അറബികളിൽ നിന്നും ഇന്ത്യക്കാരിൽ നിന്നും ലഭിച്ച അറിവിന്റെ വെളിച്ചത്തിൽ ഇന്ത്യയിലേക്കുള്ള കടലിലൂടെ എളുപ്പമാർഗം കണ്ടുപിടിക്കാൻ ശ്രമം നടത്തിയത്.

ക്രിസ്തുവിന്റെ കാലത്ത് നിലവിലിരുന്ന ഈ രണ്ടു മാർഗങ്ങളും അന്ത്യോഖ്യ, എദേസ വഴി ഇന്ത്യയിലേക്കുള്ള കരമാർഗ്ഗവും അലക്സാണ്ടറിയ മുസീറിസ് പാത എന്നറിയപ്പെട്ട സമുദ്ര മാർഗ്ഗവും തോമാശ്ലീഹായുടെ ഇന്ത്യയിലേക്ക് ഉള്ള പ്രേഷിതയാത്ര എളുപ്പമാക്കി തീർത്ത വഴികളാണ്. തോമാശ്ലീഹായ്ക്ക് തന്റെ ആദ്യത്തെ പ്രേക്ഷിത യാത്രയ്ക്കായി ഇന്ത്യയിൽ എഡി 42 ൽ ഗുജറാത്തിലെ ബറൂച്ചിലെത്താനും എഡി 52 ൽ കേരളത്തിലെ മുസിറിസിലെത്താനും ഈ പാതകൾ സഹായകമായി.

# Reflections on the India Mission in Odisha

Sojin Sebastian

We (Tonia, Joel, Jesvin, Hilda, Fr Anish and I), the Syro-Malabar Eparchy of St Thomas the Apostle, Melbourne missionaries, embarked on our mission trip to Odisha from April 22 to May 2 this year. It was not just a journey but a transformative experience that left an indelible mark on our hearts and will shape our future mission endeavours.

The Missionaries of Odisha - the MST fathers, sisters, and catechists inspired us with their unwavering dedication. Despite facing persecution, they continued their work with zeal and love, embodying the true spirit of missionary work. Their stories of sacrifice and perseverance were touching.

Preaching the Gospel at all Times and using Words, When Necessary, became a reality during our mission. While formal talks had their place, we shared the gospel in simple, everyday interactions. Whether playing with the children, assisting in daily tasks, or simply being present, our actions spoke volumes about our faith and



commitment.

A lesson we will never forget is the Contentment in Nothingness. Visiting the villages, we were struck by how the people were genuinely happy and content despite having little material possessions. Their smiles and how they cared for one another demonstrated a deep, abiding faith that needs no worldly wealth.

One of the most significant lessons we learned during our mission was the importance of Trusting in God's Providence. Venturing into unknown territories without a clear plan, we relied entirely on God's guidance and protection. This trust was richly rewarded, as we witnessed countless blessings and miracles along the way.

The trip also highlighted the role of the Syro-Malabar Church as a Missionary Church. In Odisha, we saw firsthand the church's dedication to spreading the faith in challenging environments. The priests and nuns we met exemplified this missionary spirit, tirelessly working to build communities and nurture faith amidst adversity.


Finally, the mission experience moulded us because mission moulds missionaries. The journey was not just about serving others but also about our growth and transformation. We returned with a renewed sense of purpose, deeper faith, and a commitment to continue living out the gospel daily.

The Future of the Mission: Our mission trip highlighted the crucial role of young people in the Syro-Malabar Church and the importance of moving from maintenance to mission. The work of the missionaries in Odisha, forming communities from scratch, contrasted with the more maintenance-focused efforts in other regions. We will be carrying out more mission journeys in the future to be a MISSIONARY CHURCH.

In conclusion, the India mission was a journey of faith, love, and profound realisations. It reinforced the power of sacrificial love, blind trust, and the impact of living out the gospel through actions. The experiences and lessons from this mission will continue to inspire and guide us in our future endeavours within the Syro-Malabar Church and beyond.

# ദൈവശാസ്ത്രത്തിന്റെ ബന്ധപരമായ മാനം

**• ദൈവശാസ്ത്രം അതിന്റെ സമഗ്രതയിൽ ഇടയന്മാർക്കുള്ള 'മുദ്ര' ആയി സ്വീകരിക്കണം. ഇത് സിദ്ധാന്തവും പ്രയോഗവും സമന്വയിപ്പിച്ച്, യഥാർത്ഥ ജീവിതസാഹചര്യങ്ങളിൽനിന്ന് ആരംഭിച്ച് വികസിപ്പിക്കണം.**



പ്രബോധനപാത
ഡോ. ടോണി മുരിയൻകാവുങ്കൽ

ഫ്രാൻസിസ് മാർപാപ്പ 2023 നവംബർ 1 ന് മോത്തുപ്രോപ്രിയോയുടെ രൂപത്തിൽ നൽകിയ ഒരു അപ്പസ്തോലിക ലേഖനമാണ് 'അദ് തെയളോജിയാം പ്രൊമോവെന്താം' (Ad Theologiam Promovendam = To Promote Theology). 1718 ൽ ക്ലമന്റ് പതിനൊന്നാം മാർപാപ്പയാൽ സ്ഥാപിതമായ ദൈവശാസ്ത്രത്തിനായുള്ള പൊന്തിഫിക്കൽ അക്കാദമിയുടെ നിയമാവലിപരിഷ്ക്കരണമാണ് ഈ രേഖയുടെ ലക്ഷ്യം. സന്ദർഭാനുസൃതവും സംവാദപരവുമായ ദൈവശാസ്ത്ര സമീപനങ്ങൾക്ക് ഊന്നൽ നൽകിക്കൊണ്ട് അക്കാദമിയുടെ ദൗത്യം സമകാലിക ആവശ്യങ്ങൾക്കുതകുന്ന രീതിയിൽ അനുരൂപപ്പെടുത്തുക എന്നതാണ് ഈ അപ്പസ്തോലിക ലേഖനം ലക്ഷ്യം വയ്ക്കുന്നത്.

സിനഡാത്മകവും ദൗത്യാധിഷ്ഠിതവുമായ സഭയ്ക്ക് മനുഷ്യയാഥാർഥ്യങ്ങളെ സ്പർശിക്കുന്ന ദൈവശാസ്ത്രമാണ് ആവശ്യം. ദൈവശാസ്ത്രജ്ഞർ മേശയ്ക്കു ചുറ്റും നടത്തുന്ന ചിന്തകളിൽ മാത്രം ഒതുങ്ങാതെ, ജനങ്ങളുടെയും തെരുവിന്റെയും യാഥാർഥ്യങ്ങളെ സ്പർശിക്കണം. നല്ല ഇടയന്മാരെപ്പോലെ നല്ല ദൈവശാസ്ത്രജ്ഞരും ജനത്തിന്റെയും തെരുവിന്റെയും മണമുള്ളവരാകണം.

ലോകത്തോടും മനുഷ്യനോടുമുള്ള തുറവി വെറും തന്ത്രപരമായ സമീപനമാകരുത്. പകരം, ദൈവശാസ്ത്രം ജ്ഞാനമീമാംസാപരവും (epistemological) രീതിശാസ്ത്രപരവുമായ (methodological) പുനർചിന്തനത്തിന് വിധേയമാകണം. പുതിയ സാഹചര്യങ്ങളെ ആഴത്തിൽ വിലയിരുത്തി പ്രതികരിക്കാൻ പ്രാപ്തമാകണം.

ദൈവശാസ്ത്ര ചിന്ത ഒരു വഴിത്തിരിവിലേക്ക്, ധൈര്യമുള്ള സാംസ്കാരിക വിപ്ലവത്തിലേക്ക് (courageous cultural revolution) വിളിക്കപ്പെട്ടിരിക്കുന്നു. വചനത്തിന്റെ മനുഷ്യാവതാരത്തെ പ്രാഥമികമായ ഉറവിടമായി മനസ്സിലാക്കിക്കൊണ്ട് ദൈവശാസ്ത്രം വിവിധ പാരമ്പര്യങ്ങൾ, അറിവുകൾ, ക്രിസ്തീയ വിഭാഗങ്ങൾ, മതങ്ങൾ എന്നിവ തമ്മിലുള്ള സംവാദത്തിലൂടെ വികസിക്കണം. നാം ജീവിക്കുന്ന പ്രപഞ്ചത്തെ ബന്ധങ്ങളുടെ ഒരു വലക്കണ്ണി ആക്കുന്ന ത്രിത്വത്തിന്റെ മുദ്ര കണ്ടെത്തണം.

ദൈവശാസ്ത്രത്തിന്റെ ബന്ധപരമായ മാനം (relational dimension) അതിന്റെ ജ്ഞാനമീമാംസാപരമായ നിലപാടിനെ നിർവചിക്കുന്നു. ഇത് ദൈവശാസ്ത്രത്തെ മറ്റ് വിഷയങ്ങളുമായും അറിവുകളുമായും ബന്ധപ്പെടുത്തി കാണാൻ പ്രേരിപ്പിക്കുന്നു. ഈ സമീപനം വിശ്വാസത്തിന്റെ സത്യങ്ങൾ ആധുനിക ഭാഷകളിൽ വ്യാഖ്യാനിക്കാനും, ഈശോയുടെ ഉപദേശങ്ങൾ മൗലികതയോടെയും വിമർശനാത്മകമായും പകർന്നു നൽകാനും ദൈവശാസ്ത്രത്തെ പ്രാപ്തമാക്കുന്നു.

മറ്റ് അറിവുകളുമായുള്ള സംവാദം സഭയ്ക്കുള്ളിലെ സംവാദത്തെയും ദൈവശാസ്ത്രത്തിന്റെ സിനഡാത്മകതയെയും സൂചിപ്പിക്കുന്നു. ദൈവശാസ്ത്രജ്ഞർ സാഹോദര്യവും കൂട്ടായ്മയും സ്വന്തം ജീവിതത്തിൽ പ്രാവർത്തികമാക്കണം. സഭയുടെ സിനഡാത്മകത ദൈവശാസ്ത്രജ്ഞരെ പരസ്പരം കേൾക്കാനും സംവദിക്കാനും വിവേചിച്ചറിയാനും പ്രാപ്തരാക്കുന്നു. സ്ഥാപനങ്ങളിൽ ദൈവശാസ്ത്രപരമായ കൂട്ടുത്തരവാദിത്വവും സാഹോദര്യവും പ്രയോഗിക്കാനുള്ള അവസരങ്ങൾ നൽകേണ്ടത് പ്രധാനമാണ്.

ദൈവശാസ്ത്രത്തിലെ ജ്ഞാനത്തിന്റെ ആശയം സത്യവും കാരുണ്യവും ഒരു 'ഉറച്ച വൃത്തത്തിൽ' ബന്ധിപ്പിക്കുന്നു, കാരുണ്യമില്ലാതെ സത്യം അറിയാനാവില്ല. ശാസ്ത്രീയ യുക്തിജ്ഞാനത്തിന്റെ ദിശയിൽ വിപുലീകരിക്കണം, എന്നാൽ മനുഷ്യത്വരഹിതമാകരുത്. ദൈവശാസ്ത്രം യഥാർത്ഥ വിമർശനാത്മക, ആത്മീയ, ആരാധനയാലും പ്രാർത്ഥനയാലും നിറഞ്ഞ, ജനകീയമായ അറിവായി വികസിക്കണം. ഇത് മനുഷ്യരാശിയുടെയും സൃഷ്ടിയുടെയും മുറിവുകളിലേക്ക് കരുണയോടെ തിരിഞ്ഞ്, ചരിത്രത്തിന്റെ അന്തിമ പൂർത്തീകരണത്തിന്റെ പ്രത്യാശ നൽകണം.

ദൈവശാസ്ത്രം അതിന്റെ സമഗ്രതയിൽ ഇടയന്മാർക്കുള്ള 'മുദ്ര' ആയി സ്വീകരിക്കണം. ഇത് സിദ്ധാന്തവും പ്രയോഗവും (theory and practice) സമന്വയിപ്പിച്ച്, യഥാർത്ഥ ജീവിതസാഹചര്യങ്ങളിൽനിന്ന് ആരംഭിച്ച് വികസിപ്പിക്കണം. യാഥാർഥ്യത്താൽ ചോദ്യം ചെയ്യപ്പെടാൻ തയ്യാറാകുകയും മിശിഹായിലൂടെയുള്ള ദൈവസ്നേഹത്തിന്റെ രക്ഷാകര സംഭവം പ്രഖ്യാപിക്കുകയും വേണം. 'കാലത്തിന്റെ അടയാളങ്ങൾ' വിവേചിച്ചറിഞ്ഞ്, ജനങ്ങളുടെ പൊതുബോധത്തിന് പ്രാധാന്യം നൽകണം. സഭയുടെ സുവിശേഷവൽക്കരണത്തിനും വിശ്വാസപ്രചരണത്തിനും സേവനം ചെയ്യുന്നതോടൊപ്പം, വിശ്വാസത്തെ സംസ്കാരമാക്കി മാറ്റി, ദൈവജനത്തിന്റെ ജ്ഞാനമുള്ള പൊതുബോധമായി വികസിപ്പിക്കണം. അവസാനമായി, ദൈവശാസ്ത്രം എല്ലാവർക്കും മാനുഷികവും മാനവീകരിക്കുന്നതുമായ സൗന്ദര്യത്തിന്റെ നിർദ്ദേശമായി മാറണം.

പൊന്തിഫിക്കൽ തിയോളജി അക്കാദമി ദൈവശാസ്ത്രത്തിന്റെ പുതുക്കിയ ദൗത്യത്തെ മുൻനിർത്തി, ശാസ്ത്രീയതയോടുള്ള ശ്രദ്ധ നിലനിർത്തിക്കൊണ്ട്, വിവിധ മേഖലകളുമായി സംവാദം വികസിപ്പിക്കാൻ വിളിക്കപ്പെട്ടിരിക്കുന്നു. ഇത് ശാസ്ത്രം, തത്വശാസ്ത്രം, മാനവിക ശാസ്ത്രം, കല എന്നിവയുമായും, വിശ്വാസികൾ, അവിശ്വാസികൾ, വിവിധ ക്രിസ്തീയ വിഭാഗങ്ങൾ, മറ്റു മതങ്ങൾ എന്നിവയിലെ പുരുഷന്മാരും സ്ത്രീകളുമായും നടത്തേണ്ട സംവാദമാണ്. ഇതിനായി വിശ്വാസം, പഠനം, പങ്കുവയ്ക്കൽ എന്നിവയിൽ അധിഷ്ഠിതമായ ഒരു അക്കാദമിക സമൂഹം സൃഷ്ടിക്കണം. ഈ സമൂഹം മറ്റ് വിദ്യാഭ്യാസ, സാംസ്കാരിക സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട്, അറിവിന്റെയും ക്രിസ്തീയ സമൂഹങ്ങളുടെയും വിവിധ മേഖലകളിലേക്ക് മൗലികതയോടെയും ഭാവനാശക്തിയോടെയും പ്രവേശിക്കാൻ പ്രാപ്തമാകണം.

# ഇടതടവില്ലാതെ പ്രാർഥിക്കാനാവുമോ?

പ്രാർഥനാവർഷം 2024

ഇടതടവില്ലാതെ പ്രാർഥിക്കുക എന്നൊരു നിർദേശം വിശുദ്ധ പൗലോസ് അപ്പസ്തോലൻ വിശ്വാസികൾക്കായി നല്കുന്നുണ്ട്. പക്ഷേ അസാധ്യമായ ഒരു കാര്യമായിട്ടാണ് ഭൂരിപക്ഷം ആളുകളും അതിനെ കാണുന്നത്. കാരണം ഒരാൾക്കെങ്ങനെയാണ് ഇടതടവില്ലാതെ പ്രാർഥിക്കാനാവുന്നത്? മാത്രവുമല്ല വ്യക്തിപരമായ പ്രാർഥനകൾക്കുൾപ്പടെ നിശ്ചിതമായ സമയം പ്രാർഥനയ്ക്കായി നീക്കിവച്ചിരിക്കുന്നവരുമാണ് ഭൂരിപക്ഷവും. അതുവഴി ദൈവവുമായി ബന്ധം സ്ഥാപിച്ചു കഴിഞ്ഞുവെന്ന് മനസ്സിലാക്കിയ അവർ അതുമതിയെന്ന് തീരുമാനിക്കുകയും ചെയ്യുന്നുണ്ട്. ഇപ്രകാരം നിശ്ചിതപ്പെടുത്തിയ സമയം കൊണ്ടുമാത്രം ദൈവവുമായി ബന്ധം സ്ഥാപിക്കാനാവുമെന്നു കരുതരുത്. മറിച്ച് ഒരു ദിവസം മുഴുവൻ നമുക്ക് ദൈവവുമായി പ്രാർഥനയിലൂടെ ബന്ധം സ്ഥാപിക്കാനാവും. ഇടതടവില്ലാതെ പ്രാർഥിക്കുക എന്ന് അപ്പസ്തോലൻ പറയുന്നത് അക്കാര്യം സാധ്യമാണെന്ന് ഉറപ്പുള്ളതുകൊണ്ടുതന്നെയാണ്.

ഇനിയെങ്ങനെയാണ് ഇടതടവില്ലാതെ പ്രാർഥിക്കാൻ കഴിയുന്നതെന്ന് നോക്കാം: മുമ്പ് പറഞ്ഞതുപോലെ ഏതു സമയവും മുറി അടച്ചിട്ടിരുന്ന് പ്രാർഥിക്കുന്ന രീതിയല്ല ഇത്. പ്രവർത്തിക്കാതെ പ്രാർഥിക്കുകയുമല്ല. മനോഹരമായ വാക്കുകൾ കൊണ്ടോ അച്ചടിച്ച പ്രാർഥനകൾ കൊണ്ടോ പ്രാർഥിക്കുകയുമല്ല. ജീവിതത്തിലെ ഏതു നിമിഷവും നമുക്ക് പ്രാർഥനയാക്കി മാറ്റാവുന്നവയാണ്. ദൈവത്തെക്കുറിച്ചുള്ള ഓരോ ഓർമയും പ്രാർഥനയാണ്. ദൈവം ചെയ്തുതന്നിരിക്കുന്ന നന്മകളെ ഓർമിക്കുന്നതും അതിനെപ്രതി സ്തുതിക്കുന്നതും പ്രാർഥനയാണ്. എന്തിന് പരാതികൾ പോലും പ്രാർഥനയാണ്, എന്റെ പരാതികൾ ഞാൻ ഉച്ചത്തിൽ വിളിച്ചുപറയും എന്നൊരു നിലവിളി വിശുദ്ധ ഗ്രന്ഥത്തിന്റെ താളുകളിൽനിന്ന് ഉയരുന്നുണ്ട്.

ജീവിതത്തിൽ ചില പ്രശ്നങ്ങൾ നേരിടുമ്പോൾ, ബുദ്ധിമുട്ടുകളും പ്രയാസങ്ങളും അഭിമുഖീകരിക്കുമ്പോൾ, രോഗങ്ങളിലൂടെയും സാമ്പത്തികബുദ്ധിമുട്ടുകളിലൂടെയും കടന്നുപോകുമ്പോൾ... അപ്പോഴൊക്കെ അതുവരെ ദൈവം നല്കിയ എല്ലാ നന്മകളെയും പൊടുന്നനവേ വിസമരിച്ചുകളയുന്നവരാണ് നമ്മൾ. പിന്നെ സന്തോഷം അനുഭവിക്കാൻ സാധിച്ചാൽ മാത്രമേ പഴയതുപോലെ പ്രാർഥനയിലേക്കു തിരികെ നടക്കാൻ സാധിക്കുകയുള്ളൂ. ഇതു ശരിയായ ആത്മീയരീതിയല്ല. യാത്ര ചെയ്യുമ്പോൾ, ഓഫീസിലോ വീട്ടിലോ ജോലി ചെയ്തുകൊണ്ടിരിക്കുമ്പോൾ, കുളിക്കുമ്പോൾ, കളിക്കുമ്പോൾ, കഴിക്കുമ്പോൾ, നടക്കുമ്പോൾ, പാചകം ചെയ്യുമ്പോൾ..



ഇങ്ങനെ പ്രാർഥിക്കാൻ നമുക്കു കിട്ടുന്ന അവസരങ്ങൾ നിരവധിയാണ്. അവിടെയാണ് ദൈവത്തോടുള്ള പരാതിയും ദൈവസ്മരണയും ദൈവത്തോട് കാര്യങ്ങൾ സംസാരിക്കുന്നതും ആശയങ്ങൾ പങ്കുവയ്ക്കുന്നതും പ്രയാസങ്ങൾ തുറന്നുപറയുന്നതുമെല്ലാം പ്രാർഥനയായി മാറുന്നത്. പ്രത്യേക ശാരീരികമുറകൾ പാലിച്ചുകൊണ്ടുള്ളതോ പ്രത്യേകമായി സമയം നീക്കിവച്ചുകൊണ്ടുള്ളതോ അല്ലാത്ത, ഹൃദയത്തിൽ നിന്നു പുറപ്പെടുന്ന അനർഗളമായ പ്രവാഹമാണ് പ്രാർഥന.

വ്യക്തിപരമായ പ്രാർഥിനയ്ക്ക് രണ്ടു മുഖങ്ങളുണ്ട്. അതു ദൈവത്തെ സ്തുതിച്ചുകൊണ്ടുള്ളതായിരിക്കണം. മറ്റൊന്ന് നന്ദി പ്രകാശിപ്പിക്കുന്നതായിരിക്കണം. പലരും മറന്നുപോകുന്ന രണ്ടു കാര്യങ്ങൾ കൂടിയാണ് ഇവ. ഉദ്ദിഷ്ടകാര്യങ്ങൾ സാധിച്ചുകിട്ടാൻ വേണ്ടിയുള്ള, അർത്ഥനകൾ മാത്രമായി പ്രാർഥനയെ ചുരുക്കാതിരിക്കുക. ആലോചിച്ചുനോക്കിയാൽ എന്തുമാത്രം കാര്യങ്ങൾക്കാണ് ദൈവത്തിന് നന്ദിപറയാനുള്ളത്? എത്രയെത്ര കാര്യങ്ങൾക്കാണ് സ്തുതിയർപ്പിക്കേണ്ടതായിട്ടുള്ളത്? നന്ദിചൊല്ലി തീർക്കുവാൻ ഈ ജീവിതം പോരായെന്നും എത്ര സ്തുതിച്ചാലും മതിവരുമോയെന്നുമൊക്കെ നാം പാടിപ്പോകുന്നത് ദൈവം ഇതുവരെ നടത്തിയ വിധങ്ങളെക്കുറിച്ച് കൃതജ്ഞതയോടെ ഓർമിക്കുമ്പോൾ മാത്രമാണ്.

ഒരുപക്ഷേ നാം ആഗ്രഹിക്കുന്നതുപോലെ എല്ലാക്കാര്യങ്ങളും നടന്നിട്ടുണ്ടാവണമെന്നില്ല. വിചാരിച്ചതുപോലെയൊന്നും ആയിത്തീരാൻ സാധിച്ചിട്ടുമുണ്ടാവില്ല. പേരോ പ്രശസ്തിയോ കിട്ടിയിട്ടുണ്ടാവില്ല. എന്നാൽ അതൊക്കെയും നമുക്കു നമ്മെക്കുറിച്ചുള്ള പദ്ധതികളായിരുന്നുവെന്ന് മനസ്സിലാക്കുക. അതിനപ്പുറം ദൈവത്തിനു നമ്മെക്കുറിച്ചുള്ള പദ്ധതികളായിരുന്നില്ല.

ദൈവത്തിനു നമ്മെക്കുറിച്ചുള്ള പദ്ധതികൾ എന്താണോ, അത് ഫലമണിയാനുള്ള ബോധപൂർവമായ നമ്മുടെ ശ്രമവും അതിനുവേണ്ടിയുള്ള സന്നദ്ധതയുമാണ് നമ്മുടെ ഭാഗത്തുനിന്നുണ്ടാകേണ്ടത്. അതിനുവേണ്ടികൂടി പ്രാർഥിക്കാൻ കഴിയുമ്പോഴാണ് യഥാർഥത്തിൽ നാം പ്രാർഥനയുടെ മനുഷ്യരാകുന്നത്.

# വിശുദ്ധ കുർബാനയും സഭാകൂട്ടായ്മയും

● **രശ്മികൾ പലതെങ്കിലും ഉറവിടം സൂര്യനായിരിക്കുന്നതുപോലെ, ശാഖകൾ പലതെങ്കിലും തായ്ത്തണ്ടിനോട് ചേർന്നു മരമാകുന്നതുപോലെ, നാം പല ജോലികൾ ചെയ്താലും ഒരു ശരീരമെന്നപോലെ സഭയിൽ പ്രവർത്തിക്കണം.**

ഫാ. ഫ്രാൻസിസ് പിട്ടാപ്പിള്ളിൽ



വിശുദ്ധകുർബാനയിലെ ഭാഷണകാനോനയുടെ ആരംഭഭാഗത്തും അനുതാപ കാറോസൂസായ്ക്കു മുമ്പും ഉള്ള, പൗലോസ് ശ്ലീഹായുടെ ആശംസയിൽ പരിശുദ്ധ റൂഹായുടെ കൂട്ടായ്മയെക്കുറിച്ചു സൂചിപ്പിക്കാൻ 'ശൗത്താപൂസാ' എന്ന സുറിയാനി പദമാണ് ഉപയോഗിച്ചിരിക്കുന്നത്.

'നമ്മുടെ കർത്താവീശോമിശിഹായുടെ കൃപയും പിതാവായ ദൈവത്തിന്റെ സ്നേഹവും പരിശുദ്ധാത്മാവിന്റെ സഹവാസവുംനാമെല്ലാവരോടുംകൂടെ ഉണ്ടായിരിക്കട്ടെ. ഇപ്പോഴും എപ്പോഴും എന്നേക്കും'.

പിതാവായ ദൈവവും പുത്രനായ മിശിഹായും പരിശുദ്ധ റൂഹായും തമ്മിലുള്ള ഗാഢബന്ധമാണ് 'ശൗത്താപൂസാ' എന്ന സുറിയാനി പദം കുറിക്കുന്നത്. പരിശുദ്ധത്രിത്വത്തിന്റെ കൂട്ടായ്മയാണ് ആരാധനക്രമകാര്യത്തിൽ സഭാമക്കൾ അനുകരിക്കേണ്ടത്.

സീറോമലബാർസഭ ആരാധനക്രമ പ്രതിസന്ധിയിലൂടെ കടന്നു പോകുന്നു എന്നത് ഏവരെയും നൊമ്പരപ്പെടുത്തുന്നതാണ്. ലിറ്റർജിയെക്കുറിച്ചും അതിന്റെ പ്രത്യേകതകളെക്കുറിച്ചും പലരുടെയും മനസ്സിൽ പലവിധ ചോദ്യങ്ങളും സംശയങ്ങളും ഉയരുക സ്വഭാവികമാണ്. എങ്കിലും ഈ പ്രതിസന്ധികളും പ്രശ്നങ്ങളും ചോദ്യശരങ്ങളും സഭയുടെ ഉപരിവിശുദ്ധീകരണത്തിനും ആഴമായ കൂട്ടായ്മയ്ക്കും നവമായ പുഷ്പിക്കലിനും സഹായിക്കുമെന്ന് പ്രത്യാശിക്കുന്നു.

യോഹന്നാന്റെ സുവിശേഷമനുസരിച്ച് ഈശോയെ ക്രൂശിച്ചവർ അവന്റെ മേലങ്കി കുറിയിട്ടെടുത്തു. കാരണം അതു തുന്നലില്ലാതെ മുകൾമുതൽ അടിവരെ നെയ്തുണ്ടാക്കിയതായിരുന്നു (യോഹ 19:23). അപ്രകാരം, 'എന്റെ അങ്കിക്കായി അവർ നറുക്കിടുന്നു' എന്ന സങ്കീർത്തനവചസുകൾ (സങ്കീ 22:18) ഈശോയുടെ കുരിശുമരണവേളയിൽ അന്വർഥമാകുകയായിരുന്നു. അഹിയാ പ്രവാചകൻ താൻ ധരിച്ചിരുന്ന അങ്കി പന്ത്രണ്ടുകഷണങ്ങളായി കീറിയതു പോലെ സോളമന്റെ രാജ്യം വിവിധങ്ങളായി ചിതറിക്കപ്പെട്ടതായി രാജാക്കന്മാരുടെ പുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു (1 രാജാ 11:30). എന്നാൽ ഈശോയുടെ മൗതികശരീരമാകുന്ന സഭ മഹത്വപൂർണയായി ഇഴയടുപ്പമുള്ള ഒരു അങ്കിപോലെ നിലകൊള്ളണമെന്നാണു നമ്മുടെ പ്രാർഥന.

കാർത്തേജിലെ മെത്രാനായിരുന്ന വിശുദ്ധ സിപ്രിയാൻ സഭാകൂട്ടായ്മയെ വിശദീകരിക്കുന്നത് ഈശോയുടെ തിരുവസ്ത്രവുമായി ബന്ധപ്പെടുത്തിയാണ്. അടിമുതൽ മുകൾവരെ നെയ്യപ്പെട്ട വസ്ത്രത്തിന്റെ ഓരോ ഇഴയും മറ്റൊന്നിനോടുചേർന്ന് തിരിച്ചറിയാൻ പറ്റാത്തവിധം കൂടിച്ചേർന്നിരുന്നു. വസ്ത്രത്തിന്റെ അഴക് ഇഴകളുടെ അടുപ്പത്തിലാണ്. ഒരു നൂൽ അല്ലെങ്കിൽ ഇഴ എഴുന്നുനിന്നാലോ അകന്നുനിന്നാലോ പൊട്ടിപ്പോയാലോ അതു വസ്ത്രത്തെ ദുർബലപ്പെടുത്തും. സഭയും സഭാംഗങ്ങളും വസ്ത്രത്തിന്റെ ഇഴകൾപോലെ കൂട്ടായ്മയിൽ ആയിരിക്കുമ്പോഴാണു സഭ ദൃഢഗാത്രയായിത്തീരുന്നത്.

മനുഷ്യശരീരത്തിന്റെ വിവിധ അവയവങ്ങൾ ചേർന്ന് ശരീരം രൂപംകൊള്ളുന്നതുപ്പോലെ നാം മിശിഹായിൽ ഒരു ശരീരമാകണമെന്ന് പൗലോസ് ശ്ലീഹാ പഠിപ്പിക്കുന്നു (1 കോറി 12:12). രശ്മികൾ പലതെങ്കിലും ഉറവിടം സൂര്യനായിരിക്കുന്നതുപോലെ, ശാഖകൾ പലതെങ്കിലും തായ്ത്തണ്ടിനോട് ചേർന്നു മരമാകുന്നതുപോലെ, നാം പല ജോലികൾ ചെയ്താലും ഒരു ശരീരമെന്നപോലെ സഭയിൽ പ്രവർത്തിക്കണം. 'സഹോദരന്മാർ ഏകമനസ്സായി, ഒരുമിച്ചു വസിക്കുന്നത് എത്ര വിശിഷ്ടവും സന്തോഷകരവുമാണ്' എന്നത്രേ സങ്കീർത്തകൻ ഉദ്ഘോഷിക്കുന്നത് (സങ്കീ 133:1). ഒരേ സഭയിൽ ജീവിക്കുകയും ഒരേ പരിശുദ്ധ കുർബാനയിൽനിന്ന് ദിവ്യരഹസ്യങ്ങളാകുന്ന ആത്മീയാഹാരം ഭക്ഷിക്കുകയും ചെയ്യുന്ന നമ്മളെല്ലാവരും കർത്താവിന്റെ മൗതികശരീരമായ സഭയിൽ ഒരുകൂട്ടായ്മയായി വർത്തിക്കണം.

ശിരസാകുന്ന മിശിഹായോടു ചേർന്നുനില്ക്കാനും അവയവങ്ങളാകുന്ന സഭാംഗങ്ങൾ തമ്മിൽ കൂട്ടായ്മയിൽ വർത്തിക്കാനും ലിറ്റർജിയുടെ ആഘോഷം പ്രത്യേകിച്ച് വിശുദ്ധ കുർബാനയിലുള്ള ഭാഗഭാഗിത്വം വിശ്വാസികളെ സഹായിക്കുന്നു. അൾത്താരയിലെ ഐക്യമാണ് സഭയുടെ ഐക്യത്തിനു നിദാനമെന്നു ബെനഡിക്റ്റ് പാപ്പ പഠിപ്പിക്കുന്നു. ഐക്യമല്ല (untiy) ഐക്യരൂപ്യമാണ് (uniformtiy) ലിറ്റർജിയിൽ വേണ്ടതെന്നു ചിന്തിക്കുന്നവരുണ്ട്. ഐക്യവും ഐകരൂപ്യവും ഒന്നല്ലെങ്കിലും പരസ്പരപൂരകങ്ങളാണ്. അടിസ്ഥാനഘടകങ്ങളിലുള്ള ഐകരൂപ്യം ഐക്യത്തിന് ആവശ്യമാണ്. ആരാധനക്രമത്തിന്റെ അടിസ്ഥാനരൂപങ്ങൾ ഐകരൂപ്യമില്ലാതെ ഐക്യം സാധ്യമാവില്ല. എളിമയിലൂടെ ഐക്യവും ഐക്യത്തിലൂടെ സഭാഗാത്രത്തിന്റെ വളർച്ചയും സാധ്യമാകുന്നു.

ആരാധനക്രമത്തെ പരിശുദ്ധത്രിത്വത്തിന്റെ പ്രവൃത്തിയെന്നാണ് കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം വിളിക്കുന്നത് (മതബോധനഗ്രന്ഥം, 1082). സഭയുടെ കൂട്ടായ്മ അൾത്താരയിലെ കൂട്ടായ്മയിലൂടെ പ്രകടമാക്കപ്പെടണം. അതിനു വിഘാതമായിനില്ക്കുന്ന സങ്കുചിതമനോഭാവങ്ങളും വിഭാഗീയചിന്തകളും വെടിയുമ്പോഴാണു കർത്താവിന്റെ വസ്ത്രത്തിലെ വിശുദ്ധ ഇഴകളായി വർത്തിക്കാനും പരസ്പര കൂട്ടായ്മയിൽ തിരുസഭയെ ശക്തിപ്പെടുത്താനും നമുക്കു സാധിക്കുന്നത്. കൂട്ടായ്മയിലും പങ്കാളിത്തത്തിലും അധിഷ്ഠിതമായ സിനഡാത്മക ശൈലി സഭയിൽ ആകമാനം രൂപപ്പെട്ടുവരാൻ സീറോമലബാർസഭയുടെ മേജർ ആർക്കിഎപ്പിസ്ക്കോപ്പൽ അസംബ്ലിയും 2024 ഒക്ടോബർ മാസത്തിൽ റോമിൽ നടക്കുന്ന ആഗോളസിനഡും നിദാനമായിത്തീരട്ടെ.



## മേജർ ആർച്ചുബിഷപ്പിന്റെ ഡയറി

### ജൂൺ 14 മുതൽ ജൂലൈ 15വരെ

**ജൂൺ**

- **14 വെള്ളി :** മുപ്പത്തിരണ്ടാമത് സിനഡിന്റെ പ്രത്യേക ഓൺലൈൻ സമ്മേളനത്തിന് നേതൃത്വം നല്കി
- **15 ശനി :** ഇരിങ്ങാലക്കട രൂപതയിലെ കാട്ടൂർ ഇടവകയിൽ ബഹു. അപ്രേം പാലത്തിങ്കൽ അച്ചന്റെ 25 ാം ചരമവാർഷികത്തോടനുബന്ധിച്ച് വി. കുർബാന അർപ്പിക്കുകയും ഒപ്പീസ് ചൊല്ലി പ്രാർഥിക്കുകയും ചെയ്തു.
- **19 ബുധൻ :** മുപ്പത്തിരണ്ടാമത് സിനഡിന്റെ പ്രത്യേക ഓൺലൈൻ സമ്മേളനത്തിന്റെ രണ്ടാം ദിവസം സിനഡിന് നേതൃത്വം നല്കി.
- **29 ശനി :** ടൂറിസം പെട്രോളിയം വകുപ്പുകളുടെ കേന്ദ്ര സഹമന്ത്രി ശ്രീ സുരേഷ് ഗോപിയെ മൗണ്ട് സെന്റ് തോമസിൽ സ്വീകരിച്ചു.
- **30 ഞായർ :** വല്ലാർപാടം ബസിലിക്കയിൽ വരാപ്പുഴ അതിരൂപതയുടെ സഹായ മെത്രാൻ മോൺ. ആന്റണി വാലുങ്കലിന്റെ മെത്രാഭിഷേകചടങ്ങുകളിൽ സംബന്ധിക്കുകയും ആശംസകൾ നേരുകയും ചെയ്തു.

**ജൂലൈ**

- **1 തിങ്കൾ :** ചങ്ങനാശ്ശേരി അതിരൂപതയിലെ കോട്ടയം ലൂർദ് ഫൊറോന പള്ളിയിൽ നടത്തിയ മാർത്തോമൻ പൈതൃക സഭകളുടെ സമ്മേളനം ഉദ്ഘാടനം ചെയ്തു.
- എം.എസ് .ടി ജനറലേറ്റിൽ സെന്റ് തോമസ് ദിനത്തോടനുബന്ധിച്ച് ആഘോഷമായ വി. കുർബാന അർപ്പിക്കുകയും തുടർന്നുനടന്ന സമ്മേളനം ഉദ്ഘാടനം ചെയ്യുകയുംചെയ്തു.
- **3 ബുധൻ :** ദുക്റാനതിരുനാളിന്റെയും സഭാദിനാഘോഷത്തിന്റെയും ഭാഗമായി മൗണ്ട് സെന്റ് തോമസിൽ ആഘോഷമായ റാസ കുർബാനയ്ക്കു കാർമികത്വം വഹിക്കുകയും തുടർന്നു നടന്ന പൊതുസമ്മേളനത്തിൽ പങ്കെടുക്കുകയും ചെയ്തു.
- ഉച്ചകഴിഞ്ഞ് കത്തോലിക്ക കോൺഗ്രസിന്റെ പുതിയ ഭരണസമിതി ചുമതല ഏല്ക്കുന്നതിന്റെ ഭാഗമായി മൗണ്ട് സെന്റ് തോമസിൽ നടത്തിയ സമ്മേളനം ഉദ്ഘാടനം ചെയ്തു.
- **9 ചൊവ്വ :** കെ.സിബി.സി പ്രോലൈഫ് സമിതിയുടെ നേതൃത്വത്തിൽ നടന്ന ജീവസംരക്ഷണ യാത്രയെ മൗണ്ട് സെന്റ് തോമസിൽ സ്വീകരിച്ചു.
- **10 ബുധൻ :** തിയോളജി കമ്മീഷന്റെ നേതൃത്വത്തിൽ മൗണ്ട് സെന്റ് തോമസിൽ നടത്തിയ സീറോമലബാർ തിയോളജിക്കൽ ഫോറത്തിന്റെ സെമിനാർ ഉദ്ഘാടനം ചെയ്തു.
- **13 ശനി :** സെൻട്രൽ ലിറ്റർജിക്കൽ കമ്മിറ്റിയുടെ മീറ്റിങ്ങിനോടുനുബന്ധിച്ച് മൗണ്ട് സെന്റ് തോമസിൽ വി. കുർബാന അർപ്പിച്ചു വചനസന്ദേശം നല്കി.
- **14 ഞായർ :** തിരുവനന്തപുരം ലാറ്റിൻ ആർച്ചുബിഷപ്പ് ഹൗസിലെത്തി ആർച്ചുബിഷപ്പ് മോസ്റ്റ്. റവ. ഡോ. തോമസ് നെറ്റോ പിതാവിനെ സന്ദർശിച്ചു.
- മലങ്കര കത്തോലിക്ക സുറിയാനിസഭയുടെ ധന്യൻ മാർ ഇവാനിയോസ് പിതാവിന്റെ 71-ാം ഓർമ്മ തിരുനാളിനോടുനുബന്ധിച്ച് തിരുവനന്തപുരത്ത് നടത്തിയ പദയാത്രയിലും പട്ടം സെന്റ് മേരിസ് കത്തീഡ്രലിൽ നടത്തിയ സന്ധ്യ നമസ്കാരത്തിലും പങ്കെടുത്തു.
- **15 തിങ്കൾ :** പട്ടം സെന്റ് മേരീസ് കത്തീഡ്രലിൽ വി. കുർബാനമധ്യേ വചനസന്ദേശം നൽകി.
- ചങ്ങനാശ്ശേരി അതിരൂപതയുടെ തിരുവനന്തപുരം ലൂർദ് ഫൊറോന പള്ളി സന്ദർശിക്കുകയും പ്രസ്തുത ഫൊറോനായിലെ വൈദികരുമായി സംവദിക്കുകയും ചെയ്തു.
- കർമ്മലമാതാവിന്റെ തിരുനാളിനോടുനുബന്ധിച്ച് തിരുവനന്തപുരം വഴുതക്കാടുള്ള ഒ. സി . ഡി പ്രൊവിൻഷ്യൽ ഹൗസ് സന്ദർശിക്കുകയും വി. കുർബാന അർപ്പിക്കുകയും ചെയ്തു.

# കരുതലിന്റെ കാവൽമാടം

വിളക്ക്

**ഫാ.ജോൺസൺ അന്തിക്കാട്ട്**



സ്നേഹത്തിന്റെ പൊൻതൂവലുകൾ തുന്നിച്ചേർത്ത് ഭിന്നശേഷിയുള്ള മക്കളുടെ സ്വപ്നങ്ങൾക്ക് ചിറകുകൾ നെയ്യുന്ന കരുണയുടെ കൂടാരമാണ് തൃശൂർ അതിരൂപതയുടെ പോപ്പ് പോൾ മേഴ്സി ഹോം സ്പെഷ്യൽ സ്കൂൾ. കഴിവുകളിൽ വ്യത്യസ്തതയുള്ള കുട്ടികൾക്ക് സ്നേഹവും സാന്ത്വനവും പരിശീലനവും നല്കി സമൂഹത്തിന്റെ മുഖ്യധാരയിലേക്കു അവരെകൊണ്ടുവരികയെന്നതാണ് ഈ സ്ഥാപനത്തിന്റെ ലക്ഷ്യം. കഴിഞ്ഞ വർഷവും സംസ്ഥാനത്തെ ഭിന്നശേഷിമേഖലയിൽ പ്രവർത്തിക്കുന്ന ഏറ്റവും മികച്ച സ്ഥാപനത്തിനുള്ള അംഗീകാരത്തിന് അർഹമായി എന്നത് ഈ പരിശീലനകേന്ദ്രത്തിന്റെ മറ്റൊരു തിലകക്കുറി കൂടിയായി മാറിയിരിക്കുകയാണ്.

ദിവംഗതനായ ആർച്ചുബിഷപ്പ് മാർ ജോസഫ് കുണ്ടുകുളമാണ് 1977 ൽ പോപ്പ് പോൾ മേഴ്സി ഹോം ആരംഭിച്ചത്. 24 കുട്ടികളുമായി ആരംഭിച്ച ഈ സ്ഥാപനം ഇന്ന് ഏറ്റവും കൂടുതൽ കുട്ടികൾക്ക് (305) പരിശീലനം നൽകുന്ന കേരളത്തിലെ സ്പെഷ്യൽ സ്കൂളായി വളർന്നിരിക്കുന്നു. സ്ഥാപനത്തിന്റെ രക്ഷാധികാരി തൃശൂർ അതിരൂപതാധ്യക്ഷൻ മാർ ആൻഡ്രൂസ് താഴത്താണ്. നിർമ്മലദാസി സിസ്റ്റേഴ്സ് ഇവിടെ സേവനം ചെയ്യുന്നു. ഫാ. ജോസ് അന്തിക്കാട്ട് ഡയറക്ടറും പ്രിൻസിപ്പലുമായും ഫാ. സീജൻ ചക്കാലക്കൽ അസി.ഡയറക്ടറായും സേവനം ചെയ്യുന്നു. പ്രത്യേകപരിശീലനം നേടിയ 35 അധ്യാപകരും 30 അനധ്യാപകരും ഉണ്ട്.

ശാസ്ത്രീയമായ പഠനരീതികളും നൃത്തസംഗീത കലാസാഹിത്യ കായിക പരിശീലനങ്ങളും തെറാപ്പികളും കമ്പ്യൂട്ടർ, തൊഴിൽ പരിശീലനങ്ങളും നൽകി ഭിന്നശേഷിക്കാരായ കുട്ടികളെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരാനുള്ള പരിശീലനമാണ് ഇവിടെ നല്കിവരുന്നത്. ഓരോ കുട്ടിക്കും അനുയോജ്യമായ രീതിയിലുള്ളതാണ് പാഠ്യപദ്ധതി. പരാശ്രയം കൂടാതെ ജീവിക്കാനുള്ള വ്യക്തിപരമായ കഴിവുകളും വികസിപ്പിച്ചെടുക്കുന്നു. ജില്ലാ സംസ്ഥാന ദേശീയ അന്തർദേശീയ തലങ്ങളിൽ മേഴ്സിഹോമിലെ കുട്ടികൾ കഴിവു തെളിയിച്ചിട്ടുണ്ട്. അബുദാബി, ജർമ്മനി, സ്വീഡൻ, അമേരിക്ക, ജപ്പാൻ എന്നിവിടങ്ങളിൽ നടന്ന സ്പെഷ്യൽ ഒളിംപിക്സ് മത്സരങ്ങളിലും മികച്ച നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്.

ഭിന്നശേഷി ശൈശവത്തിൽ തന്നെ കണ്ടെത്തി ആവശ്യമുള്ള ചികിത്സയും പരിശീലനവും നൽകാനുള്ള ഏർളി ഇന്റർവെൻഷൻ ആന്റ് റിസേർച്ച് സെന്റർ 2019 മുതൽ മേഴ്സിഹോമിൽ പ്രവർത്തിക്കുന്നു. മൂന്നു വയസുമുതലുള്ള കുട്ടികൾക്ക് സൗജന്യ തെറാപ്പികളുമുണ്ട്. പഞ്ചേന്ദ്രിയങ്ങളുടെ പ്രവർത്തനം ക്രമപ്പെടുത്താൻ സ്ക്രീനിംഗ് ആന്റ് അസ്സസ്മെന്റ് , സെൻസറി ഇന്റേഗ്രേഷൻ, ശാരീരിക ചലനങ്ങളുടെ പുരോഗതിക്ക് ഫിസിയോ തെറാപ്പി, ആശയവിനിമയവും സംസാരശേഷിയും വർദ്ധിപ്പിക്കാൻ സ്പീച്ച് ആന്റ് ലാംഗ്വേജ്, ചെറിയ മസിലുകളുടെ പ്രവർത്തനം ത്വരിതപ്പെടുത്താൻ ഒക്യുപേഷണൽ തെറാപ്പി, കൗൺസിലിംഗ് സർവീസ്, സ്പെഷ്യൽ ഏജ്യുക്കേഷൻ തുടങ്ങിയവയുമുണ്ട്. ഇതുകൂടാതെ സ്മാർട്ട് ക്ലാസ്റൂം, മാനസികോല്ലാസത്തിനും കായികക്ഷമത വർധിപ്പിക്കാനും ബാസ്ക്കറ്റ്ബോൾ, ഫുട്ബോൾ, ഷട്ടിൽ ബാറ്റ്മിന്റ കോർട്ടുകളും ഇൻഡോർ കോർട്ടും ഉണ്ട്. പോപ്പ് പോൾ മേഴ്സി ഹോമിലെ 21 പേരടങ്ങുന്ന ശിങ്കാരിമേളം ടീമും 19 പേരടങ്ങുന്ന ബാൻഡ് ടീമും സ്ക്കൂൾ പ്രോഗ്രാമിനു പുറമേ നിരവധി സ്റ്റേജുകളിൽ കഴിവു തെളിയിച്ചിട്ടുണ്ട്.

ഭിന്നശേഷിക്കാരായ മക്കളുടെ പുനരധിവാസം ലക്ഷ്യംവച്ച് സജീവമായി പ്രവർത്തിക്കുന്ന വൊക്കേഷണൽ ട്രെയിനിംഗ് സെന്ററിൽ ബേക്കിംഗ് യൂണിറ്റ്, ടൈലറിംഗ് യൂണിറ്റ്, പേപ്പർ പ്ളേറ്റ് യൂണിറ്റ്, പിഗ്ഫാം, പശുഫാം, മുയൽ, ഗിനിപ്പി ഫാം, വെജിറ്റബിൾ ഗാർഡൻ എന്നിവ കൂടാതെ ഫാൻസി ആഭരണങ്ങൾ, മെഴുകുതിരി, ഫിനോയിൽ, സോപ്പ് ലോഷൻ, സോപ്പു പൊടി തുടങ്ങി നാൽപത്തിയാറോളം വൊക്കേഷണൽ ഐറ്റംസ് നിർമ്മിച്ച് ഇവിടത്തെ ക്രാഫ്റ്റ് യൂണിറ്റിൽ പ്രദർശനവും വിപണനവും നടത്തുന്നു.

1993 ൽ മാനസിക ശാരീരിക വൈവല്യമുള്ളവർക്കുള്ള ഏറ്റവും നല്ല പരിശീലനകേന്ദ്രത്തിനുള്ള സംസ്ഥാന അവാർഡ്, 1996 ൽ ഇന്ത്യയിലെ ഏറ്റവും നല്ല പരിശീലന കേന്ദ്രത്തിനുള്ള നാഷണൽ അവാർഡ് , 2001 ൽ ഏറ്റവും മികച്ച ശിശുക്ഷേമ കേന്ദ്രത്തിനുള്ള നാഷണൽ അവാർഡ്, 2023 ൽ ഭിന്നശേഷിമേഖലയിലെ ഏറ്റവും മികച്ച സ്ഥാപനത്തിനുള്ള സംസ്ഥാന അവാർഡ് തുടങ്ങിയ അംഗീകാരങ്ങൾ ലഭിച്ചിട്ടുണ്ട്.

പോപ്പ് പോൾ മേഴ്സി ഹോമിന്റെ ഭാഗമായി സോഷ്യൽ വെൽഫയർ സെന്റർ റെസിഡൻഷ്യൽ ട്രെയിനിംഗ് സ്കൂൾ. (15 വയസ്സിൽ താഴെയുള്ള 85 കുട്ടികൾ). ആശാനിലയം ( 15 വയസ്സിനു മുകളിലുള്ള 80 ആൺകുട്ടികൾ), ആശാവനം (15 വയസ്സിനു മുകളിലുള്ള 25 പെൺകുട്ടികൾ) എന്നിവ പ്രവർത്തിക്കുന്നു. കൂടാതെ 120 കുട്ടികൾ നാലു സ്കൂൾ ബസുകളിലായി മേഴ്സിഹോമിന്റെ 25 കിലോമീറ്റർ ചുറ്റളവിൽ നിന്ന് എത്തുന്നു.

ഭിന്നശേഷിയുള്ള കുട്ടികൾക്ക് പരിശീലനം നൽകുന്ന അധ്യാപകരെ വാർത്തെടുക്കുന്നതിനുള്ള സ്പെഷ്യൽ ടീച്ചേഴ്സ് ട്രെയിനിംഗ് കോളേജുമുണ്ട്.

ബി.എഡ്, ഡി.എഡ് സ്പെഷ്യൽ എജ്യുക്കേഷൻ കോഴ്സുകളിലായി 120 പേർ ഇവിടെ പരിശീലനം നേടുന്നു.

# ക്ഷമിക്കപ്പെടാത്ത പാപം

ബൈബിൾ സംശയങ്ങൾ

**റവ.ഡോ. വിൻസെന്റ് ആലപ്പാട്ട്**



''ഞാൻ നിങ്ങളോടു പറയുന്നു: മനുഷ്യന്റെ എല്ലാ പാപവും ദൈവദൂഷണവും ക്ഷമിക്കപ്പെടും; എന്നാൽ ആത്മാവിനെതിരായ ദൂഷണം ക്ഷമിക്കപ്പെടുകയില്ല. മനുഷ്യപുത്രനെതിരായി ആരെങ്കിലും ഒരു വാക്കു പറഞ്ഞാൽ അതു ക്ഷമിക്കപ്പെടും. എന്നാൽ പരിശുദ്ധാത്മാവിനെതിരായി ആരെങ്കിലും സംസാരിച്ചാൽ ഈ യുഗത്തിലോ വരാനിരിക്കുന്ന യുഗത്തിലോ ക്ഷമിക്കപ്പെടുകയില്ല'' (മത്താ 12:31-32; മർക്കോ 3:28-30).

മേലുദ്ധരിച്ച തിരുമൊഴികൾ ദുർഗ്രഹമായി തോന്നാമെങ്കിലും വലിയ സത്യം നമ്മെ പഠിപ്പിക്കുന്നുണ്ട്. ഉത്തരം അർഹിക്കാത്ത ചോദ്യങ്ങൾക്ക് നമ്മുടെ ഗുരുവും കർത്താവുമായ ഈശോ മറുപടി പറയാറില്ല. അത്തരം അവസരങ്ങൾ ഉപയോഗപ്പെടുത്തി ചോദ്യകർത്താക്കളെ വലിയ പാഠങ്ങൾ പഠിപ്പിക്കും. തന്നെ പരീക്ഷിക്കാൻ വന്ന ഫരിസേയപ്രമുഖരെ ദൈവികചിന്തകളാൽ ഈശോ പ്രകാശിപ്പിക്കുന്നതാണ് പശ്ചാത്തലം.

അന്ധനും ഊമനുമായ ഒരു പിശാചുബാധിതനെ ഫരിസേയർ ഈശോയുടെ അടുത്തുകൊണ്ടു വന്നു. ഈശോ അവനെ സുഖപ്പെടുത്തി. അവൻ സംസാരിക്കുകയും കാണുകയും ചെയ്തു ( മത്താ 12:22). ഈ അത്ഭുതം കണ്ട ജനക്കൂട്ടം ഈശോയെ രക്ഷകനായി അംഗീകരിക്കാൻ തയ്യാറാകുന്നതുകണ്ടപ്പോൾ ഫരിസേയർ അസ്വസ്ഥരായി. ജനംതങ്ങളിൽനിന്നകന്ന് ഈശോയിലേക്കടുക്കുന്നത് അവർക്ക് ഉൾക്കൊള്ളാനായില്ല. ഈശോയെ ഒരു ഭീഷണിയായി കണ്ട അവർ ജനത്തിന്റെ ശ്രദ്ധ മറ്റൊരു ദിശയിലേക്ക് തിരിച്ചുവിടാൻ ശ്രമിച്ചുകൊണ്ടു പറഞ്ഞു: ''ഇവൻ പിശാചുക്കളുടെ തലവനായ ബേൽസബൂലിനെക്കൊണ്ടുതന്നെയാണ് പിശാചുക്കളെ ബഹിഷ്ക്കരിക്കുന്നത്'' (മത്താ 12: 24).

തന്റെ ദൈവികജ്ഞാനത്താൽ ഫരിസേയരുടെ ദുരുദ്ദേശം മനസിലാക്കിയ ഈശോ അവരുടെ നിലപാടിലെ പൊള്ളത്തരം തുറന്നുകാട്ടി വലിയൊരു സത്യം പഠിപ്പിക്കുന്നു. അതിനായി ആദ്യമേ ഒരു പൊതുതത്വം ഉദ്ധരിച്ചു ഫരിസേയരുടെ ബുദ്ധിയെ ഉദ്ദീപിപ്പിച്ചു. ''അന്തച്ഛിദ്രമുള്ള ഏതുരാജ്യവും നശിച്ചുപോകും'' (മത്താ 12:25). പിശാചുക്കളുടെ രാജ്യം അവർതന്നെ നശിപ്പിക്കുകയില്ലല്ലോ.

രണ്ടാമത്തേത് മുനവെച്ചുള്ള ചോദ്യമാണ്. ബേൽസബൂലിനെക്കൊണ്ടാണ് ഞാൻ പിശാചുക്കളെ ബഹിഷ്ക്കരിക്കുന്നതെങ്കിൽ നിങ്ങളുടെ പുത്രന്മാർ ആരെക്കൊണ്ടാണ് അവയെ ബഹിഷ്ക്കരിക്കുന്നത്?( മത്താ 12:27). ഫരിസേയർ പിശാചുക്കളുടെ സഹായത്തോടെ പിശാചുക്കളെ ബഹിഷ്ക്കരിക്കുന്നുണ്ടെങ്കിൽമാത്രമേ ആരോപണം തനിക്കെതിരെ ഉന്നയിക്കാവൂ എന്ന് കുറ്റപ്പെടുത്തി.

ദൈവാത്മാവിനെക്കൊണ്ടാണ് താൻ പിശാചുക്കളെ ബഹിഷ്ക്കരിക്കുന്നത് എന്നു സ്ഥാപിക്കാൻ മറ്റൊരു ഉദാത്തചിന്ത കൂടി ഈശോ അവതരിപ്പിച്ചു. അതിശക്തനായ ഒരുവനുമാത്രമേ ശക്തനായ പിശാചിനെ കീഴ്പ്പെടുത്തി ബന്ധിക്കാൻ കഴിയുകയുള്ളൂ. സാത്താനെ കീഴ്പ്പെടുത്തി ബന്ധിക്കാൻ ദൈവപുത്രനു മാത്രമേ സാധിക്കുകയുള്ളൂ. പിശാചിന്റെ അടിമത്തത്തിൽ കഴിയുന്ന മനുഷ്യരെ ജീവൻ പണയപ്പെടുത്തി മോചിപ്പിക്കാൻ വന്ന ഈശോയ്ക്ക് പിശാചിന്റെ തന്നെ സഹായം ലഭിക്കുന്നു എന്നു പറയുന്നതു തികച്ചും ബാലിശവും വിരോധാഭാസവുമാണ്.ദൈവദൂഷണം (blasphemy) ദൈവത്തിനെതിരെ അനാദരവോടെയുള്ള ഭാഷണമാണ്. പഴയനിയമകാലത്ത് ദൈവനിന്ദകരെ കല്ലെറിഞ്ഞു കൊന്നിരുന്നു (ലേവ്യ 24:16).

ഈശോയിൽ ദൈവത്തിന്റെ മഹത്വം തിരിച്ചറിയാതെ വരുന്നത് ക്ഷമയർഹിക്കുന്ന പാപമാണ്. എന്നാൽ പരിശുദ്ധാത്മാവിനെതിരായ ദൂഷണം എന്തുകൊണ്ട് ക്ഷമിക്കപ്പെടുകയില്ല? ഈശോയുടെ ജ്ഞാനസ്നാനവേളയിൽ ദൈവാത്മാവ് പ്രാവിന്റെ രൂപത്തിൽ ഇറങ്ങിവന്ന് ഇവൻ എന്റെ പ്രിയപുത്രൻ എന്ന് സാക്ഷ്യപ്പെടുത്തി (മത്താ 3:16-17). ദൈവാത്മാവിനാൽ നിറഞ്ഞ് കർമഭൂമിയിലിറങ്ങിയ ഈശോ പ്രവർത്തിച്ച അത്ഭുതങ്ങൾക്ക് ദൃക്സാക്ഷികളായവരാണ് ഈശോ അശുദ്ധാരൂപി ബാധിച്ചവനാണെന്ന് ആരോപിക്കുന്നത് (മത്താ 12:24). ഭൂതം ഇല്ലാത്തതാണ് അത്ഭുതം. ഇതുവരെ ആരും ചെയ്തിട്ടില്ലാത്തതും മാനുഷികശക്തിയാൽ അസാധ്യവുമായ കാര്യം. ഈശോ ചെയ്യുന്നതു നേരിൽ കണ്ടിട്ട് ഈശോയിലൂടെയുള്ള പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്തെ എതിരാളികൾ ആസൂത്രിതമായി പിശാചിന്റെമേൽ ആരോപിച്ചു. സത്യം എന്താണെന്നറിഞ്ഞിട്ടും അതിനാവശ്യകമായ തെളിവുകൾ കണ്ടിട്ടും അവർ സത്യത്തിനുനേരെ പുറംതിരിഞ്ഞു. അവരുടെ മനപ്പൂർവ്വമുള്ള ഈ അന്ധത ക്ഷമ അർഹിക്കാത്തതാണ്. പരിശുദ്ധാത്മാവിനെതിരെയുള്ള അവരുടെ ദൂഷണം ദൈവകൃപയോടുള്ള അന്തിമ നിരാകരണമാണ്. അവർ നിത്യനാശത്തിലേക്ക് നീങ്ങുന്നവരാണ്.

പരിശുദ്ധാത്മാവിന്റെ പ്രവർത്തനങ്ങളെ ബോധപൂർവ്വം ഹൃദയകാഠിന്യത്തോടെ സാത്താന്റെ പ്രവർത്തനങ്ങളായി ചിത്രീകരിക്കുന്നതാണ് പരിശുദ്ധാത്മാവിനെതിരായ ദൈവദൂഷണം. ഇതാണ് ഫരിസേയരുടെ പൊറുക്കപ്പെടാത്ത നിത്യപാപം. ഇത്തരം ദൈവദൂഷണം ഈ യുഗത്തിലോ വരാനിരിക്കുന്ന യുഗത്തിലോ ക്ഷമിക്കപ്പെടുകയില്ല (മത്താ 12:32; മർക്കോ 3:29). അത്തരം പാപത്തിന്റെ അനന്തരഫലം നിത്യനാശമായിരിക്കും. ദൈവാത്മാവിനെതിരെ സ്വയംവാതിൽ കൊട്ടിയടയ്ക്കുന്നവർക്കും ഒരു കാരണവശാലും മോചനമില്ല. അതിനാൽ പിശാചിനെ പരാജയപ്പെടുത്തുന്ന ക്രിസ്തുവിനോടു ചേർന്നുനിന്നുകൊണ്ടു നിരന്തരം സത്ഫലങ്ങൾ പുറപ്പെടുവിക്കാം.

# യുവജനങ്ങളെ കാണാനുണ്ടോ?

**● ഈ നാടിനെ സ്നേഹിക്കാനും ഇവിടെതന്നെ നിലയുറപ്പിക്കാനും കഴിയുന്നവിധത്തിൽ പുതിയ പദ്ധതികൾ നമുക്ക് ആലോചിക്കേണ്ടിയിരിക്കുന്നു. അല്ല അതിനുള്ള സമയം അതിക്രമിച്ചിരിക്കുന്നു.**




സ്വാശ്രയ കോളജിൽ ഇംഗ്ലീഷ് അധ്യാപകനായി ജോലി ചെയ്തിരുന്ന ഒരു സുഹൃത്തിന് ഈ വർഷം മുതൽ ജോലിയില്ലാതായിരിക്കുകയാണ്. കാരണം മറ്റൊന്നുമല്ല ഇപ്പോൾ കോളജുകളിൽ പുതിയ കോഴ്സിന് വരുന്ന വിദ്യാർഥികളുടെ എണ്ണത്തിൽ ഭീമമായ കുറവ് വന്നിരിക്കുന്നു. ഈ ഒരു സാഹചര്യത്തിൽ മൂന്നും നാലും അധ്യാപകരുടെ ആവശ്യമൊന്നുമില്ല. അതുകൊണ്ട് പിരിച്ചുവിടപ്പെട്ട അധ്യാപകരിൽ ഒരാളായി അവൻ.. അമ്പതിനടുത്ത പ്രായത്തിൽ അവൻ തൊഴിൽരഹിതനായിരിക്കുന്നു.

നാടും വീടും വിട്ട് യുവജനങ്ങൾ പഠിക്കാനും ജോലിക്കുമായി വിദേശങ്ങളിലേക്ക് കുടിയേറുമ്പോൾ വരുംതലമുറയിൽ യുവജനങ്ങളുടെ അഭാവം സൃഷ്ടിക്കുന്ന ആഘാതത്തിനൊപ്പം തന്നെ പ്രധാനപ്പെട്ടതാണ് ഇനിയൊരു സാധ്യത മുമ്പിൽ തെളിഞ്ഞുവരാത്തവിധത്തിൽ മധ്യവയസിൽ തൊഴിൽരഹിതരായിമാറേണ്ടിവരുന്ന മേൽപ്പറഞ്ഞ വിധത്തിലുള്ളവരുടെ ജീവിതപ്രതിസന്ധികളും. എയ്ഡഡ് കോളജിൽ പഠിപ്പിക്കുന്ന മറ്റൊരു അധ്യാപകസുഹൃത്തും ഇതേ വിഷയം വേദനയോടെ പങ്കുവയ്ക്കുകയുണ്ടായി. പല കോഴ്സുകളിലും സീറ്റുകൾ കാലിയായികിടക്കുന്നു. ഡിവിഷൻ ഫാളിനെ തടയാനും എക്കണോമിക്കൽ ആകാനും വേണ്ടി സ്കൂൾ അധ്യാപകർ വിദ്യാർഥികളെ തേടി വീടുവീടാന്തരം കയറിയിറങ്ങിയിരുന്നതു പോലെ കോളജുകളിലേക്ക് കുട്ടികളെ ആകർഷിക്കാൻ അധ്യാപകർ പണിപ്പെടേണ്ടിവരുന്ന അവസ്ഥ.

മാനേജ്മെന്റ് ക്വോട്ടായിൽ പോലും സീറ്റില്ലാതെ പഠിക്കാൻ അവസരം കിട്ടാതെപോയ ഒരു ബിരുദകാലത്തെയും പാഴായിപോയ ഒന്നുരണ്ടുവർഷങ്ങളെയും കുറിച്ചാണ് അപ്പോൾ ഓർമിച്ചത്. ഇന്ന് അതേ കോളജിൽ പല ഡിഗ്രി കോഴ്സുകൾക്കും കുട്ടികളെകിട്ടാതെ വിഷമിക്കുന്നുവെന്നത് വിധിയുടെ വിളയാട്ടമാണോ? അറിയില്ല.

അടുത്തകാലത്ത് ഒരു ഹോസ്പിറ്റലിൽ വച്ച് ഒരു അമ്മയെ പരിചയപ്പെട്ടു. പനിക്കു മരുന്നുവാങ്ങി പോകുമ്പോൾ എവിടെയോ കാൽതട്ടി വീഴാൻ ഭാവിച്ചപ്പോൾ കൈ കൊടുത്തുനേടിയ പരിചയമാണ്. ആരെയെങ്കിലും കൂട്ടിന് കൊണ്ടുവരാമായിരുന്നില്ലേ എന്ന ചോദ്യത്തിന് ആ സ്ത്രീ പറഞ്ഞ മറുപടി ഇങ്ങനെയായിരുന്നു.

അതിന് കൂട്ടുവരാൻ ആരെങ്കിലും വീട്ടിലുണ്ടാവണ്ടേ?

മക്കളും മരുമക്കളും ആരുമില്ലാത്ത അമ്മയായിരുന്നുവെന്നാണ് കരുതുന്നതെങ്കിൽ തെറ്റി. മൂന്നു മക്കളുടെ അമ്മയാണ്. ഒരാൾ യുകെയിൽ. മറ്റൊരാൾ ഓസ്ട്രേലിയായിൽ. മൂന്നാമതൊരാൾ കാനഡായിൽ. ഭർത്താവ് ഒരു വർഷം മുമ്പ് മരിച്ചു. ആ സമയത്ത് മക്കൾ വന്നതാണ്.

മക്കൾക്ക് വിദേശത്തുപോകാൻ സാധിക്കണേയെന്ന പ്രാർഥനയുമായി ഒരുപാട് നൊവേനപ്പള്ളികളും ധ്യാനകേന്ദ്രങ്ങളും കയറിയിറങ്ങിയതാണ്. അതിന്റെ ഫലംകിട്ടി. പക്ഷേ പറ്റിപ്പോയത് എനിക്കാണ്..


ആ അമ്മയുടെ തൊണ്ടയിടറിയിരുന്നു.

ഇതൊരു ഒറ്റപ്പെട്ട അമ്മയല്ല. നമ്മുടെ ചുറ്റുവട്ടങ്ങളിലൊക്കെ ഇതുപോലെയുള്ള അമ്മമാരെയും അപ്പന്മാരെയും കാണാനാവും. ബാഹ്യമായി നോക്കുമ്പോൾ മറ്റുള്ളവരെ അസൂയപ്പെടുത്തുന്നതെല്ലാം അവർക്കുണ്ട്. പക്ഷേ അവരെ സംബന്ധിച്ചിടത്തോളം അതെല്ലാം ഇപ്പോൾ വ്യർത്ഥമായി തോന്നുന്നു.

മക്കൾ വിദേശത്തുപോകുന്നതും പണംസമ്പാദിക്കുന്നതും അഭിമാനവും സന്തോഷവുമായികരുതുന്ന മാതാപിതാക്കൾ ഏറെയുണ്ട്. സ്വന്തം നാടിനെക്കാൾ നല്ലത് വിദേശമാണെന്ന് ചിന്ത ചെറുപ്പത്തിലേ മക്കളിലേക്ക് കുത്തിവയ്ക്കുന്നവർ. മക്കൾ വിദേശത്തുപോകാനായി പ്രാർഥനകളും ഉപവാസവുമായി ജീവിക്കുന്നവരുമുണ്ട്. പക്ഷേ പ്രതിവർഷം അമ്പതിനായിരത്തോളം യുവജനങ്ങൾ വിദേശങ്ങളിലേക്ക് പോകുന്നുണ്ടെന്നാണ് കണക്കുകൾ പറയുന്നത്. ഇങ്ങനെ പോകുന്നവരിൽ നല്ലൊരു ശതമാനവും തിരികെ നാട്ടിലേക്ക് വരുന്നുമില്ല. ജോലി കണ്ടെത്തി കുടുംബമായി ജീവിതം അവിടെ ചെലവഴിക്കുകയാണ് പലരും.ഫലമോ അവരുടെ മാതാപിതാക്കൾ ജീവിതസായാഹ്നത്തിൽ ഒറ്റപ്പെടുന്നു. തങ്ങൾ തന്നെ വരുത്തിവച്ച ഗതിയാണിതെന്ന മനസ്താപത്തോടെ മക്കളെ അവസാനമായിട്ടൊന്നു കാണാൻപോലും ഭാഗ്യം ലഭിക്കാതെ അവർക്ക് കണ്ണടയ്ക്കേണ്ടിവരുന്നു.

ഇവിടെയെന്തിരിക്കുന്നുവെന്നാണ് വിദേശത്തേക്ക് കുടിയേറാൻ ശ്രമിച്ചുകൊണ്ടിരിക്കുന്ന യുവജനങ്ങളിൽ പലരുടെയും ചോദ്യം. ആ ചോദ്യത്തിൽ ശരിയില്ലാതുമില്ല. പഠിച്ചതിന് അനുസരിച്ച ജോലിയില്ല, ജോലിക്കനുസരിച്ച വേതനമില്ല. കഴിവുകളും യോഗ്യതകളും അപ്രധാനപ്പെട്ടതാകുന്നു. സ്വജനപക്ഷപാതവും സ്വാധീനവുമുള്ളവർ മാത്രം ജോലി കരസ്ഥമാക്കുന്നു. അതേതു മേഖലയിലും അങ്ങനെ തന്നെ. ഇങ്ങനെയൊരു സാഹചര്യത്തിൽ ജീവിക്കാൻ വേണ്ടി കുടിയേറ്റം നടത്തുന്നവരെ കുറ്റംപറയാനാവില്ല . നമ്മുടെ നാടിനെക്കാൾ നല്ലത് വിദേശമാണെന്ന് ആദ്യത്തെ കുറച്ചുനാളത്തെ അതിജീവനത്തിനുവേണ്ടിയുള്ള കഷ്ടപ്പാടുകൾക്ക് ശേഷം അവർ തിരിച്ചറിയുന്നതോടെ പിന്നിടുള്ള ജീവിതം മുഴുവൻ അവിടെതന്നെയെന്ന് തീരുമാനിക്കുന്നതിനും കുറ്റംപറയാനാവില്ല. സാഹചര്യമാണ് അവരെ അങ്ങനെയാക്കിയത്. അതുകൊണ്ട് യുവജനങ്ങളെയല്ല ഈ വ്യവസ്ഥിതിയെയാണ് നാം കുറ്റപ്പെടുത്തേണ്ടത്. കുടിയേറ്റങ്ങൾ വഴി ഒരു കാലത്ത് നമ്മുടെ സാമൂഹികസാമ്പത്തികമേഖലകളിൽ വലിയ മാറ്റങ്ങളുണ്ടായി എന്നതു സത്യമാണ്.പക്ഷേ പുതിയ തലമുറയിലെ ഈ കുടിയേറ്റങ്ങൾ വഴി നമുക്ക് പറയത്തക്ക നേട്ടങ്ങൾ ഇല്ലാതെ പോകുന്നുവെന്നതാണ് സത്യം. കാരണം പോയവരാരും തിരികെ വരാത്തതുതന്നെ. ഈ നാടിനെ സ്നേഹിക്കാനും ഇവിടെതന്നെ നിലയുറപ്പിക്കാനും കഴിയുന്നവിധത്തിൽ പുതിയ പദ്ധതികൾ നമുക്ക് ആലോചിക്കേണ്ടിയിരിക്കുന്നു. അല്ല അതിനുള്ള സമയം അതിക്രമിച്ചിരിക്കുന്നു. നമ്മുടെ യുവജനങ്ങളുടെ കഴിവുകൾ ഇവിടെതന്നെ പ്രകടിപ്പിക്കാൻ അവസരങ്ങൾ സൃഷ്ടിക്കപ്പെടേണ്ടിയിരിക്കുന്നു.

# ഈശോയും വൈദികനും ഒരുപോലെ...




**വിനായക് നിർമ്മൽ**

ചെറുപ്രായം മുതല്ക്കേ അവനൊറ്റ ആഗ്രഹമേ ഉണ്ടായിരുന്നുള്ളൂ. ഒരു വൈദികനാകണം. വൈദികനാകുന്നതും ഈശോയാകുന്നതും ഒരുപോലെയാണെന്നായിരുന്നു അവന്റെ വിശ്വാസം. അതുകൊണ്ടാണ് പൗരോഹിത്യത്തിന് അവൻ അത്രയേറെ പ്രാധാന്യം നല്കിയിരുന്നത്. പുരോഹിതൻ സാധാരണക്കാരനല്ല, തന്റെ സഭാവസ്ത്രത്തിൽ അദ്ദേഹം എത്രയോ സുന്ദരനാണ്. കർത്താവിന്റെ മനോഹരമായ കുരിശാണ് അവർ തങ്ങളുടെ ശരീരത്തിൽ ധരിക്കുന്നത്.. എന്തുകൊണ്ടാണെന്നറിയില്ല എനിക്ക് വേഷവും രൂപവും ഏറെ മനോഹരമായി തോന്നുന്നു. " ഇതായിരുന്നു ചെറുപ്രായം മുതല്ക്കേ പൗരോഹിത്യത്തെക്കുറിച്ചുള്ള അവന്റെ ചിന്തയും കാഴ്ചപ്പാടും.

അവന്റെ പേരാണ് ജീൻ തിയെറി എബോഗോ. കാമറൂണിലെ ബാമെഡായിൽ 1982 ഫെബ്രുവരി നാലിനായിരുന്നു ജീൻ ജനിച്ചത്. ഉത്തമക്രൈസ്തവ ദമ്പതികളായിരുന്നു ജീനിന്റെ മാതാപിതാക്കൾ. സജീവമായ ഇടവകപ്രവർത്തനം അവൻ എപ്പോഴും കാഴ്ചവച്ചിരുന്നു അൾത്താരബാലനും മറ്റുമായി സേവനം ചെയ്ത അവസരത്തിൽ തന്റെ കടമകൾ നിർവഹിക്കുന്നതിൽ നിന്ന് അവനൊരിക്കലും പിൻവാങ്ങിയിരുന്നില്ല. മാതാപിതാക്കളെ സഹായിക്കുന്നതിലും മുമ്പന്തിയിലായിരുന്നു. മാതാപിതാക്കൾക്കൊപ്പവും അല്ലാതെയും ചന്തയിൽകൊണ്ടുപോയി നാരങ്ങവില്ക്കാൻ പോകുന്നത് കുട്ടിയായിരുന്നപ്പോൾതന്നെ അവന്റെ പതിവായിരുന്നു. വളരെ സോഷ്യബിളും സന്തോഷപ്രകൃതിയുമായിരുന്നു അവൻ. അതുകൊണ്ടുതന്നെ ജീനിലേക്ക് ആൺപെൺഭേദമന്യേ സമപ്രായക്കാർ ആകർഷിക്കപ്പെടാറുണ്ടായിരുന്നു. പെൺകുട്ടികൾക്കു ചുറ്റിനുമായി അവനെ കാണപ്പെട്ടിരുന്ന അവസരത്തിൽ മാതാപിതാക്കൾ അതേക്കുറിച്ച് അസ്വസ്ഥത പ്രകടിപ്പിച്ചപ്പോൾ, നിങ്ങൾ എന്താണ് ചിന്തിച്ചുകൂട്ടുന്നതെന്ന് എനിക്കറിയില്ല പക്ഷേ ഞാനെന്നെ വിശുദ്ധിയിലാണ് കാത്തുസൂക്ഷിക്കുന്നത്. ഒരു വൈദികനടുത്ത വിശുദ്ധിയിലാണ് ഞാൻ ജീവിക്കുന്നത് എന്നതായിരുന്നു ജീനിന്റെ മറുപടി.




ചെറുപ്രായം മുതല്ക്കേയുള്ള ആഗ്രഹപൂർത്തീകരണത്തിന്റെ സാക്ഷാത്ക്കാരത്തിനായി പതിമൂന്നാം വയസിൽ സെമിനാരിയിൽ ചേർന്നു. 2004 ജൂൺ 29 ന് നൊവിഷ്യേറ്റ് ഘട്ടത്തിലേക്ക് കടന്നു. ഏതാനും ആഴ്ചകൾക്കുശേഷമാണ് വലതുകാൽമുട്ടിലായി ഒരു ട്യൂമർ കണ്ടെത്തിയത്. രോഗശമനത്തിനായി പല ആശുപത്രികളും കയറിയിറങ്ങേണ്ടിവന്നു. നവംബർ 18 ന് വലതുകാൽ മുറിച്ചുനീക്കേണ്ടിവന്നു. എന്നാൽ ആ നഷ്ടവും വേദനയും വൈദിക ദൈവവിളിയുടെ വർദ്ധനവിനുവേണ്ടി സമർപ്പിക്കുകയാണ് ചെയ്തത്. 2005 ഡിസംബർ എട്ടിന് പ്രഥമവ്രതവാഗ്ദാനം നിറവേറ്റി. ഫ്രിയർ ജീൻ തിയെറി എബോഗോ ഓഫ് ദ ചൈൽഡ് ജീസസ് ഓൺ ഓഫ് ദ പാഷൻ എന്ന പേരാണ് അവൻ സ്വീകരിച്ചത്. തന്റെ ജീവിതം മുഴുവനായും യേശുവിന് വേണ്ടി അവൻ സമർപ്പിക്കുകയായിരുന്നു. കാൽ മുറിച്ചുമാറ്റിയിട്ടും രോഗശമനം ഉണ്ടായില്ല. കഠിനവേദനയുടെ ദിനരാത്രങ്ങളായിരുന്നു അവനെ കാത്തുനിന്നിരുന്നത്. എന്നാൽ ആ വേദനകളെല്ലാം അവൻ ക്ഷമാപൂർവ്വംസഹിച്ചു. വേദനകൾ പൗരോഹിത്യത്തിനും പുരോഹിതർക്കും വേണ്ടി കാഴ്ചവച്ചു. വേദനയിലും പുഞ്ചിരിക്കാൻ കഴിയുന്ന അവനെ കാണാൻ ആശുപത്രിയിൽ സന്ദർശകപ്രവാഹമായിരുന്നു.

2006 ജനുവരി അഞ്ചിന് നിത്യസമ്മാനത്തിനായി ജീൻ സ്വർഗ്ഗത്തിലേക്ക് യാത്രയായി. മരണത്തിന് ഏതാനും മണിക്കൂറുകൾക്ക് മുമ്പ് ആശുപത്രികിടക്കയിൽ വച്ച് അവൻ വിശുദ്ധ കുർബാന സ്വീകരിച്ചു. "ദൈവഹിതം നിറവേറട്ടെ" ജീൻ പറഞ്ഞു. ഈശോ എത്രയോ സുന്ദരനാണ്.. ഇതായിരുന്നു ജീനിന്റെ അവസാനവാക്കുകൾ. 2006 ജനുവരി 11 ന് ജീനിന്റെ സംസ്കാരം നടന്നു.

# ഫാ. ആർമണ്ട് മാധവത്ത് ഇനി ദൈവദാസൻ

കേരളത്തിലെ പ്രമുഖമായ രണ്ട് ധ്യാനമന്ദിരങ്ങളുടെ സ്ഥാപകനും കേരള കരിസ്മാറ്റിക് പ്രസ്ഥാനത്തിന്റെ പ്രാരംഭകനും കപ്പൂച്ചിൻ സഭയിലെ വിശുദ്ധ സാന്നിധ്യവുമായിരുന്ന ഫാ. ആർമണ്ട് മാധവത്ത് കപ്പൂച്ചിനെ ദൈവദാസനായി പ്രഖ്യാപിച്ചു. കേരളത്തിലെ ആദ്യ കരിസ്മാറ്റിക് ധ്യാനകേന്ദ്രമായ ഭരണങ്ങാനം അസീസിയുടെയും ഇരിട്ടി, വിമലഗിരി ധ്യാനകേന്ദ്രത്തിന്റെയും സ്ഥാപകനാണ്. പാലാ രൂപതയിലെ മരങ്ങാട്ടുപള്ളി ഇടവകയിൽ മാധവത്ത് പ്രാഞ്ചി-റോസ ദമ്പതികളുടെ എട്ട് മക്കളിൽ നാലാമനായി 1930 നവംബർ 25ന് ജനിച്ചു. സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയ ആർമണ്ട് അജ്മീർ മിഷനിൽ വൈദികനാകാൻ പഠനമാരംഭിച്ചു. എന്നാൽ അസീസിയിലെ ഫ്രാൻസിസിന്റെ ആധ്യാത്മികതയോടുള്ള ആകർഷണം അദ്ദേഹത്തെ കപ്പൂച്ചിൻ സഭയിൽ എത്തിച്ചു.



കപ്പൂച്ചിൻ സഭയിൽ നൊവിഷ്യേറ്റ് പൂർത്തിയാക്കിയ ബ്ര. ആർമണ്ട് 1954 മെയ് 13ന് പ്രഥമ വ്രതവാഗ്ദാനം നടത്തി. കൊല്ലത്തുള്ള കപ്പൂച്ചിൻ സെമിനാരിയിൽ തത്വശാസ്ത്രവും കോട്ടഗിരിയിലുള്ള ഫ്രയറിയിൽ ദൈവശാസ്ത്രവും പഠിച്ച അദ്ദേഹം 1960 മെയ് 25ന് ഊട്ടി രൂപത മെത്രാനായിരുന്ന മാർ ആന്റണി പടിയറ പിതാവിൽനിന്നും തിരുപ്പട്ടം സ്വീകരിച്ചു. വയനാട്ടിലേക്ക് കുടിയേറിയ കുടുംബക്കാരോടൊപ്പം നടവയലിൽവച്ചായിരുന്നു പ്രഥമ ദിവ്യബലി.

എറണാകുളത്തിനടുത്തുള്ള പൊന്നുരുന്നി ആശ്രമത്തിലും ആലുവയിലെ നസറത്ത് ആശ്രമത്തിലും മംഗലാപുരത്തുള്ള നൊവിഷ്യേറ്റിലും മൂവാറ്റുപുഴ ആശ്രമത്തിലും ഭരണങ്ങാനം സെമിനാരിയിലുമായിരുന്നു ആദ്യഘട്ട ശുശ്രൂഷകൾ. തീക്ഷ്ണതയോടെ ബലിയർപ്പിക്കുകയും കരുണയോടെ കുമ്പസാരം കേൾക്കുകയും ദീർഘനേരം പ്രാർത്ഥിക്കുകയും ചെയ്തിരുന്ന ആർമണ്ടച്ചൻ സഹസന്യാസികൾക്കും നാട്ടുകാർക്കും പ്രിയപ്പെട്ടവനായിരുന്നു. ഫ്രാൻസിസ് അസീസിയുടെ എളിമയും ലാളിത്യവും പരിഹാരചൈതന്യവും സ്വന്തമാക്കിയ ആർമണ്ടച്ചന്റെ ജീവിതം ഏവർക്കും മാതൃകയായിരുന്നു. അല്മായരുമായുള്ള അച്ചന്റെ ബന്ധം എല്ലായ്പ്പോഴും സുദൃഢമായിരുന്നു.

ഫാ. എ.കെ. ജോൺ, ഫാ. ഗ്രേഷ്യൻ എന്നിവരുടെയും ഏതാനും അല്മായ പ്രേഷിതരുടെയും സഹായത്തോടെ മലയാളത്തിൽ ആദ്യ കരിസ്മാറ്റിക് ധ്യാനം 1976 സെപ്റ്റംബർ 24 മുതൽ ഭരണങ്ങാനം അസീസിയിൽ സംഘടിപ്പിച്ചത് ആർമണ്ടച്ചനായിരുന്നു..

കൺവൻഷനുകൾ, ഇടവക ധ്യാനങ്ങൾ തുടങ്ങിയവയിലൂടെ കരിസ്മാറ്റിക് നവീകരണ മുന്നേറ്റം ജനകീയമാക്കാൻ അച്ചൻ കഠിനപ്രയത്നം ചെയ്തു. ഭരണങ്ങാനം അസീസി ധ്യാനമന്ദിരത്തിൽ 20 വർഷം സേവനം ചെയ്ത് അതിനെ വളർച്ചയുടെ കൊടുമുടിയിൽ എത്തിച്ച ആർമണ്ടച്ചൻ, തനിക്ക് ലഭിച്ച ഒരു പ്രചോദനമനുസരിച്ചാണ് 1996ൽ കണ്ണൂർ, ഇരിട്ടിക്കടുത്ത് വിമലഗിരി ധ്യാനമന്ദിരം ആരംഭിച്ചത്. ഒന്നുമില്ലായ്മയിൽനിന്നും സകലരോടും ധർമം യാചിച്ച് അച്ചൻ കെട്ടിപ്പൊക്കിയ ധ്യാനമന്ദിരം മലബാറിന്റെ ആത്മീയ ഹൃദയമായിത്തീർന്നു. ഒരു വലിയ ധ്യാനപ്രസംഗകനോ കൗൺസിലറോ രോഗശാന്തി ശുശ്രൂഷകനോ ജീവകാരുണ്യപ്രവർത്തകനോ ഒന്നുമായിരുന്നില്ല ആർമണ്ടച്ചൻ. എന്നാൽ അസാധാരണമായവിധം ദൈവസ്നേഹത്തിൽ ജ്വലിച്ചിരുന്ന അച്ചന്റെ സാന്നിധ്യം മാത്രം മതിയായിരുന്നു ശാന്തിയും സമാധാനവും ലഭിക്കാൻ. പ്രാർത്ഥനയുടെ ഗുരുവും വചനത്തിന്റെ ഉപാസകനും ത്രിത്വത്തിന്റെ ആരാധകനുമായിരുന്ന ആർമണ്ടച്ചൻ എഴുപതാം വയസിൽ രോഗബാധിതനായി. 2001 ജനുവരി 12ന് ദിവംഗതനായി. ഭൗതികശരീരം അടക്കം ചെയ്യപ്പെട്ടത് വിമലഗിരി ആശ്രമത്തോടനുബന്ധിച്ചായിരുന്നു.അന്നുമുതൽ ആർമണ്ടച്ചന്റെ കല്ലറ പ്രാർത്ഥനയുടെ സങ്കേതമായി രൂപപ്പെടുവാൻ തുടങ്ങിയിരുന്നു.




# അറേബ്യൻ ഗൾഫ്മേഖലയിൽ സീറോമലബാർ സഭാസംവിധാനം ഉറപ്പ്: മേജർആർച്ചുബിഷപ്പ്

മുഴുവൻ ഗൾഫ്രാജ്യങ്ങളെയും ഉൾക്കൊള്ളുന്ന സീറോമലബാർ സഭാ സംവിധാനത്തിന് അനുമതി നൽകുമെന്ന കാര്യത്തിൽ ഫ്രാൻസിസ് മാർപാപ്പ ഉറപ്പു നൽകിയതായി സീറോമലബാർസഭ മേജർ ആർച്ചുബിഷപ്പ് മാർ റാഫേൽ തട്ടിൽ. സീറോമലബാർ കൾച്ചറൽ അസോസിയേഷൻ കുവൈറ്റ് റിട്ടേണീസ് ഫോറം (SMCAKRF) കുടുംബസമ്മേളനം ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു മാർ റാഫേൽ തട്ടിൽ. രൂപത,സന്യാസസഭ എന്ന ചിന്തകൾക്കുപരിയായി എല്ലാ സീറോമലബാർ വിശ്വാസികളും ഒറ്റ സമൂഹമായി നിലകൊള്ളണം. സീറോമലബാർസഭ ഇനി ശ്രദ്ധ കൊടുക്കേണ്ടത് പ്രവാസികളുടെ അജപാലനത്തിനും മിഷൻ പ്രവർത്തനങ്ങൾക്കുമാണ്. മേജർആർച്ചുബിഷപ്പ് പറഞ്ഞു.

കുവൈറ്റിൽ സീറോമലബാർ വിശ്വാസികൾക്ക് വേണ്ടി സേവന മനുഷ്ഠിച്ച ഫാ.ജോസഫ് എടപ്പുളവൻ OCD, ഫാ.ജോസഫ് പാലാട്ടി OCD, ഫാ. ജോയ് മരങ്ങാട്ടിക്കാല SDB, ഫാ. പ്രകാശ് കാഞ്ഞിരത്തിങ്കൽ OFM Cap., ഫാ. ജോൺസൻ അരശ്ശേരിൽ OFM Cap. എന്നിവരെ മാർ റാഫേൽ തട്ടിൽ പൊന്നാട അണിയിച്ച് മെമെന്റോ നൽകി ആദരിച്ചു വിവാഹത്തിന്റെ രജതജൂബിലി ആഘോഷിക്കുന്ന ദമ്പതികളെയും ആദരിച്ചു. SMCAKRF പ്രസിഡന്റ് ജേക്കബ് പൈനാടത്ത് അധ്യക്ഷനായിരുന്നു. ഷാജിമോൻ മങ്കുഴിക്കരി, ജോർജ് ചാക്കോ, തോമസ് ലോനപ്പൻ, ജിൻസൺ കോലഞ്ചേരി, പോൾസൺ അക്കര എന്നിവർ പ്രസംഗിച്ചു. SMCAKRF അംഗങ്ങൾ അവതരിപ്പിച്ച മാർഗംകളിയും ഉണ്ടായിരുന്നു.

# മാർ ജോസഫ്സ്രാമ്പിക്കൽ വത്തിക്കാൻ സിനഡിന്റെ പഠനസമിതിയിൽ



ഗ്രേറ്റ് ബ്രിട്ടൻ സീറോമലബാർ രൂപതാധ്യക്ഷൻ മാർ ജോസഫ് സ്രാമ്പിക്കലിനെ വത്തിക്കാനിൽ നടന്നുവരുന്ന സിനഡാലിറ്റിയെക്കുറിച്ചുള്ള ആഗോളസിനഡിന്റെ പഠനസമിതിയിലേക്ക് പരിശുദ്ധ സിംഹാസനം നിയമിച്ചു. പൗരസ്ത്യ സഭകളും ലത്തീൻ സഭയുമായുള്ള ബന്ധത്തെക്കുറിച്ച് പഠിക്കുന്നതിന് നിയമിക്കപ്പെട്ട 13 അംഗ വിദഗ്ധ സമിതിയിലേക്കാണ് മാർ സ്രാമ്പിക്കൽ നിയമിതനായിരിക്കുന്നത്. പൗരസ്ത്യ സഭകൾക്കു വേണ്ടി യുള്ള കാര്യാലയത്തിന്റെ അധ്യക്ഷൻ കാർഡിനൽ ക്ലൗദിയോ ഗുജറോത്തി, ആർച്ചുബിഷപ്പ് മാർ സിറിൽ വാസിൽ എന്നിവരും സമിതിയിലെ അംഗങ്ങളാണ്. ആഗോള കത്തോലിക്കാസഭയിലെ തിരഞ്ഞെടുക്കപ്പെട്ട 118 അംഗങ്ങളാണ് വ്യത്യസ്ത വിഷയങ്ങളെ ആഴത്തിൽ പഠിച്ചു മാർപാപ്പയ്ക്ക് റിപ്പോർട്ട് സമർപ്പിക്കേണ്ട സിനഡിന്റെ സമിതികളിൽ ഉള്ളത്.

മാർ ജോസഫ് സ്രാമ്പിക്കലും മുംബൈ ആർച്ചുബിഷപ്പ് കാർഡിനൽ ഓസ്‌വാൾഡ് ഗ്രേഷ്യസ്സുമാണ് പഠനസമിതികളിൽ നിയമിതരായിരിക്കുന്ന ഇന്ത്യക്കാർ.

# പ്രോലൈഫ് ഇന്നിന്റെ ആവശ്യം : മാർ ജോസഫ് കല്ലറങ്ങാട്ട്

പാലാ: കാസർഗോഡുനിന്ന് ആരംഭിച്ച് തിരുവനന്തപുരത്ത് സമാപിച്ച ജീവസംരക്ഷണ സന്ദേശയാത്രയ്ക്ക് പാലായിൽ സ്വീകരണം നല്കി. പാലാ രൂപത മെത്രാൻ മാർ ജോസഫ് കല്ലറങ്ങാട്ട് ഉദ്ഘാടനം ചെയ്തു. ദൈവത്തിന്റെ അവകാശമായ ജീവൻ, അതിൽ ഏറ്റവും പ്രധാനമായ മനുഷ്യജീവൻ ഹനിക്കാൻ ആർക്കും അവകാശമില്ലായെന്ന് മാർ കല്ലറങ്ങാട്ട് ഓർമ്മപ്പെടുത്തി. പാലായിലെ വിവിധ കേന്ദ്രങ്ങളിൽ നൽകിയ സ്വീകരണത്തിൽ നൂറ് കണക്കിന് പ്രവർത്തകർ പങ്കെടുത്തു. പാലാ രൂപത ഫാമിലി അപ്പോസ്തലേറ്റിന്റെ വിവിധ സംഘടനകളായ പ്രോലൈഫ്, പിതൃവേദി, മാതൃവേദി, നവോമി ഫോറം, യുവജന സംഘടനയായ എസ്.എം.വൈ.എം എന്നിവയിലെ പ്രവർത്തകർ റാലിക്ക് ബിഷപ്പ്സ് ഹൗസിലേക്ക് സ്വീകരണം നൽകി.

ബിഷപ്പ്സ് ഹൗസിൽ നടന്ന സമ്മേളനത്തിൽ പാലാ രൂപത പ്രോലൈഫ് പ്രസിഡന്റ് മാത്യു എം.കുര്യാക്കോസ്, സാബു, വികാരി ജനറാൾമാരായ റവ. ഫാ. ജോസഫ് തടത്തിൽ, ഫാ. സെബാസ്റ്റ്യൻ വേത്താനത്ത്, ഡോ. ഫെലിക്സ് ജെയിംസ് എന്നിവർ പ്രസംഗിച്ചു.





# പ്രതിസന്ധികളിൽ ക്രിസ്തുവിന്റെകൂടെ നടക്കാനുള്ള ആഹ്വാനമാണ് വിശ്വാസപരിശീലനം: മാർ പോളി കണ്ണൂക്കാടൻ

ഇരിഞ്ഞാലക്കുട: പ്രതിസന്ധികളിൽ ക്രിസ്തുവിന്റെകൂടെ നടക്കാനുള്ള ആഹ്വാനമാണ് വിശ്വാസ പരിശീലനത്തിന്റേതെന്ന് മാർ പോളി കണ്ണൂക്കാടൻ. 2023’24 വിശ്വാസപരിശീലന വർഷത്തിലെ അവാർഡുകൾ വിശ്വാസ പരിശീലനകേന്ദ്രമായ വിദ്യാജ്യോതിയിൽ ഉദ്ഘാടനം ചെയ്തുസംസാരിക്കുകയായിരുന്നു അദ്ദേഹം. രൂപത വികാരിജനറാൾ മോൺ. വിൽസൺ ഈരത്തറ അധ്യക്ഷത വഹിച്ചു. ഫാ. റിജോയ് പഴയാറ്റിൽ സി. മരിയെറ്റ്, ജോസ് മാളിയേക്കൽ എന്നിവർ പ്രസംഗിച്ചു.

വിശ്വാസപരിശീലന അധ്യാപനരംഗത്ത് 25 വർഷം പൂർത്തിയാക്കിയവരെ ആദരിച്ചു. 10,12 ക്ലാസ്സ് ഉന്നതവിജയം നേടിയവർ, സ്കോളർഷിപ്പ് റാങ്കുകാർ, മിഷൻ ക്വസ്റ്റ് ജേതാക്കൾ, 2023’24 വിശ്വാസ പരിശീലന വർഷത്തിൽ വ്യത്യസ്ത വിഭാഗങ്ങളിൽ മികച്ച വിശ്വാസപരിശീലന സ്കൂളുകളായി തിരഞ്ഞെടുക്കപ്പെട്ടവർ, പത്ത് ഫൊറോനകളിൽനിന്നുള്ള ബെസ്റ്റ് ഇന്റൻസീവ് ഫെയ്ത് ലാബുകൾ, കയ്യെഴുത്തു മാസിക മത്സരത്തിൽ വിജയികൾ എന്നിങ്ങനെ വ്യത്യസ്ത വിഭാഗങ്ങളിൽ വിജയികൾക്കുള്ള അവാർഡുകൾ മാർ പോളി കണ്ണൂക്കാടൻ വിതരണം ചെയ്തു.

# ജീവന്റെ സംസ്കാരത്തെ സജീവമാക്കാൻ പ്രോലൈഫിലൂടെ സാധിക്കുന്നു: ആർച്ചുബിഷപ്പ് മാർ ജോസഫ് പാംബ്ലാനി



കാഞ്ഞങ്ങാട്: സഭയിലും സമൂഹത്തിലും ജീവന്റെ സംസ്കാരം സജീവമാക്കുവാൻ ലോകവ്യാപകമായി പ്രോലൈഫ് ശുശ്രുഷകളിലൂടെ സാധിക്കുന്നുവെന്ന് ആർച്ചുബിഷപ്പ് മാർ ജോസഫ് പാംബ്ലാനി. ക്രിസ്തീയ ജീവിതത്തിന്റെ അടിസ്ഥാനവും ആധാരവും ജീവന്റെ സംരക്ഷണമാണ്. ജീവന്റെ മൂല്യം സംരക്ഷിക്കുമ്പോഴാണ് സമൂഹത്തിൽ സമാധാനം നിലനിൽക്കുന്നത്. ഇവിടെ ജനിക്കുന്നവരുടെ എണ്ണം കുറയുകയും, ഉള്ള യുവതീയുവാക്കൾ തൊഴിൽതേടി വിദേശങ്ങളിൽപോയി തിരിച്ചുവരാതിരിക്കുകയും ചെയ്യുമ്പോൾ നമ്മുടെ നാടിന്റെ വികസനം മുരടിക്കുമെന്ന് അദ്ദേഹം മുന്നറിയിപ്പ് നൽകി. വിവിധ സാഹചര്യങ്ങൾ വിലയിരുത്തി പരമാവധി മക്കളെ സ്വീകരിക്കുവാൻ മാതാപിതാക്കൾ ശ്രമിക്കണം. കെസിബിസി പ്രോ ലൈഫ് സംസ്ഥാന സമിതിയുടെ നേതൃത്വത്തിൽ ആരംഭിച്ച ജീവസംരക്ഷണ സന്ദേശ കേരളയാത്ര ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.

മനുഷ്യജീവന്റെ മഹത്വമാണ് എല്ലാ മതങ്ങളും പ്രഘോഷിക്കുന്നതെന്ന് അധ്യക്ഷപ്രസംഗത്തിൽ കെസിബിസി ഫാമിലിയുടെയും പ്രോ ലൈഫിന്റെയും കമ്മീഷൻ ചെയർമാൻ ബിഷപ്പ് ഡോ. പോൾ ആന്റണി മുല്ലശ്ശേരി പറഞ്ഞു. അബോർഷൻ, കൊലപാതകം, ലഹരി എന്നിവയ്ക്കെതിരെ പ്രവർത്തിക്കുന്ന പ്രോ ലൈഫ് പ്രവർത്തനം ഗ്രാമങ്ങളിലും ഇടവകകളിലും സ്ഥാപനങ്ങളിലും, പ്രസ്ഥാനങ്ങളിലും സജീവമായി നടത്തണമെന്നും അദ്ദേഹം പറഞ്ഞു.

ഉത്തമ കുടുംബങ്ങളിൽ നിന്നു മാത്രമേ നന്മകൾ നിറഞ്ഞ വ്യക്തികൾ വളർന്നുവരുകയുള്ളുവെന്നും കുടുംബങ്ങളിലെ കെട്ടുറപ്പും കൂട്ടായ്മയുമാണ് രാഷ്ട്രത്തിന്റെ അടിത്തറയെന്നും അനുഗ്രഹപ്രഭാഷണം നടത്തിയ കണ്ണൂർ രൂപതബിഷപ്പ് ഡോ. അലക്സ് വടക്കുതല പറഞ്ഞു.

പടന്നകാട് പാസ്റ്ററൽ സെന്ററിൽ നടന്ന സമ്മേളനത്തിൽ കെസിബിസി പ്രോ ലൈഫ് സമിതിയുടെ ഡയറക്ടർ ഫാ. ക്ളീറ്റസ് വർഗീസ് കതിർപറമ്പിൽ, പ്രസിഡന്റ് ജോൺസൻ സി എബ്രഹാം, മാർച്ച് ഫോർ ലൈഫ് ജനറൽ ക്യാപ്റ്റൻ ജെയിംസ് ആഴ്ചങ്ങാടൻ, ജനറൽ കോ ഓർഡിനേറ്റർ സാബു ജോസ്, സ്പിരിച്ചൽ കോഡിനേറ്റർ സിസ്റ്റർ മേരി ജോർജ്, വൈസ് ക്യാപ്റ്റൻമാരായ ആൻറണി പത്രോസ്, മാർട്ടിൻ ന്യൂനസ്, മോൺസിഞ്ഞൂർ ഫാ.മാത്യു ഇളംതുരുത്തിപടവിൽ, ഫാ.ആൻസിൽ പീറ്റർ, ഫാ.ജോർജ് കളപ്പുര, ഫാ.ജോബി കോവാട്ട്, ഫാ.പീറ്റർ കനീഷ്, സിസ്റ്റർ ജോസ്ന കൈമാപറമ്പിൽ എന്നിവർ പ്രസംഗിച്ചു.

14 ജില്ലകളിലെ 32 കത്തോലിക്ക രൂപതകൾ സന്ദർശിച്ചശേഷം നാഷണൽ പ്രോലൈഫ് മാർച്ച് ഓഗസ്റ്റ് 10ന് തൃശൂരിൽ സമാപിക്കും. മൂന്നുറ് കേന്ദ്രങ്ങളിൽ പ്രോലൈഫ് സമ്മേളനങ്ങളും റാലിയും നടക്കും.

## കോട്ടയം അതിരൂപതാ ദിനാഘോഷങ്ങൾ സെപ്റ്റംബർ 2 ന്

കോതനല്ലൂർ: തെക്കുംഭാഗജനതയ്ക്കായി 'ഇൻ യൂണിവേഴ്സി ക്രിസ്ത്യാനി' എന്ന തിരുവെഴുത്തു വഴി 1911 ആഗസ്റ്റ് 29 ന് വിശുദ്ധ പത്താം പീയൂസ് മാർപാപ്പ കോട്ടയം വികാരിയാത്ത് സ്ഥാപിച്ചതിന്റെ 113ാം അതിരൂപതാതല ആഘോഷങ്ങൾ സെപ്റ്റംബർ 2 ശനിയാഴ്ച തൂവാനിസ പ്രാർത്ഥനാലയത്തിൽ നടത്തപ്പെടും. ഉച്ചകഴിഞ്ഞ് 2.15 ന്അതിരൂപതാ പതാക ഉയർത്തുന്നതോടെ ആഘോഷങ്ങൾക്കു തുടക്കമാകും. കോട്ടയം അതിരൂപതാ മെത്രാപ്പോലീത്ത മാർ മാത്യു മൂലക്കാട്ടിന്റെ മുഖ്യകാർമ്മികത്വത്തിൽ കൃതജ്ഞതാബലിയർപ്പിക്കും. തുടർന്നു നടത്തപ്പെടുന്ന അതിരൂപതാദിന പൊതുസമ്മേളനത്തിൽ വിവിധ രംഗങ്ങളിൽ പ്രാഗത്ഭ്യം തെളിയിച്ച അതിരൂപതാംഗങ്ങളെ ആദരിക്കും. അതിരൂപതയിലെ വൈദികരും സമർപ്പിത പ്രതിനിധികളും പാസ്റ്ററൽ കൗൺസിൽ അംഗങ്ങളും പാരിഷ് കൗൺസിൽ പ്രതിനിധികളും സമുദായസംഘടനാ ഭാരവാഹികളും ഇതര തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളും ആഘോഷങ്ങളിൽ പങ്കെടുക്കും.



## കെസിവൈഎം പരിസ്ഥിതി പഠനക്യാമ്പ് നടത്തി

നെടുങ്കണ്ടം:ഹൈറേഞ്ചിന്റെ സൗന്ദര്യം ആവോളം അനുഭവിച്ച് കെ സി വൈ എം പരിസ്ഥിതി പഠന ശിബിരം 'കാൻയൻ 2024' നടന്നു. കേരളത്തിലെ മുപ്പതോളം രൂപതകളിൽ നിന്നായി 150 ഓളം പ്രവർത്തകർ പങ്കെടുത്തു.

കരുണ ആനിമേഷൻ സെന്ററിൽ അഡ്വ. ഡീൻ കുര്യാക്കോസ് എം പി ഉദ്ഘാടനം നിർവ്വഹിച്ചു. പരിസ്ഥിതി സംരക്ഷണ പ്രക്രിയയിൽ യുവജനങ്ങളുടെ കഴിവും അറിവും ഉപകാരപ്പെടുത്തണമെന്ന് അദ്ദേഹം ഓർമ്മിപ്പിച്ചു.

ക്യാമ്പിന്റെ രണ്ടാം ദിനം വിവിധ വിനോദ സഞ്ചാര കേന്ദ്രങ്ങൾ സന്ദർശിച്ച് ഇടുക്കിയുടെ പ്രകൃതിഭംഗിയും ഭൂപ്രകൃതിയും കാലാവസ്ഥയും മനസിലാക്കി.

മുൻ കെസിവൈഎം പ്രസിഡന്റും ഇപ്പോൾ എ കെ സി സി കോതമംഗലം രൂപതാ പ്രസിഡന്റുമായ സണ്ണി കടുകത്താഴെ പ്രകൃതിയും മനഷ്യനും എന്ന വിഷയത്തിലും എകെസിസി ഇടുക്കി രൂപതാ പ്രസിഡന്റ് ജോർജ് കോയിക്കൽ ഇടുക്കിയുടെ ചരിത്രവഴികൾ എന്ന വിഷയത്തിലും ഇടുക്കി രൂപതാ മീഡിയാ കമ്മീഷൻ ഡയറക്ടർ ഫാ. ജിൻസ് കാരയ്ക്കാട്ട് ഹൈറേഞ്ചും കർഷക പോരാട്ടങ്ങളും എന്ന വിഷയത്തിലും ക്ലാസുകൾ നയിച്ചു. മൂന്ന് ദിവസങ്ങൾ നീണ്ട പഠനശിബിരം ഇടുക്കിയെ എല്ലാത്തരത്തിലും മനസിലാക്കാൻ യുവജനങ്ങളെ സഹായിച്ചു.



## ജീവസംരക്ഷണ സന്ദേശയാത്രയ്ക്കു സ്വീകരണം നൽകി

കാഞ്ഞിരപ്പള്ളി: കെസിബിസി പ്രോലൈഫ് സംസ്ഥാന സമിതി നയിക്കുന്ന ജീവസംരക്ഷണ സന്ദേശയാത്രയ്ക്കു വെളിച്ചിയാനി സെന്റ് തോമസ് ഫൊറോന ദൈവാലയത്തിൽ സ്വീകരണം നൽകി. കാഞ്ഞിരപ്പള്ളി രൂപതാധ്യക്ഷൻ മാർ ജോസ് പുളിക്കൽ സമ്മേളനം ഉദ്ഘാടനം ചെയ്തു. ജീവൻ ദൈവത്തിന്റെ ദാനമാണെന്നും അമ്മയുടെ ഉദരത്തിൽ ഉത്ഭവിക്കുന്ന ആദ്യ നിമിഷം തന്നെ ഒരു മനുഷ്യശിശു രൂപപ്പെടുന്നതാണെന്നും ആ ജീവനെ നശിപ്പിക്കുവാൻ ആർക്കും അവകാശമില്ലെന്നും മാർ ജോസ് പുളിക്കൽ ഓർമ്മിപ്പിച്ചു. അബോർഷൻ, ദയാവധം, ആത്മഹത്യ ഇത്തരത്തിലുള്ള ഏതു പ്രവൃത്തിയും ജീവനെ നശിപ്പിക്കുന്നതാണ്. ജീവന്റെ സംരക്ഷകരായി തീരുക എന്നത് ഏവരുടെയും കടമയാണ്. ഈ യാത്ര കടന്നു പോകേണ്ടതല്ല മറിച്ച് നമ്മുടെ ഓരോരുത്തരുടെയും ഹൃദയത്തിൽ ആഴ്ന്നിറങ്ങേണ്ട സന്ദേശയാത്രയാണെന്നും അദ്ദേഹം പറഞ്ഞു.

കാഞ്ഞിരപ്പള്ളി രൂപത ഫാമിലി അപ്പോസ്റ്റലേറ്റ് ഡയറക്ടർ ഫാ. മാത്യു ഓലിക്കൽ, കെസിബിസി പ്രോ ലൈഫ് ജനറൽ സെക്രട്ടറി ജെയിംസ് ആഴ്ച്ചങ്ങാടൻ, ഫാ. ഇമ്മാനുവൽ മടുക്കക്കുഴി, ജോസുകുട്ടി മേച്ചേരിതകിടിയേൽ, അഡ്വ.വി.സി. സെബാസ്റ്റ്യൻ, സാജു ജോസഫ് കൊച്ചുവീട്ടിൽ, ജോളി പുതിയാപറമ്പിൽ, സാബു ജോസ് എന്നിവർ പ്രസംഗിച്ചു. ജോയിസ് മുക്കുടം ജീവവിസ്മയമാജിക് അവതരിപ്പിച്ചു. ഫാമിലി അപ്പോസ്റ്റലേറ്റ് അനിമേറ്റർ സിസ്റ്റർ ജ്യോതി മരിയ സി. എസ്. എൻ., മാതൃവേദി, പിതൃവേദി അംഗങ്ങൾ എന്നിവർ പരിപാടിക്ക് നേതൃത്വം നൽകി.

## കത്തോലിക്ക കോൺഗ്രസ് സമുദായ നേതൃസംഗമം

തിരുവമ്പാടി: കത്തോലിക്ക കോൺഗ്രസ് താമരശ്ശേരി രൂപത ഏകദിന സമുദായ നേതൃസംഗമം 'ചോസൻ 24' തിരുവമ്പാടി പാരിഷ് ഹോൾ ഓഡിറ്റോറിയത്തിൽ കത്തോലിക്കാ കോൺഗ്രസ് ബിഷപ്പ് ലെഗേറ്റ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ ഉദ്ഘാടനം ചെയ്തു.

കത്തോലിക്കാ കോൺഗ്രസ് സാമുദായിക പ്രശ്നങ്ങളിൽ ഇടപെടണമെന്നും പ്രതിസന്ധികളെ അധികാരികളുടെ മുമ്പിൽ എത്തിക്കണമെന്നും സഭയെയും സമുദായത്തെയും തകർക്കാനുള്ള ഛിദ്രശക്തികളെ പരാജയപ്പെടുത്താൻ കൂട്ടായ പരിശ്രമം വേണമെന്നും അദ്ദേഹം ഓർമിപ്പിച്ചു.

പാറോപ്പടി, താമരശ്ശേരി, കോടഞ്ചേരി, തിരുവമ്പാടി, തോട്ടുമുക്കം എന്നീ ഫൊറോനകളിൽ നിന്നും ശാഖ ഫൊറോന നേതാക്കൾ പങ്കെടുത്തു.

ഡോ. ചാക്കോ കാളംപറമ്പിൽ ,ഗ്ലോബൽ ഡയറക്ടർ ഫാ. ഫിലിപ്പ് കവിയിൽ രൂപതാ ഡയറക്ടർ ഫാ. മാത്യു തൂമുള്ളിൽ, ഫാ. സായി പാറൻകുളങ്ങര, ഗ്ലോബൽ സമിതി വൈസ് പ്രസിഡന്റ് ട്രീസ ലിസ് സെബാസ്റ്റ്യൻ എന്നിവർ പ്രസംഗിച്ചു.



കത്തോലിക്കാ കോൺഗ്രസ് മുൻ പ്രസിഡന്റ് ബേബി പെരുമാലി ചരമവാർഷിക അനുസ്മരണം നടത്തി. സമൂഹത്തിൽ ആതുരസേവന രംഗത്ത് പതിറ്റാണ്ടുകളായി സേവനം അനുഷ്ഠിച്ചുവരുന്ന ഡോക്ടർ ഒ. യു. ആഗസ്തി, ഡോക്ടർ പി. എം. മത്തായി, കാലിക്കറ്റ് യൂണിവേഴ്സിറ്റി സെനറ്റ് മെമ്പറായി തിരഞ്ഞെടുക്കപ്പെട്ട ഫാ. സജി മങ്ങരയിൽ, വിവിധ

വിഷയങ്ങളിൽ ഡോക്ടറേറ്റ് നേടിയ ഡോ. ഷൈജു അതിരമ്പുഴ, ഡോ. ആനി സ്റ്റെഫി, ഡോ. അലോഷ് ജയിംസ്, ഡോ. ആൻ ട്രീസ ജോസി, ഡോ. ജ്യോതി എം ജോയ്, ഡോ. സിബിൻ സെബാസ്റ്റ്യൻ, ഡോ. സിജു എബ്രഹാം എന്നിവരെ ആദരിച്ചു. 2024- 25 വർഷത്തേക്കുള്ള കത്തോലിക്കാകോൺഗ്രസ് പ്രവർത്തന മാർഗരേഖ മാർ. റെമീജിയോസ് ഇഞ്ചനാനിയിൽ പ്രകാശനം ചെയ്തു. ഫാ. സബിൻ തൂമുള്ളിൽ തയ്യാറാക്കിയ എയ്ഡർ ഫൗണ്ടേഷന്റെ സാമൂഹിക ക്ഷേമപദ്ധതികൾ വിശദീകരിക്കുന്ന കൈപ്പുസ്തക പ്രകാശനം ബിഷപ്പ് നിർവഹിച്ചു.

ഷാജി കണ്ടത്തിൽ, ജോസഫ് പുലക്കുടിയിൽ, ജോസഫ് മൂത്തേടത്ത്, ജസ്റ്റിൻ തറപ്പേൽ, ഷില്ലി സെബാസ്റ്റ്യൻ, പ്രിൻസ് തിനംപറമ്പിൽ, അനീഷ് വടക്കേൽ, രാജൻ ചെമ്പകത്തിൽ എന്നിവർ നേതൃത്വം നൽകി.

# കുടുംബങ്ങളുടെ ശാക്തീകരണം വിശ്വാസ കൈമാറ്റത്തിന് അനിവാര്യം: മാർ റാഫേൽ തട്ടിൽ




കുടുംബങ്ങളുടെ ശാക്തീകരണം വിശ്വാസകൈമാറ്റത്തിന് അനിവാര്യമാണെന്ന് സീറോമലബാർസഭാ മേജർആർച്ചുബിഷപ്പ് മാർ റാഫേൽ തട്ടിൽ. ക്രിസ്തുശിഷ്യനും ഭാരതത്തിന്റെ അപ്പസ്തോലനുമായ മാർതോമാശ്ലീഹായുടെ ദുക്റാന തിരുനാളിനോടും സഭാദിനത്തോടും അനുബന്ധിച്ച് സീറോമലബാർ സഭയുടെ കേന്ദ്രകാര്യാലയമായ മൗണ്ട് സെന്റ് തോമസിൽ നടന്ന പൊതുസമ്മേളനം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.

'അവനോടൊപ്പം മരിക്കാൻ നമുക്കും പോകാം' എന്നു സഹശിഷ്യന്മാരോടു പറഞ്ഞ തോമാശ്ലീഹായുടെ ജീവിതമാതൃക പ്രയാസഘട്ടങ്ങളിൽ പരാജയഭീതിയോടെ പിന്മാറുന്നതിനു പകരം ധീരതയോടെ അവയെ നേരിടാൻ നമ്മെ സഹായിക്കുന്നതാണെന്നും മുറിവുകളുണക്കി സാക്ഷ്യം നൽകിക്കൊണ്ട് വിശ്വാസസ്ഥിരതയോടെ സഭയോടൊപ്പം ഒന്നിച്ചു മുന്നേറാമെന്നും അദ്ദേഹം പറഞ്ഞു.

മാർ റാഫേൽ തട്ടിൽ സഭാകാര്യാലയത്തിൽ പതാക ഉയർത്തിയതോടെ ആഘോഷപരിപാടികൾക്ക് തുടക്കമായി. ആഘോഷമായ റാസാ കുർബാനയിൽ മേജർആർച്ചുബിഷപ്പ് കാർമികത്വം വഹിച്ചു. താമരശ്ശേരി രൂപതാധ്യക്ഷൻ മാർ റെമിജിയോസ് ഇഞ്ചനാനിയിൽ വചനസന്ദേശം നൽകി.

എറണാകുളം അങ്കമാലി അതിരൂപതാ അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ മാർ ബോസ്കോ പുത്തൂർ, കൂരിയ ബിഷപ്പ് മാർ സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ, തൃശൂർ അതിരൂപതാ സഹായമെത്രാൻ മാർ ടോണി നീലങ്കാവിൽ എന്നിവർ സഹകാർമികരായിരുന്നു. സമർപ്പിതസമൂഹങ്ങളുടെ മേജർ സുപ്പീരിയേഴ്സും രൂപതകളുടെ വികാരി ജനറൽമാരും സെമിനാരികളുടെ റെക്ടർമാരും രൂപതകളെയും സമർപ്പിതസമൂഹങ്ങളെയും പ്രതിനിധീകരിച്ചു വൈദികരും സമർപ്പിതരും അല്മായരും വിശുദ്ധ കുർബാനയിൽ പങ്കെടുത്തു.

പൊതുസമ്മേളനത്തിന് മുന്നോടിയായി സീറോമലബാർസഭയുടെ ചരിത്രമവതരിപ്പിക്കുന്ന ഡോക്കുമെന്ററി പ്രദർശിപ്പിച്ചു. പ്രൊഫ. ഡോ. തോമസ് മണ്ണൂരാൻപറമ്പിൽ ഏർപ്പെടുത്തിയിട്ടുള്ള 'പൗരസ്ത്യരത്നം' അവാർഡ് ആരാധനക്രമ വിഷയത്തിൽ മികച്ച സംഭാവനകൾ നൽകിയ റവ. പ്രൊഫ. ഡോ.വർഗീസ് പാത്തികുളങ്ങര സി.എം.ഐ.ക്ക് സമ്മാനിച്ചു.

കൂരിയബിഷപ്പ് മാർ സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ, മേജർ ആർക്കിഎപ്പിസ്ക്കോപ്പൽ കൂരിയ ചാൻസലർ ഫാ.എബ്രഹാം കാവിൽപുരയിടത്തിൽ, സി. എൽസി വടക്കേമുറി എംഎസ്എംഐ, അഡ്വ. ബിജു പറയനിലം, ആൻസി മാത്യു ചേന്നോത്ത് എന്നിവർ പ്രസംഗിച്ചു. കലാപരിപാടികളും സ്നേഹവിരുന്നും നടന്നു.




## പ്രകാശനം ചെയ്തു

സീറോമലബാർസഭയുടെ ഗവേഷണ പഠനകേന്ദ്രമായ ലിറ്റർജിക്കൽ റിസേർച്ച് സെന്ററിന്റെ (LRC) നേതൃത്വത്തിൽ നടന്ന ചരിത്രഗവേഷണ പഠനഫലമായി രൂപംകൊണ്ട 'Apostolate of St. Thomas in India' എന്ന ഗ്രന്ഥം സീറോമലബാർസഭ മേജർആർച്ചുബിഷപ്പ് മാർ റാഫേൽ തട്ടിൽ പ്രകാശനം ചെയ്തു. കാഞ്ഞിരപ്പള്ളി രൂപതാധ്യക്ഷൻ മാർ ജോസ് പുളിക്കൽ കൃതി ഏറ്റുവാങ്ങി. തോമാശ്ലീഹായുടെ ഭാരതപ്രേഷിത പ്രവർത്തനത്തിന്റെ ചരിത്രതെളിവുകളിലേക്ക് വെളിച്ചം വീശുന്നതാണ് പുസ്തകത്തിന്റെ ഉള്ളടക്കം. പ്രൊഫസർ ഫാ. പയസ് മലേക്കണ്ടത്തിൽ ആണ് ചീഫ് എഡിറ്റർ. പതിനാല് അധ്യായങ്ങളുള്ള ഈ ചരിത്ര ഗ്രന്ഥം Primus Publishers, Delhi ആണ് പ്രസിദ്ധീകരിച്ചിരിക്കുന്നത്. കാക്കനാട് ലിറ്റർജിക്കൽ റിസേർച്ച് സെന്ററിൽ കോപ്പികൾ ലഭ്യമാണ്.

## ഖത്തർ സെന്റ് തോമസ് ഇടവകയുടെ സുവർണജൂബിലി ആഘോഷങ്ങൾ മേജർആർച്ചുബിഷപ്പ് ഉദ്ഘാടനം ചെയ്തു

ഖത്തർ സെന്റ് തോമസ് ഇടവകയുടെ സുവർണജൂബിലി ആഘോഷങ്ങൾ സീറോമലബാർസഭാ മേജർആർച്ചുബിഷപ്പ് മാർ റാഫേൽ തട്ടിൽ ഉദ്ഘാടനം ചെയ്തു. സീറോമലബാർസഭയ്ക്ക് ഗൾഫ് മേഖലയിൽ സ്വതന്ത്ര രൂപത എന്ന ദീർഘകാലസ്വപ്നം വൈകാതെ പൂവണിയുമെന്ന് പ്രത്യാശിക്കുന്നതായി അദ്ദേഹം പറഞ്ഞു. ഗൾഫ് മേഖലയിലെ വിശ്വാസികളുടെ കാര്യം നേരിട്ട് നോക്കണമെന്ന് റോം സന്ദർശന വേളയിൽ മാർപാപ്പ ആവശ്യപ്പെട്ട സാഹചര്യത്തിൽ ആഗസ്റ്റിൽ നടക്കുന്ന സിനഡിന് ശേഷം ആവശ്യമായ നടപടിക്രമങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കാനാകുമെന്നു അദ്ദേഹം പ്രത്യാശ പ്രകടിപ്പിച്ചു.



പൊതുസമ്മേളനത്തിൽ നോർത്തേൺ വികാരിയേറ്റിന്റെ വികാർ അപ്പസ്തോലിക് ബിഷപ്പ് ആൽഡോ ബെറാർഡി അധ്യക്ഷത വഹിച്ചു. ജഗദൽപൂർ രൂപതാധ്യക്ഷനും സഭയുടെ മൈഗ്രന്റ്സ് കമ്മീഷൻ അംഗവുമായ മാർ ജോസഫ് കൊല്ലംപറമ്പിൽ മുഖ്യപ്രഭാഷണം നടത്തി. ഇടവകവികാരി ഫാ. നിർമൽ വേഴാപറമ്പിലിന്റെയും അസി. വികാരി ഫാ. ബിജു മാധവത്തിന്റെയും ആശംസകൾ ജുബിലി ആഘോഷ കമ്മിറ്റി ചെയർമാൻ ജൂട്ടസ് പോൾ യോഗത്തിൽ അറിയിച്ചു.

ജൂബിലി സംഗമം സഭാ ആസ്ഥാനമായ മൗണ്ട് സെന്റ് തോമസിൽ കർദിനാൾ മാർ ജോർജ് ആലഞ്ചേരിയുടെ മുഖ്യ കാർമ്മികത്വത്തിൽ വി. കുർബാനയോടെ ആരംഭിച്ചു. സീറോ മലബാർ സഭയുടെ മിഷനറി സ്വഭാവം എന്ന വിഷയത്തിൽ ഡോ.കൊച്ചുറാണി ജോസഫ് സെമിനാർ നയിച്ചു. ഫാ. ജോസ് തച്ചുകുന്നേൽ, ഫാ. ജേക്കബ് പനംതോട്ടം, ഫാ. ജോയ് ചേറാടി, ഫാ. ജോൺ വാഴപ്പനാടി, ഡോ. മോഹൻ തോമസ്, ഡേവിസ് എടുകുളത്തൂർ, ജോയ് ആന്റണി, റോയി ജോർജ്, ജൂട്ടസ് പോൾ, ഷെവ. സിബി വാണിയപ്പുരക്കൽ, ജീസ് ജോസഫ് എന്നിവർ പ്രസംഗിച്ചു. ഖത്തറിൽ സേവനം ചെയ്ത് തിരികെവന്ന അറുപതിൽ പരം മുൻകാല പ്രവർത്തകരെ പുരസ്കാരം നൽകി മേജർ ആർച്ചുബിഷപ്പ് അനുമോദിച്ചു.

## ജീവസംരക്ഷണ സന്ദേശയാത്ര കാലഘട്ടത്തിന്റെ ആവശ്യം: മാർ റാഫേൽ തട്ടിൽ

ജനിക്കാനും ജീവിക്കാനുമുള്ള അവകാശം ഉറപ്പുവരുത്തണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള കെസിബിസി പ്രോലൈഫ് സംസ്ഥാനസമിതിയുടെ ജീവസംരക്ഷണ സന്ദേശയാത്ര കാലഘട്ടത്തിന്റെ ആവശ്യമാണെന്ന് സീറോമലബാർസഭ മേജർ ആർച്ചുബിഷപ്പ് മാർ റാഫേൽ തട്ടിൽ. മാർച്ച് ഫോർ കേരള ജീവസംരക്ഷണ സന്ദേശയാത്രക്ക് മൗണ്ട് സെന്റ് തോമസിൽ നൽകിയ സ്വീകരണ സമ്മേളനം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.

എന്റെ മാതാപിതാക്കൾ ഇപ്പോഴത്തെ മാതാപിതാക്കളുടെ മനോഭാവപ്രകാരം രണ്ട് കുട്ടികൾ മതിയെന്ന് തീരുമാനിച്ചിരുന്നുവെങ്കിൽ, പത്താമത്തെ കുഞ്ഞായി ജനിക്കുവാൻ എനിക്ക് അവസരം ലഭിക്കുകയില്ലായിരുന്നുവെന്നു മേജർആർച്ചുബിഷപ്പ് പറഞ്ഞു. കെസിബിസി പ്രോ ലൈഫ് സമിതിയുടെ സംസ്ഥാന ജനറൽ സെക്രട്ടറിയും യാത്രയുടെ ജനറൽ ക്യാപ്റ്റനുമായ ജെയിംസ് ആഴ്ചങ്ങാടനും സീറോമലബാർ സഭയുടെ പ്രോലൈഫ് അപ്പസ്തോലേറ്റിന്റെ എക്സിക്യൂട്ടീവ് സെക്രട്ടറിയും കെസിബിസി പ്രോലൈഫ് സമിതിയുടെ ആനിമേറ്ററുമായ സാബു ജോസ് ജനറൽ കോ ഓർഡിനേറ്ററുമായ സമിതിയാണ് യാത്രക്ക് നേതൃത്വം നൽകുന്നത്.

കർദിനാൾ മാർ ജോർജ് ആലഞ്ചേരി, കൂരിയ ബിഷപ്പ് മാർ സെബാസ്റ്റ്യൻ വാണിയപുരയ്ക്കൽ, കെസിബിസി പ്രോലൈഫ് സമിതിയുടെ സംസ്ഥാനപ്രസിഡന്റ് ജോൺസൻ സി എബ്രഹാം, സെക്രട്ടറി ജെസ്‌ലിൻ ജോ, ആനിമേറ്റർ സിസ്റ്റർ മേരി ജോർജ്, വൈസ് ക്യാപ്റ്റൻ മാർട്ടിൻ ന്യൂനസ്, കൂരിയ അംഗങ്ങൾ, വിവിധ കമ്മീഷൻ സെക്രട്ടറിമാർ, ഓഫീസ് ജീവനക്കാർ എന്നിവർ പങ്കെടുത്തു.

ജോയ്സ് മുക്കുടം ജീവവിസ്മയ മാജിക്ക് അവതരിപ്പിച്ചു. ഓഗസ്റ്റ് 10 ന് തൃശ്ശൂരിൽ ദേശീയ തലത്തിലുള്ള പ്രോ ലൈഫ് മഹാറാലിയും സമ്മേളനവും നടക്കും. ജീവനും ജീവിതവും സംരക്ഷിക്കപ്പെടണം എന്നതാണ് മാർച്ച് ഫോർ ലൈഫിന്റെ മുഖ്യ സന്ദേശം.

## വിശ്വാസപരിശീലകരുടെ ഓൺലൈൻ വെബിനാർ

വിശ്വാസപരിശീലകരുടെ നിഖ്യാ വിശ്വാസപ്രമാണ ഓൺലൈൻ വെബിനാർ മേജർആർച്ചുബിഷപ്പ് മാർ റാഫേൽ തട്ടിൽ ഉദ്ഘാടനം ചെയ്തു. വിശ്വാസം ആകർഷകമായി അവതരിപ്പിക്കേണ്ടതിന്റെ ആവശ്യകത, വിശ്വാസഅറിവിൽ വളരേണ്ടതിന്റെ പ്രാധാന്യം, നിഖ്യാ-കോൺസ്റ്റാന്റിനോപ്പിൾ വിശ്വാസപ്രമാണത്തിൽ നമ്മുടെ സഭയുടെ എന്നതിനെക്കാൾ കൂടുതൽ എക്യുമെനിക്കൽ തലങ്ങളിൽ പ്രാധാന്യമുണ്ട് എന്ന് അദ്ദേഹം പറഞ്ഞു. വിശ്വാസ പരിശീലന കമ്മീഷൻ ചെയർമാൻ മാർ ജോസ് പുളിക്കൽ അധ്യക്ഷത വഹിച്ചു. വിശ്വാസം കാര്യക്ഷമമായി പകർന്നുകൊടുക്കാൻ അവ ആഴത്തിൽ പഠിക്കണമെന്ന് അദ്ദേഹം പറഞ്ഞു.

കമ്മീഷൻ അംഗങ്ങളായ മാർ ലോറൻസ് മുക്കുഴി, മാർ ജോസഫ് അരുമച്ചാടത്ത്, ഫാ. തോമസ് മേൽവെട്ടത്ത്. സി. ജിൻസി ചാക്കോ എം.എസ്.എം.ഐ എന്നിവർ പ്രസംഗിച്ചു. മാർ ജോസ് പുളിക്കൽ, റവ. ഡോ.സെബാസ്റ്റ്യൻ ചാലയ്ക്കൽ, റവ. ഡോ. ആന്റണി തറേക്കടവിൽ, റവ. ഡോ.ജേക്കബ് കിഴക്കേവീട്, റവ. ഡോ.ജെയിംസ് പുലിയുറുമ്പിൽ, റവ. ഡോ. തോമസ് തടത്തിൽപുത്തൻവീട്ടിൽ, റവ. ഡോ. അലക്സ് കൊല്ലംകുളം, റവ. ഡോ.തോമസ് മേൽവെട്ടത്ത്, റവ. ഡോ. ഫ്രാൻസിസ് എലുവത്തിങ്കൽ, റവ. ഡോ. അരുൺ കലമറ്റത്തിൽ എന്നിവർ ക്ലാസ്സുകൾ നയിച്ചു. ആർച്ചുബിഷപ്പ് മാർ ജോസഫ് പാംപ്ലാനി, മാർ തോമസ് ഇലവനാൽ, മാർ പീറ്റർ കൊച്ചുപുരയ്ക്കൽ, മാർ ടോണി നീലങ്കാവിൽ, മാർ തോമസ് തറയിൽ, മാർ സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ തുടങ്ങിയവർ ആശംസ അർപ്പിച്ചു. ക്ലാസുകൾ യൂട്യൂബിൽ (The synodal commission for catechesis) ലഭ്യമാണ്.

# ദൈവം കാണുന്ന കുടുംബം

ഫാമിലി കോർണർ



ദൈവം മനുഷ്യനുവേണ്ടി കണ്ട ഏറ്റവും നല്ല സ്വപ്നമായിരുന്നു കുടുംബം. ആ സ്വപ്നത്തിന്റെ നിറവിലാണ് ദൈവം കുടുംബസ്ഥാപനം നടത്തിയത്. ദൈവം സ്ഥാപിച്ചതുകൊണ്ടാണ് കുടുംബത്തിന്റെ പ്രസക്തി നഷ്ടപ്പെടാത്തത്. ദൈവത്തിന്റെ ആശീർവദിച്ച കരം ഓരോ കുടുംബത്തിനും മീതെ നില്ക്കുന്നതുകൊണ്ടാണ് പരിക്കുകളോടെയാണെങ്കിലും നമ്മുടെ കുടുംബങ്ങൾ മുന്നോട്ടുപോകുന്നത്.

ദൈവത്തിന്റെ പദ്ധതികളെ തകർക്കുക എന്ന ഒറ്റലക്ഷ്യമേ എന്നും സാത്താനുണ്ടായിരുന്നുള്ളൂ. അതുകൊണ്ടാണ് കുടുംബത്തിന് നേരെ അവൻ പതിയിരുന്നാക്രമണം നടത്തുന്നത്. എന്നിട്ടും തകർക്കാൻ കഴിയാത്ത വിശ്വാസം പോലെ കുടുംബങ്ങൾ ഇന്നും നിലനിന്നുപോരുന്നു. മനുഷ്യൻ അവന്റെ ബുദ്ധികൊണ്ടും കരുത്തിലും കഴിവിലും ആശ്രയിച്ചുകൊണ്ടും തുടങ്ങിവച്ച പദ്ധതികൾ ഒരു നിശ്ചിതകാലത്തിന് ശേഷം നാമാവശേഷമായിപ്പോകുന്നത് കണ്ടിട്ടില്ലേ.. ഏതൊരു പ്രസ്ഥാനത്തിനും നിശ്ചിതകാലയളവ് മാത്രമേ ആയുസുണ്ടാകാറുള്ളൂ. ഒന്നുമില്ലായ്മയിൽ നിന്നു തുടങ്ങി ഏതെങ്കിലുമൊരാളുടെ കഠിനാധ്വാനത്തിലൂടെയും പരിശ്രമത്തിലൂടെയും സമ്പന്നതയിലേക്ക് ഉയർന്നിട്ടും അയാളുടെ കാലശേഷം പില്ക്കാലതലമുറ വീണ്ടും ഒന്നുമില്ലായ്മയിലേക്കു തന്നെ മടങ്ങുന്നതായ സംഭവങ്ങളും കാണാറുണ്ട്.

പക്ഷേ അവിടെയെല്ലാം കുടുംബം എന്ന പ്രസ്ഥാനം ഒരു വിസ്മയമാകുന്നു. മനുഷ്യർ ഒരുമിച്ചുതുടങ്ങിയ കുടുംബജീവിതം ചിലപ്പോൾ പരിമിതകാലത്തേക്കു മാത്രമായിരിക്കാം. എന്നാൽ ദൈവം തുടങ്ങിവച്ച കുടുംബം എന്ന സമ്പ്രദായം പ്രപഞ്ചാരംഭം മുതൽ ഇന്നുവരെ നിലനില്ക്കുന്നുണ്ട്. നാളെയും അതിന് നിലനില്പ്പുണ്ട്. അതിന്റെ എല്ലാ ബലഹീനതകളോടുംകൂടി തന്നെ. വിവാഹത്തിലൂടെ ഒന്നാകുന്ന ദമ്പതികൾക്കു കുറവുകളുണ്ടാവാം. പക്ഷേ അവരെ ഒരുമിച്ചുചേർത്ത ദൈവത്തിന് കുറവില്ല. അതുകൊണ്ടാണ് ദാമ്പത്യജീവിതത്തിൽ, ദമ്പതികൾ ഒരുമിച്ചുള്ള ഉടമ്പടിയിൽ ദൈവഹിതം തേടേണ്ടത്. ദൈവകൃപ യാചിക്കേണ്ടത്. ദൈവത്തോടൊത്തായിരിക്കാനുള്ള മറ്റൊരു വഴിയുടെ പേരുതന്നെയാണ് കുടുംബജീവിതം. കാരണം എല്ലാറ്റിന്റെയും അടിസ്ഥാനം കുടുംബമാണ്. നല്ല ദൈവവിളികൾ ഉണ്ടാകുന്നത്, സന്യസ്തരുണ്ടാകുന്നത്, നല്ലഅല്മായരുണ്ടാകുന്നത്,ധാർമ്മികബോധം രൂപപ്പെടുന്നത് എല്ലാം കുടുംബത്തിൽ നിന്നാണ്. അടിസ്ഥാനം ദുർബലമായാൽ, അല്ലെങ്കിൽ ചേരേണ്ടവിധത്തിലുള്ള ചേരുവകൾ ഇല്ലാതെ പോയാൽ അതെല്ലാവിധത്തിലും പാളിച്ചകൾ സൃഷ്ടിക്കും.

ഓരോ ദമ്പതികളും ഒരു ദിനാന്ത്യത്തിൽ സ്വയം ആത്മവിശകലനം നടത്തേണ്ടതുണ്ട്. ഇന്ന് ദൈവം ആഗ്രഹിക്കുന്ന വിധത്തിലുള്ള ഒരു ഭാര്യയായി പെരുമാറാൻ എനിക്കു സാധിച്ചിട്ടുണ്ടോ? ദൈവത്തിന്റെ വിചാരമനുസരിച്ച് പ്രവർത്തിക്കാൻ കഴിഞ്ഞ ഒരു ഭർത്താവായിരുന്നോ ഞാൻ..ദൈവത്തിന്റെ സ്വപ്നമനുസരിച്ചു പ്രവർത്തിക്കാനും ജീവിക്കാനും കടപ്പെട്ടിരിക്കുന്നവരാണ് ദമ്പതികൾ. പക്ഷേ അങ്ങനെ ജീവിക്കുക എന്നത് ഒരിക്കലും അത്ര എളുപ്പമുള്ള കാര്യമല്ല. പിതാവേ ഇവർ ചെയ്യുന്നത് എന്തെന്ന് ഇവരറിയുന്നില്ല.ഇവരോട് ക്ഷമിക്കണമേ എന്ന് ക്രിസ്തു കുരിശിൽകിടന്നു പ്രാർഥിക്കുന്നുണ്ടല്ലോ. അത്തരമൊരു പ്രാർഥന ഓരോ ദിവസവും ദമ്പതികൾ തങ്ങളുടെ ഇണയ്ക്കുവേണ്ടി പ്രാർഥിക്കേണ്ടതുണ്ട്. കാരണം അത്തരമൊരു ചിന്തയും വിചാരവും ഇല്ലെങ്കിൽ കുടുംബജീവിതം എന്ന കാൽവരിയാത്ര സമാധാനപൂർവ്വം പിന്നിടുക സാധ്യമല്ലാതെ വരും. ദൈവം കാണുന്നുണ്ടെന്ന വിചാരത്തോടെ കുടുംബജീവിതം നയിക്കാൻ കഴിഞ്ഞാൽ അതിൽപ്പരം നല്ലൊരു കുടുംബം വേറെയുണ്ടാവുമോ?

# സീറോമലബാർസഭയും മേജർആർക്കിഎപ്പിസ്ക്കോപ്പൽ അസംബ്ലിയും

1-ാം പേജ് തുടർച്ച

നേരിടുന്ന വെല്ലുവിളികളും പരിഹാരമാർഗങ്ങളും വിദ്യാഭ്യാസത്തിലെ മാറിക്കൊണ്ടിരിക്കുന്ന സാഹചര്യങ്ങളും സമീപനങ്ങളും ചർച്ചചെയ്തു. 2010 ൽ ' വിശ്വാസം ജീവന്റെ ശുശ്രൂഷയ്ക്ക്' എന്ന വിഷയമാണ് പഠനവിധേയമാക്കിയത്. 'ഇന്നത്തെ വെല്ലുവിളികളോടുള്ള സഭയുടെ പ്രതികരണം;ജീവിതത്തിലെ ലാളിത്യവും കുടുംബത്തിലെ സാക്ഷ്യവും പ്രവാസികളുടെ പ്രേഷിതത്വവും' എന്ന വിഷയമാണ് 2016ൽ പഠനവിഷയമാക്കിയത്.

അഞ്ചാമത് മേജർആർക്കിഎപ്പിസ്ക്കോപ്പൽ അസംബ്ലി 2024 ആഗസ്റ്റ് 22 മുതൽ 25 വരെയുള്ള ദിവസങ്ങളിൽ പാലാരൂപതയിലെ Alphonsian Pastoral Institute ൽ വച്ച് നടത്തപ്പെടുകയാണ്. മെത്രാൻ സിനഡ് തിരഞ്ഞെടുത്ത അഞ്ച് അംഗ മെത്രാൻ കമ്മറ്റിയാണ് ഈ അസംബ്ലിക്ക് നേതൃത്വം നല്കുന്നത്. ഇരിങ്ങാലക്കുട രൂപതയുടെ മെത്രാൻ മാർ പോളി കണ്ണൂക്കാടൻ പിതാവാണ് ജനറൽ കൺവീനർ. മാർ സെബാസ്റ്റ്യൻ എടയന്ത്രത്ത്, മാർ ജോർജ് രാജേന്ദ്രൻ, മാർ പ്രിൻസ് പാണേങ്ങാടൻ, മാർ തോമസ് തറയിൽ എന്നിവരാണ് കമ്മറ്റിയിലെ മറ്റ് അംഗങ്ങൾ. റവ ഡോ.ജോജി കല്ലിങ്ങലാണ് സെക്രട്ടറി. കൂടാതെ അസംബ്ലിയുടെ നടത്തിപ്പിനായി പതിനാറോളം വിവിധ കമ്മറ്റികളും പ്രവർത്തിച്ചുവരുന്നു.

'കാലാനുസൃതമായ സഭാജീവിതവും ദൗത്യവും സീറോമലബാർ സഭയിൽ' എന്നതാണ് പഠനവിഷയം. ഇതിൽ മൂന്നു പ്രധാന പ്രമേയങ്ങൾ ഉൾപ്പെട്ടിരിക്കുന്നു.

1. സീറോമലബാർസഭയിലെ വിശ്വാസപരിശീലന രൂപീകരണം
2. സുവിശേഷപ്രഘോഷണത്തിൽ അല്മായരുടെ സജീവ പങ്കാളിത്തം
3. സീറോമലബാർ സമുദായ ശക്തീകരണം

ഈ വിഷയങ്ങൾ ഉൾക്കൊള്ളുന്ന പഠനരേഖ 2023 ജൂലൈയിൽ പുറത്തിറക്കിയിരുന്നു. ഇന്ത്യക്ക് അകത്തും പുറത്തുമുള്ള എല്ലാ രൂപതകളിലും സന്യാസസമൂഹങ്ങളിലും വിവിധതലങ്ങളിലായി നടന്ന പഠനത്തിന്റെയും ചർച്ചകളുടെയും റിപ്പോർട്ടുകൾ കോഡ്രീകരിച്ചു Instrumentis Labor (പ്രവർത്തനരേഖ) തയ്യാറായിക്കഴിഞ്ഞു. ഇതിന്റെ അടിസ്ഥാനത്തിലാണ് അസംബ്ലിയിൽ പ്രബന്ധാവതരണവും ചർച്ചകളും നടക്കുന്നത്.

പരിശുദ്ധാത്മാവിനാൽ നയിക്കപ്പെടുന്ന സഭ കാലാനുസൃതമായി നവീകരിക്കപ്പെടുന്നത് സഭയുടെ വളർച്ചയുടെ അടയാളമാണ്. പരിശുദ്ധാത്മാവ് എങ്ങോട്ടാണ് സഭയെ നയിക്കുന്നതെന്ന് വിവേചിച്ചറിയാൻ സഭ എല്ലാകാലത്തും പരിശ്രമിച്ചിട്ടുണ്ട്, രണ്ടാം വത്തിക്കാൻ കൗൺസിൽ പഠിപ്പിക്കുന്നതുപോലെ ''സഭ ഈ ലോകത്തിലായിരിക്കുമ്പോൾ ക്രിസ്തു അതിനെ നിരന്തരമായ നവീകരണത്തിലേക്ക് ആഹ്വാനം ചെയ്യുന്നു. ഈ ഭൂമിയിൽ മനുഷ്യമക്കളുടെ സ്ഥാപനമെന്ന നിലയിലായിരിക്കുമ്പോൾ സഭയ്ക്ക് എന്നും ഇത് ഒരു ആവശ്യകതയാണ്.'' (UR No 6).

ഈ മേജർആർക്കിഎപ്പിസ്ക്കോപ്പൽ അസംബ്ലിയും സഭയുടെ കാലോചിതമായ നവീകരണത്തിന് സഹായിക്കട്ടെയെന്ന് നമുക്കു ഒന്നുചേർന്നു പ്രാർഥിക്കാം.

# കത്തോലിക്ക കോൺഗ്രസിന് പുതിയ നേതൃത്വം

കൊച്ചി: കത്തോലിക്കാ കോൺഗ്രസിന് പുതിയ നേതൃത്വം. കത്തോലിക്ക കോൺഗ്രസ് ഗ്ലോബൽ സമിതി പ്രസിഡന്റായി രാജീവ് കൊച്ചുപറമ്പിൽ (പാലാ) ജനറൽ സെക്രട്ടറിയായി ഡോ. ജോസ്കുട്ടി ഒഴുകയിൽ (കോതമംഗലം), ട്രഷറർ ആയി അഡ്വ. ടോണി പഞ്ചക്കുന്നേൽ (തലശ്ശേരി) എന്നിവർ ഉൾപ്പെടെ 51 അംഗ ഭരണസമിതി തിരഞ്ഞെടുക്കപ്പെട്ടു.

രാജീവ് കൊച്ചുപറമ്പിൽ നിലവിൽ ഗ്ലോബൽ സമിതി ജനറൽ സെക്രട്ടറിയായും പാലാ രൂപത മുൻ പ്രസിഡൻറ് ജനറൽ സെക്രട്ടറിയായും പ്രവർത്തിച്ചുവരികയായിരുന്നു. രാമപുരം മാർ ആഗസ്തീനോസ് കോളേജ് അസിസ്റ്റന്റ് പ്രൊഫസർ ആയ അദ്ദേഹം പാലാ രൂപത പാസ്റ്ററൽ കൗൺസിൽ അംഗമാണ്.

ജനറൽ സെക്രട്ടറിയായി തിരഞ്ഞെടുക്കപ്പെട്ട ഡോ. ജോസ്കുട്ടി ഒഴുകയിൽ ഗ്ലോബൽ സമിതി മുൻഗ്ലോബൽ വൈസ് പ്രസിഡന്റും കോതമംഗലം രൂപതാംഗവും മൂവാറ്റുപുഴ നിർമല കോളേജ് മുൻ അസോസിയേറ്റ് പ്രൊഫസറുമാണ്. ട്രഷററായി തിരഞ്ഞെടുക്കപ്പെട്ട അഡ്വ. ടോണി പുഞ്ചക്കുന്നേൽ മുൻ ജനറൽ സെക്രട്ടറിയും തലശ്ശേരി അതിരൂപത മുൻ പ്രസിഡന്റും പയ്യന്നൂരിൽ അഭിഭാഷകനുമാണ്.







ഗ്ലോബൽ വൈസ് പ്രസിഡന്റുമാരായി പ്രൊഫ. കെ എം ഫ്രാൻസിസ് (തൃശൂർ),രാജേഷ് ജോൺ (ചങ്ങനാശ്ശേരി),ബെന്നി ആന്റണി (എറണാകുളം), ട്രീസ ലിസ് സെബാസ്റ്റ്യൻ (താമരശ്ശേരി),ജോർജ്കുട്ടി പുല്ലേപ്പള്ളിൽ (യു.എസ് .എ), വർഗീസ് തമ്പി (ആഫ്രിക്ക),

ഡേവിസ് ഇടക്കുളത്തൂർ,ജോസഫ് പാറേക്കാട്ട് (സിംഗപ്പൂർ),ബെന്നി പുളിക്കക്കര (യു എ ഇ),അഡ്വ.പി.റ്റി. ചാക്കോ(ഗുജറാത്ത്), തമ്പി എരുമേലിക്കര (കോട്ടയം),തോമസ് ആൻറണി(പാലക്കാട്), ഡോ.കെ.പിപി.സാജു (മാനന്തവാടി),ജോമി കൊച്ചുപറമ്പിൽ(കാഞ്ഞിരപ്പള്ളി),ജോബി ജോർജ് നീണ്ടുകുന്നേൽ(ഡൽഹി), ജോണിക്കുട്ടി തോമസ് (ഓസ്ട്രേലിയ),ജോളി ജോസഫ് (കാനഡ),ഡെന്നി കൈപ്പാനാനി (റിയാദ്), ബോബി തോമസ്( കുവൈറ്റ് ) എന്നിവരും ഗ്ലോബൽ സെക്രട്ടറിമാരായി പത്രോസ് വടക്കുംചേരി (ഇരിഞ്ഞാലക്കുട),

ജോർജുകുട്ടി പുന്നക്കുഴിയിൽ (ഇടുക്കി), ടോമിച്ചൻ അയ്യരുകുളങ്ങര (ചങ്ങനാശ്ശേരി),പീയൂസ് പറേടം (തലശ്ശേരി കാസർഗോഡ്),ഡെന്നി തെങ്ങുംപള്ളിൽ (പാലക്കാട്), ജേക്കബ് നിക്കോളാസ് (ചങ്ങനാശ്ശേരി തിരുവനന്തപുരം),ഫിലിപ്പ് കൊട്ടോടി (കോട്ടയം മലബാർ),അഡ്വ. ഷീജ സെബാസ്റ്റ്യൻ (തലശ്ശേരി) , ആൻസമ്മ സാബു (പാലാ ), ജോയ്സ് മേരി ആന്റണി (കോതമംഗലം),എബ്രഹാം ജോൺ (ജർമ്മനി),രഞ്ജിത് ജോസഫ് (യു എ ഇ ),സാജു പാലാട്ടി (ന്യൂസിലാൻഡ്),ലിവൻ വർഗീസ് (ഹോങ്കോങ്),റോണി ജോസ് (സൗത്ത് ആഫ്രിക്ക), ഷാജി ജേക്കബ് (നൈജീരിയ) , നവീൻ വർഗീസ് (സാംബിയ), ബിനിൽ ജോർജ് (ജപ്പാൻ), മാർട്ടിൻ മുരിങ്ങവന (മസ്കറ്റ്), ചാൾസ് ആലുക്ക(ബഹറിൻ), ഷാജു ദേവസ്സി (ദുബായ്),സഞ്ജു ജോസഫ് (സിങ്കപ്പൂർ), ടിങ്കിൾ ഫ്രാൻസീസ് (പോർച്ചുഗൽ), റോസ് ജെയിംസ് (ബാംഗ്ലൂർ), ജേക്കബ് ചക്കാത്തറ(ഹൊസൂർ),രാജീവ് തോമസ് (കല്യാൺ),ജെയ്സൺ പട്ടേരിൽ, (ബൽത്തങ്ങാടി),ജെഗി ജോസഫ്(ഷംഷാബാദ്), ലിസി കെ ഫെർണാണ്ടസ് (മീഡിയ),ഷിജി ജോൺസൺ, ചങ്ങനാശ്ശേരി (വിമൻ കോർഡിനേറ്റർ),സിജോ ഇലന്തൂർ,ഇടുക്കി (യൂത്ത് കോർഡിനേറ്റർ),അഡ്വ മനു വരാപ്പള്ളിൽ,കോട്ടയം (മീഡിയ കോർഡിനേറ്റർ) എന്നിവരും തിരഞ്ഞെടുക്കപ്പെട്ടു.

കത്തോലിക്ക കോൺഗ്രസിന്റെ 47 രാജ്യങ്ങളിലെ സമുദായ നേതാക്കളുടെ പ്രാതിനിധ്യം ഉൾപ്പെടുത്തിക്കൊണ്ടുള്ള 155 അംഗ ഗ്ലോബൽ വർക്കിംഗ് കമ്മിറ്റിയാണ് രൂപീകരിച്ചിരിക്കുന്നത്.

പുതിയ സമിതിയുടെ തിരഞ്ഞെടുപ്പിന് ഇലക്ഷൻ ബോർഡ് ചെയർമാൻ അഡ്വ ബോബി ജോർജ്, ഇലക്ഷൻ ബോർഡ് മെമ്പർമാറായ അഡ്വ ജോൺസൺ വീട്ടിയാങ്കൽ,അഡ്വ സോജൻ മൈക്കിൾ,ഡയറക്ടർ ഫാ ഫിലിപ് കവിയിൽ,പ്രസിഡൻറ് അഡ്വ ബിജു പറയന്നിലം എന്നിവർ നേതൃത്വം വഹിച്ചു.

പുതിയ ഭരണസമിതി തിരഞ്ഞെടുപ്പ് റിപ്പോർട്ട് സീറോമലബാർസഭ തലവൻ മാർ റാഫേൽ തട്ടിലിനും ബിഷപ്പ് ലെഗേറ്റ് മാർ റെമിജിയോസ് ഇഞ്ചനാനിയിലിനും ഇലക്ഷൻ ബോർഡ് സമർപ്പിച്ചു.

നിയുക്ത ഭാരവാഹികളുടെയും കേന്ദ്ര വർക്കിംഗ് കമ്മറ്റിഅംഗങ്ങളുടെയും കേന്ദ്ര പ്രതിനിധി സമിതിഅംഗങ്ങളുടെയും സത്യപ്രതിജ്ഞ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ നടന്നു.

CANON LAW

ഫാ. മാത്യു ശൗര്യാംകുഴി



# മിശ്ര വിവാഹങ്ങൾ

പൊതുസമൂഹം സാധാരണമായി മിശ്രവിവാഹം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് രണ്ടു മതത്തിൽപെട്ടവർ തമ്മിലുള്ള വിവാഹം എന്നാണ്. എന്നാൽ, കാനൻ നിയമപ്രകാരം മിശ്രവിവാഹം എന്നതുകൊണ്ട് അർഥമാക്കുന്നത് ഒരു കത്തോലിക്കാ സഭാംഗം ഒരു അകത്തോലിക്കാ വിശ്വാസിയുമായി നടത്തുന്ന വിവാഹമാണ്. ഉദാഹരണമായി, ഒരു സീറോമലബാർസഭാംഗം ഒരു ഓർത്തോഡോക്സ് അല്ലെങ്കിൽ CSI വിശ്വാസിയുമായി നടത്തുന്ന വിവാഹം. രണ്ടു മതത്തിൽപെട്ടവർ തമ്മിലുള്ള വിവാഹത്തെ (ഉദാ. ക്രിസ്ത്യൻഹിന്ദു വിവാഹം) മതവ്യത്യാസത്തിലുള്ള വിവാഹം, മതാന്തരവിവാഹം (Dispartiy of cult) എന്നൊക്കെയാണ് കാനൻ നിയമം വിളിക്കുന്നത്. CCEO 813-816, സീറോമലബാർ സഭയുടെ പ്രത്യേക നിയമം Arts. 172-184 എന്നീ നിയമങ്ങളാണ് മിശ്രവിവാഹങ്ങളുടെ കാര്യത്തിൽ ബാധകമായിട്ടുള്ളത്. സഭാധികാരികളുടെ മുൻകൂട്ടിയുള്ള പ്രത്യേക അനുവാദത്തോടെ മാത്രമേ ഈ വിവാഹങ്ങൾ നടത്താൻ പാടുള്ളൂ (c. 813).

മിശ്രവിവാഹത്തിനായി ഒരു കത്തോലിക്കവിശ്വാസി അജപാലകരെ സമീപിക്കുമ്പോൾ ഒരേ കത്തോലിക്കാ വിശ്വാസത്തിൽപെട്ടവർ തമ്മിലുള്ള വിവാഹമാണ് കുടുംബത്തിന്റെ സന്തുലിതാവസ്ഥക്കും കുട്ടികളുടെ പരിശീലനത്തിനും നല്ലത് എന്നു പറഞ്ഞു ബോധ്യപ്പെടുത്താൻ പരിശ്രമിക്കേണ്ടതാണ്. മിശ്രവിവാഹം തന്നെ വേണമെന്ന് വീണ്ടും ആവശ്യപ്പെടുകയാണെങ്കിൽ ദമ്പതികളുടെ വിശ്വാസം, വിവാഹാശീർവാദ കർമ്മം, വിവാഹശേഷമുള്ള വിശ്വാസ ജീവിതം തുടങ്ങിയവയെക്കുറിച്ച് അവരെ പറഞ്ഞു മനസിലാക്കിക്കൊണ്ട് വിവാഹ നടപടികളിലേക്ക് കടക്കാവുന്നതാണ്. കത്തോലിക്കാസഭയുടെ പഠനങ്ങളനുസരിച്ച് വിവാഹത്തിന്റെ ലക്ഷ്യങ്ങൾ ദമ്പതികളുടെ നന്മ, സന്താനോൽപാദനം, അവരുടെ പരിശീലനം എന്നിവയാണെന്നും (c. 776 §1), വിവാഹത്തിന്റെ സവിശേഷതകൾ ഏകത്വം, അവിഭാജ്യത എന്നിവയാണെന്നും ഇരുകൂട്ടരെയും പറഞ്ഞു ബോധ്യപ്പെടുത്തേണ്ടതാണ് (c. 776 §3).

കത്തോലിക്കാകക്ഷിയുടെ വികാരിയച്ചന്റെ ശിപാർശയോടുകൂടെ രൂപതാധ്യക്ഷന് രേഖാമൂലം അപേക്ഷ സമർപ്പിക്കണം. കത്തോലിക്കാസഭാംഗം തന്റെ കത്തോലിക്കാ വിശ്വാസത്തിൽ ഉറച്ചു നിൽക്കുമെന്നും വിശ്വാസത്തിൽ നിന്ന് വ്യതിചലിപ്പിക്കാവുന്ന അപകടങ്ങളെ ഒഴിവാക്കുമെന്നും മക്കളെ കത്തോലിക്കാ സഭയിൽ മാമ്മോദീസ നല്കി പരിശീലിപ്പിക്കാൻ തന്റെ ശക്തിയുക്തം വേണ്ടതെല്ലാം ചെയ്യുമെന്നുമുള്ള പ്രഖ്യാപനം ഈ അപേക്ഷയോടൊപ്പം രേഖാമൂലം നല്കണം. ഈ വാഗ്ദാനങ്ങളെക്കുറിച്ച് അകത്തോലിക്കാകക്ഷിയെ മുൻകൂട്ടി അറിയിക്കേണ്ടതാണ് (c. 814, 1°2°). ഇത് ഇടവകവികാരി ഉറപ്പുവരുത്തുകയും പ്രസ്തുത വാഗ്ദാനങ്ങളെക്കുറിച്ച് അറിവുണ്ടെന്ന് വ്യക്തമാക്കാൻ, സാധിക്കുമെങ്കിൽ അകത്തോലിക്കാകക്ഷിയുടെ ഒപ്പ് കത്തോലിക്കാ കക്ഷിയുടെ പ്രഖ്യാപനത്തിൽ സ്വീകരിക്കുകയും ചെയ്യേണ്ടതാണ്. മനസമ്മതത്തെയും വിവാഹപരസ്യത്തെയും സംബന്ധിച്ച് രൂപതാധ്യക്ഷന് ഉചിതമായ തീരുമാനം എടുക്കാവുന്നതാണ്.

മിശ്രവിവാഹം കത്തോലിക്കാ രീതിയിൽ സാധാരണമായി പരി. കുർബാനയോടുകൂടിയല്ല നടത്തുന്നത്. എങ്കിലും അകത്തോലിക്കാ പൗരസ്ത്യസഭാംഗവുമായിട്ടാണ് വിവാഹം എങ്കിൽ പരി. കുർബാന അർപ്പിക്കുവാനുള്ള അനുവാദം രൂപതാദ്ധ്യക്ഷന് നൽകാവുന്നതാണ്. വിവാഹാശീർവാദം കത്തോലിക്കാ പള്ളിയിൽ വച്ച് കത്തോലിക്കാ കാനോനിക ക്രമം പാലിച്ചുകൊണ്ടാണ് നടത്തുക. അതിഗൗരവതരമായ കാരണങ്ങൾ ഉള്ളപ്പോൾ കാനോനിക ക്രമത്തിൽ നിന്ന് ഒഴിവ്നല്കാൻ ശ്ലൈഹിക സിംഹാസനത്തിനും മേജർആർച്ചുബിഷപ്പിനും മാത്രമാണ് അധികാരമുള്ളത് (c. 835). അതിനുവേണ്ടി കത്തോലിക്കാ കക്ഷിയുടെ ഇടവകവികാരിയുടെയും വിവാഹം നടക്കുന്ന സ്ഥലത്തെ രൂപതാധ്യക്ഷന്റെയും ശിപാർശയോടുകൂടെ മേജർആർച്ചുബിഷപ്പിന് അപേക്ഷ സമർപ്പിക്കണം.

വിവാഹത്തിന്റെ കാനോനിക പരികർമ്മത്തിന് മുൻപോ ശേഷമോ വിവാഹസമ്മതം നല്കുന്നതിനോ പുതുക്കുന്നതിനോ ആയി മറ്റൊരു മതപരമായ കർമ്മവും നടത്താൻ പാടില്ല. അതുപോലെ തന്നെ കത്തോലിക്കാ പുരോഹിതനും അകത്തോലിക്കാ ശുശ്രൂഷിയും കക്ഷികളുടെ സമ്മതം വെവ്വേറെ ചോദിക്കുന്നതും നിരോധിച്ചിട്ടുണ്ട് (c. 839). കത്തോലിക്കാ പുരോഹിതൻ കാർമ്മികത്വം വഹിക്കുമ്പോൾ അകത്തോലിക്കാ പുരോഹിതനെ വചനം വായിക്കുന്നതിനോ സന്ദേശം നല്കുന്നതിനോ അനുവദിക്കാവുന്നതാണ്.

കത്തോലിക്കാ സഭയിലെയും മലങ്കര സിറിയൻ ഓർത്തഡോക്സ് (യാക്കോബായ) സഭയിലെയും അംഗങ്ങൾ തമ്മിലുള്ള വിവാഹത്തിന് ഇരുസഭകളും തമ്മിലുള്ള ധാരണപ്രകാരമുള്ള മാർഗനിർദേശങ്ങളും പാലിക്കേണ്ടതാണ്. ഇത്തരം വിവാഹങ്ങളിൽ ഇരുകക്ഷികളും സ്വന്തം മെത്രാന്മാരിൽ നിന്ന് വിവാഹത്തിനുള്ള അനുവാദം വെവ്വേറെ നേടേണ്ടതും വിവാഹപരസ്യത്തിൽ മിശ്രവിവാഹം എന്ന് പ്രത്യേകം പറയേണ്ടതുമാണ്. ഇരുസഭകളിലെയും വൈദികർ ഒരുമിച്ച് വിവാഹാശീർവാദകർമ്മം നടത്താൻ പാടില്ല. വിവാഹം നടത്തുന്ന ഇടവക വികാരിയോ അതേ സഭയിലെ വൈദികനോ ആയിരിക്കണം കാർമ്മികൻ. പക്ഷേ ഇരുസഭകളിലും പെട്ട വധൂവരന്മാർക്കും കുടുംബാംഗങ്ങൾക്കും വിവാഹാഘോഷാവസരത്തിൽ ആ പരിശുദ്ധ കുർബാനയിൽ പങ്കെടുത്ത് ദിവ്യകാരുണ്യം സ്വീകരിക്കാവുന്നതാണ്.






# GABORONE UNIVERSITY COLLEGE OF LAW AND PROFESSIONAL STUDIES

**P.O. Box 201095, Gaborone, Botswana, enquiry@guc.ac.bw, www.guc.ac.bw**

## MASTERS PROGRAMME

- Master of Science in Early Childhood Education
- Master of Science in Occupational Health & Safety
- Master of Public Health

## BACHELOR PROGRAMME

- Bachelor of Laws LLB (Hons)
- Bachelor of Education in Early Childhood Education (BED) Hons
- Bachelor of Business Administration in Occupational Health & Safety
- Bachelor of Commerce (Hons) Degree in Purchasing & Supply Chain Management
- Bachelor of Arts Degree in Public Health
- Bachelor of Commerce in Travel & Tourism
- Bachelor of Business Administration Entrepreneurship
- Bachelor of Science in Policing & Law
- Bachelor of Business Administration in Security Management (BBA - Security)
- Bachelor of Technology in Construction Engineering
- Bachelor of Art in Law & Public Administration
- Bachelor of Science in Health Promotion & Disease Prevention
- Bachelor of Commerce in Accountancy
- Bachelor of Arts in Human Development & Family Studies
- Bachelor of Business Administration in Logistics and Transport Management



**For God & Country**

**DIPLOMA PROGRAMME | CERTIFICATE PROGRAMME | SINGLE SUBJECT PROGRAMME**

**Main Campus: Lot 6398, Lejara Road, Broadhurst Industrial**
**Tel: (+267) 318 5596, Fax: (+267) 318 6018, Cell: (+267) 72469089**

Syromalabar Vision (Private circulation only), Published by Major Archiepiscopal Curia, Mount St.Thomas, PB No 3110, Kakkanad P.O, Kochi - 682030, Kerala, India
E mail: syromalabarvision@gmail.com, Printed at Don Bosco Igact, Ernakulam